**ധനകാര്യം**

## 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ശ്രീ. കെ. ദാസൻ: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തോമസ് ഐസക് ഇവിടെ അവതരിപ്പിച്ച 2020-21 വർഷത്തെ ബഡ്ജറ്റിനെ ഞാൻ ആദ്യമായി അംഗീകരിക്കുകയാണ്. ബാപ്പുജിയുടെ കൊലപാതക ചിത്രം മുഖചിത്രമാക്കിയുള്ള പുസ്തകവുമായിട്ടാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരണത്തിനായി സഭയിലെത്തിയത്. അതൊരു പ്രതീകമാണ്. വർഗ്ഗീയതയ്ക്കെതിരായും വികസന മുന്നേറ്റത്തിനായും തീർത്ത ഇടത് പ്രതിരോധത്തിന്റെ പ്രതീകമാണ് ആ മുഖചിത്രം. 1948 ജനുവരി 30-ലെ ബിർള മന്ദിരത്തിൽ നിന്നും പ്രാർത്ഥനാനിരതനായി 'റാം റാം' എന്ന് ഉരുവിട്ടുകൊണ്ട് പുറത്തേയ്ക്കുവന്ന ഗാന്ധിജിയുടെ ഇടനെഞ്ചിലേയ്ക്ക് വെടിയുണ്ടകളുതിർത്ത നാഥുറാം വിനായക് ഗോഡ്സെ ഉച്ചത്തിൽ വിളിച്ചത് 'ജയ് ശ്രീറാം, ജയ് ശ്രീറാം' എന്നാണ്. വർഷങ്ങൾക്കിപ്പുറം ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ മുസ്ലീം ന്യൂനപക്ഷങ്ങളെ വേട്ടയാടുന്ന ഹിന്ദു ഭീകരരുടെ കണ്ഠങ്ങളിൽ നിന്ന് അതേ ജയ് ശ്രീറാം വിളി മുഴങ്ങിക്കേൾക്കുമ്പോൾ എങ്ങനെയാണ് ഗാന്ധിജിയെ

ഓർക്കാതിരിക്കുക, എങ്ങനെയാണ് നാം അഭിനവ ഗോഡ്സെമാരെ മറക്കുക. എഴുത്തുകാരേ നിങ്ങൾ ഏത് ചേരിയിലെന്ന മാക്സിം ഗോർക്കിയുടെ ആ പഴയ ചോദ്യമുണ്ടല്ലോ അതേ ചോദ്യത്തിന് ഇടതുപക്ഷം നൽകുന്ന മറുപടിയാണ് ഈ ബഡ്ജറ്റ് എന്നതിനാലും ജനക്ഷേമകരമായ പദ്ധതികൾകൊണ്ട് കേരള വികസനത്തിന് പുതിയ അധ്യായം രചിക്കുകയും ചെയ്യുന്ന എന്നതിനാലും ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്.

അർഹമായ ജി.എസ്.ടി. വിഹിതം നൽകാതെയും കേന്ദ്രാവിഷ്കൃത പദ്ധതികളുള്ള ഫണ്ടുകൾ വെട്ടിച്ചുരുക്കിയതും പ്രകൃതിക്ഷോഭത്തിന്റെ ഭാഗമായി ഈ സംസ്ഥാനത്തുവന്ന ദുരിതങ്ങൾക്ക് സ്വാഭാവികമായും കിട്ടേണ്ട ഫണ്ട് നിഷേധിച്ചും കേരളത്തിന്റെ സാമ്പത്തിക നിലയെ ശ്വാസം മുട്ടിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. കേരളത്തെ പാകിസ്ഥാന് തുല്യമായി കണക്കാക്കിയിട്ടുള്ള പകപോക്കൽ നയം കേന്ദ്രം തുടരുമ്പോൾ തളരില്ല ഞങ്ങൾ എന്ന വ്യക്തമായ സന്ദേശം നൽകിയ ബഡ്ജറ്റാണ് ഈ വർഷത്തെ ബഡ്ജറ്റ്. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധവും കോർപ്പറേറ്റ് അനുകൂലവുമായ ബഡ്ജറ്റിന് നേർവിപരീത ദിശയിൽ ജനോപകാരപ്രദമായിട്ടുള്ള ക്ഷേമനടപടികളും പദ്ധതികളും

പ്രഖ്യാപിച്ചുകൊണ്ടാണ് ഈ ബഡ്ജറ്റ് കേരളീയ ജനജീവിതത്തെ മുന്നോട്ടുകൊണ്ടുപോകാൻ പ്രാപ്തമാക്കുന്നത്. നമ്മുടെ രാഷ്ട്രത്തെ കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ച പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കാൻവേണ്ടി മാത്രമുള്ള ഓഫർ മേളയായി കേന്ദ്ര ബഡ്ജറ്റ് മാറിയത് നാം കണ്ടതാണ്. കേന്ദ്ര സർക്കാർ ഈ ജനവിരുദ്ധ, സ്വകാര്യവത്കരണ, കോർപ്പറേറ്റ് അനുകൂല നയത്തിന്റെ ബാറ്റൺ ഏറ്റുവാങ്ങിയത് പഴയ കോൺഗ്രസ് നയിച്ച ഗവൺമെന്റിൽ നിന്നാണ്. വിൽപ്പനയ്ക്കായി സ്വകാര്യ വ്യക്തികളെ ക്ഷണിച്ച് കാത്തിരിക്കുന്ന സ്ഥാപനങ്ങളെ ഏറ്റുവാങ്ങാൻ തയ്യാറാണെന്ന് പറഞ്ഞ് വീണ്ടുംവീണ്ടും കേന്ദ്രത്തോട് കേരളം അഭ്യർത്ഥിക്കുകയാണ്. ഏറ്റവുമൊടുവിൽ തിരുവനന്തപുരം വിമാനത്താവളത്തിനുവേണ്ടി വീണ്ടുംവീണ്ടും നമ്മൾ ഇറങ്ങുകയാണ്. ഇതാണ് നയപരമായ വ്യത്യാസം. ഇത് ജനങ്ങൾക്കുവേണ്ടിയുള്ള, അവരുടെ നികുതിപ്പണംകൊണ്ട് പടുത്തുയർത്തിയ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ജനകീയ നയമാണ്. ഈ നയത്തിന്റെ തുടർച്ചയിലൂന്നിയ നിലപാടുകളുമായിട്ടാണ് കേരളം ബദൽ വികസന കാഴ്ചപ്പാടുകളോടുകൂടി ഈ ജനകീയ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. 25 രൂപയ്ക്ക്

ഭക്ഷണം ലഭ്യമാകുന്ന 1000 ഹോട്ടലുകൾ കേരളത്തിലെമ്പാടും ആരംഭിക്കാൻ വിഭാവന ചെയ്യുന്ന ഒരു ബഡ്ജറ്റിനെ സാധാരണക്കാരുടെ ബഡ്ജറ്റായി നാം കാണേണ്ടതായിട്ടുണ്ട്. മത്സ്യത്തൊഴിലാളികളടക്കം പതിനായിരക്കണക്കിന് സാധാരണക്കാരുടെ ജീവിതം കെട്ടിപ്പടുക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനും പരിരക്ഷിക്കാനും ആവശ്യമായിട്ടുള്ള ശക്തമായ നിലപാടുകൾ ഈ ബഡ്ജറ്റിൽ ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്. കയർ, കശുവണ്ടി, കൈത്തറി, ഖാദി, മത്സ്യബന്ധനം തുടങ്ങി എല്ലാ മേഖലകളിലും വളരെ ആശ്വാസകരമായ നടപടികളാണ് പ്രഖ്യാപിച്ചത്. കാർഷിക മേഖലയിൽ വാണിജ്യവിളകൾക്ക് ആശ്വാസം പകരാനും പച്ചക്കറി കൃഷി ജനകീയമായി വ്യാപിപ്പിക്കാനും ബഡ്ജറ്റ് ഊന്നൽ നൽകുന്നുണ്ട്. നെൽകൃഷിക്ക് മാത്രമായി 40 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ആരോഗ്യ മേഖലയിൽ ഏറ്റവും ശ്രദ്ധേയമായി തോന്നിയത് കേരളത്തിന്റെ സ്വന്തം മരുന്നുല്പാദന സ്ഥാപനത്തിൽ നിന്നും ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്കുള്ള വിലകൂടിയ മരുന്നുകളുടെ ഉല്പാദനം ആരംഭിക്കുമെന്നും അത് വിലകുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുമെന്നുമുള്ള പ്രഖ്യാപനമാണ്. ലക്ഷക്കണക്കിന് വരുന്ന ക്യാൻസർ, ഹൃദ്രോഗം എന്നിവ ബാധിച്ച രോഗികൾക്ക് ഏറെ

ആശ്വാസകരമായ നടപടിയാണിത്. ഗ്രാമീണ റോഡുകൾക്കും ജലപാതയ്ക്കും അതിവേഗ റെയിൽവേ പദ്ധതിക്കും ഈ ബഡ്ജറ്റ് നൽകുന്ന പരിഗണന അഭിനന്ദനാർഹമാണ്. തീരദേശ മേഖലയിലെ സ്കൂളുകൾക്ക് കിഫ്ബി വഴി പണം നൽകാൻ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു. ഒന്നും രണ്ടുമല്ല, 60-ഉം 70-ഉം സ്കൂളുകൾക്കാണ് പണം അനുവദിച്ചത്. ഇപ്പോൾ നടന്നുവരുന്ന പദ്ധതികളെല്ലാം പൂർത്തിയാകുമ്പോൾ ഉത്ഘാടനം ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രിമാർ ഓരോ ആഴ്ച വീതമെങ്കിലും ഓരോ മണ്ഡലത്തിലും ക്യാമ്പ് ചെയ്യണമെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ.-മാർക്ക് ഈ കാര്യത്തിൽ വിയോജിപ്പിന്റേതായ ഒരു കാര്യവും ചൂണ്ടിക്കാണിക്കാനുണ്ടാകില്ല. അവരുടെ മണ്ഡലത്തിൽ, ഭരണകക്ഷിയിലെ എം.എൽ.എ.-മാനേക്കാൾ കൂടുതൽ ഫണ്ട് അവർക്ക് അനുവദിച്ചതായിട്ടാണ് ബഡ്ജറ്റ് രേഖ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്. എന്നിട്ടുപോലും വിമർശനങ്ങളാണ് അവർ ഉന്നയിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഭരണകക്ഷിയിലിരിക്കുന്ന ആളുകൾക്ക്, പ്രത്യേകിച്ച് എന്റെ ജില്ലയിലെ മൂന്ന് എം.എൽ.എ.-മാർക്ക്, അവിടെ കോൺഗ്രസിന്റെ എം.എൽ.എ.-മാരില്ലാത്തതുകൊണ്ട് മുസ്ലീംലീഗിന്റെ എം.എൽ.എ.-മാർക്ക്,

കൊടുത്തിരുന്നത് 5 കോടി രൂപയാണ്. നാട്ടിൻപുറത്തെ ഗ്രാമീണ റോഡുകളുടെ നിർമ്മാണം നടത്തുന്നതിന് വേണ്ടിയുള്ള ഫണ്ടാണ് അന്ന് അനുവദിച്ചത്. ഞങ്ങൾക്ക് ഒരു പൈസപോലും അന്ന് പ്രഖ്യാപിച്ചിരുന്നില്ല. കൊടുവള്ളി, തിരുവമ്പാടി, കോഴിക്കോട് നോർത്ത് എന്നീ മൂന്ന് മണ്ഡലങ്ങളിലേയ്ക്കാണ് അഞ്ച് കോടി രൂപ പ്രഖ്യാപിച്ചത്. വളരെ രഹസ്യമായി കൊടുത്ത പണമായിരുന്നു. വീണ്ടും പ്രതിപക്ഷ എം.എൽ.എ.മാർ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയെക്കണ്ട് ഈ കാര്യം പറഞ്ഞപ്പോൾ നിങ്ങൾക്ക് 2 കോടി രൂപ അനുവദിക്കാമെന്ന് പറഞ്ഞു, അപ്പോൾ 50,000 രൂപ കൂടി കൂട്ടിത്തരണമെന്ന് ഞാൻ ആവശ്യപ്പെട്ടപ്പോൾ അത് നൽകാതെ 2 കോടി രൂപ മാത്രമാണ് നൽകിയത്. ഇങ്ങനെ തികച്ചും വിവേചനപരമായി, പക്ഷപാതപരമായി പ്രവർത്തിച്ച യു.ഡി.എഫ്-ന്റെ ഭരണകാലം മാറി ഇടതുപക്ഷ ജനാധിപത്യമുന്നണി വന്നപ്പോൾ ഭരണകക്ഷിയേക്കാൾ കൂടുതൽ പണം പ്രതിപക്ഷ ബെഞ്ചിലിരിക്കുന്ന ആളുകൾക്ക് കൊടുക്കുന്ന ഒരു സമീപനം സ്വീകരിച്ചതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണ ചരിത്രത്തിൽ പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ വ്യത്യാസമില്ലാതെ 141 എം.എൽ.എ.മാരെയും ഒരുപോലെ

കാണുന്ന സമീപനമാണ് കേരളത്തിൽ സ്വീകരിക്കുന്നത്. കിഫ്ബി ഫണ്ടിന്റെ അവലോകന റിപ്പോർട്ട് വന്നപ്പോൾ ധാരാളം തുകയാണ് പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള ആളുകളുടെ മണ്ഡലത്തിലേയ്ക്ക് ഒഴുകി വന്നിരിക്കുന്നത്. 450 കോടിയിലധികം രൂപയുടെ കണക്ക് ഇപ്പോൾ വന്നിട്ടുണ്ട്. ഏതായാലും മണ്ഡലത്തിന് അനുവദിച്ച പണം വിനിയോഗിക്കുന്നതിൽ നിങ്ങൾ വിമർശനങ്ങൾ മാറ്റി വയ്ക്കുന്നത് നല്ലതാണ്. ക്രിയാത്മകമായ പ്രവർത്തനമാണ് നമുക്ക് ആവശ്യമായുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായ പശ്ചാത്തല വികസനത്തെ നാട്ടിലെ ജനങ്ങൾ വളരെ ആവേശത്തോടെയാണ് കാണുന്നത്. പശ്ചാത്തല വികസനത്തിനുള്ള പണത്തിന്റെ പ്രശ്നം വന്നപ്പോൾ അതുകൂടി മറികടക്കാനാവശ്യമായ നടപടിയായിട്ടാണ് കിഫ്ബിയെ സംസ്ഥാനം ഉപയോഗിച്ചത്. അത് പുതുമയാർന്ന ഒരു പദ്ധതിയാണ്. അതിന്റെ ഭാഗമായി എന്റെ മണ്ഡലമുൾപ്പെടെയുള്ള എല്ലാ മണ്ഡലങ്ങളിലും വികസനം വളരെ വേഗത്തിൽ നടപ്പിലാകുന്നു എന്നതിൽ യാതൊരു സംശയവുമില്ല. പുരോഗതിയുടെ ചാലകശക്തിയായി ഈ ഗവൺമെന്റ് മാറുകയാണ്. സൂക്ഷ്മവും സുദൃഢവും ദീർഘവീക്ഷണത്തോടുകൂടിയതുമായ വികസന കാഴ്ചപ്പാടിലൂടെ കേരളത്തിന്റെ സർവ്വ പശ്ചാത്തല മേഖലകളും വികസിക്കുകയാണ്.

അസൂയാവഹമായ ഈ നേട്ടത്തെ കുറച്ചുകാട്ടാൻ നിങ്ങൾ നടത്തുന്ന ശ്രമങ്ങൾ പാഴായിപോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ വികസന കാര്യത്തിൽ എടുക്കുന്ന നിലപാടുകളെ സംബന്ധിച്ച്, ഞാൻ മറ്റ് രാഷ്ട്രീയകാര്യങ്ങളെപ്പറ്റിയൊന്നും പറയുന്നില്ല. ന്യൂനപക്ഷ വർഗ്ഗീയതയെ സംബന്ധിച്ച് ഇവിടെ ചർച്ച വന്നിരുന്നു. വടകര മണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിൽ എസ്.ഡി.പി.ഐ.-യുമായി മുന്നണിയുണ്ടാക്കിയതുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി വിജയിച്ചതെന്ന പരാമർശം ശ്രീ. പാറക്കൽ അബ്ദുല്ല ഉന്നയിച്ചതായി കേട്ടു. അവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരു വർഗ്ഗീയ സംഘടനകളുമായി ബന്ധമില്ലാതെയാണ് മത്സരിച്ചത്. അത്തരം തെറ്റായ കാര്യങ്ങൾ രേഖയിൽ വന്നിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കപ്പെടേണ്ടതാണെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. വർഗ്ഗീയതയെ ചെറുക്കാൻ ഏത് പൊന്നാപുരം കോട്ടയിലും കയറിച്ചെന്ന് ഏത് പൊന്നുതമ്പുരാനെയും വെല്ലുവിളിച്ച് മുന്നേറാൻ ഞങ്ങൾക്ക് ഒരു ക്യാപ്റ്റനുണ്ട്. ആ ക്യാപ്റ്റനാണ് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. സാമൂഹ്യനീതിയിലധിഷ്ഠിതമായ തുല്യതയ്ക്കും അവസര സമത്വത്തിനും പ്രാധാന്യം നൽകുന്ന പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് മതിയായ

പരിഗണന നൽകുന്ന വികസന സ്വപ്നങ്ങളാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. അഴിമതി രഹിത, മതനിരപേക്ഷ, വികസിത കേരളം എന്ന സ്വപ്നസാക്ഷാത്കാരത്തിന് ഒരു ഉൗവൽകൂടി സംഭാവന ചെയ്തുകൊണ്ടാണ് 2020-21 വർഷത്തെ ബഡ്ജറ്റ് അവതരണം. ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ധാരാളം കവിതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഡ്ജറ്റിന്റെ ആമുഖത്തിൽ തന്നെ " നയാ പൈസയില്ല കയ്യിലൊരു നയാ പൈസയില്ല" എന്ന 1960-ലെ ഒരു സിനിമയിലെ ഗാനത്തിന്റെ രണ്ട് വരികൾ ഉൾപ്പെടുത്തണമായിരുന്നു. കേരളത്തിൽ ധനപ്രതിസന്ധി ഇത്രയധികം രൂക്ഷമാണ്. കേരളത്തിന്റെ ചരിത്രത്തിലില്ലാത്തവിധം ട്രഷറി കടുത്ത പ്രതിസന്ധിയിലാണ്. ശമ്പള ബില്ലുകളല്ലാതെ മറ്റൊരു ബില്ലും മാറുന്നില്ല. അങ്ങ് ധവളപത്രത്തിൽ പറഞ്ഞതുപോലെ ധനസ്ഥിതി ഈ നിലയ്ക്കാണ് പോകുന്നതെങ്കിൽ 2020-21 ആകുന്നതോടുകൂടി ശമ്പളവും പെൻഷനുംപോലും മുടങ്ങുമെന്ന് ഒരു പ്രവചനരൂപത്തിൽ അദ്ദേഹം ധവളപത്രത്തിൽ പറഞ്ഞുവച്ചു. ആ

പ്രവചനത്തിൽ അങ്ങേയ്ക്ക് ഇപ്പോൾ അഭിമാനിക്കാം. ആ പ്രവചനം അങ്ങ് കാത്തുസൂക്ഷിച്ചു. ശമ്പളവും പെൻഷനും വരെ മുടങ്ങാൻ പോകുന്ന തലത്തിലേയ്ക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചിരിക്കുകയാണ്. അങ്ങയുടെ ഫിസ്കൽ അഡ്മിനിസ്ട്രേഷന്റെ പോരായ്മയും ധനകാര്യ നയങ്ങളുമാണ് ഈ പ്രതിസന്ധിയിലേയ്ക്കെത്തിച്ചത്. നടപ്പിലാക്കാൻ സാധിക്കാത്ത പ്രഖ്യാപനങ്ങളാണ് അങ്ങ് ബഡ്ജറ്റിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്. വമ്പൻ പ്രഖ്യാപനങ്ങൾ അങ്ങ് ബഡ്ജറ്റിലൂടെ നടത്തുന്നു. അങ്ങയെ സംബന്ധിച്ച് ബഡ്ജറ്റ് എന്നുപറയുന്നത് അവതരിപ്പിക്കുന്ന ദിവസം കയ്യടികിട്ടുന്നതിനുവേണ്ടിയുള്ള ഒരു കസർത്ത് മാത്രമാണ്. നാല് ബഡ്ജറ്റിലും തകർത്ത് കയ്യടിച്ച ഭരണപക്ഷ അംഗങ്ങൾക്കും ബോധ്യമായതുകൊണ്ട് അവർ നിസ്സസംഗരായിരുന്നു. ഒടുവിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന് ഇറങ്ങി കയ്യടിപ്പിക്കേണ്ടി വന്നു. ശ്രീ. കടകംപള്ളി സുരേന്ദ്രൻ കയ്യടിപ്പിച്ചപ്പോൾ ധനകാര്യ വകുപ്പുമന്ത്രി തിരുവനന്തപുരം ജില്ലയെ സമ്പൂർണ്ണമായി അവഗണിച്ചുകൊണ്ട് നിലത്തിട്ട് ചവിട്ടുകയായിരുന്നു. ഈ മന്ത്രിമാരെല്ലാം തിരുവനന്തപുരത്തിരുന്ന് ഭരിക്കുന്നവരല്ലേ, ഇവർക്ക് ലജ്ജയില്ലേ, ദിവസേന തിരുവനന്തപുരത്ത് വന്ന് പോകുന്നവർ,

തിരുവനന്തപുരത്തെ ഇത്രയേറെ അവഗണിക്കുന്നതിനെതിരെ ഒരു വാക്കെങ്കിലും മിണ്ടണ്ടേ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തിരുവനന്തപുരത്തിരുന്നാണ് ഭരിക്കുന്നത്. നാല് ബഡ്ജറ്റും കോവളത്ത് വച്ചാണ് അദ്ദേഹം തയ്യാറാക്കിയത്. തിരുവനന്തപുരത്തെയും കോവളത്തെയും അദ്ദേഹം സമ്പൂർണ്ണമായി അവഗണിച്ചതായി കാണാൻ സാധിക്കും. വിഴിഞ്ഞം പദ്ധതിക്ക് ആവശ്യമായ പണം വകയിരുത്താതെ വിഴിഞ്ഞം പദ്ധതിയെ വകവരുത്തിയിരിക്കുകയാണ്. അവിടുത്തെ ജനങ്ങൾക്ക് വാഗ്ദാനം ചെയ്തിട്ടുള്ള ഒരു കാര്യങ്ങളും നടപ്പാക്കിയിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ കൊടുക്കാമെന്ന് പറഞ്ഞ കാര്യംപോലും നടപ്പിലാക്കിയിട്ടില്ല. അവിടുത്തെ പുനരധിവാസ പാക്കേജ് ഇഴഞ്ഞ് നീങ്ങുകയാണ്. അദ്ദേഹം പറഞ്ഞതനുസരിച്ചാണെങ്കിൽ കഴിഞ്ഞ മൂന്ന് വർഷമായി മത്സ്യത്തൊഴിലാളികൾക്ക് ഏകദേശം 5,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുകയാണ്. ഡോ. തോമസ് ഐസക്കിന്റെ മത്സ്യത്തൊഴിലാളികൾക്കുള്ള പാക്കേജ് വഞ്ചനയായി ഇത് പിൽക്കാലത്ത് അറിയപ്പെടും. അദ്ദേഹം ബഡ്ജറ്റ് തയ്യാറാക്കുന്നതിന് തെരഞ്ഞെടുത്ത സ്ഥലത്തുനിന്നും നൂറ് മീറ്റർ മാത്രം അകലെയായാണ് രാജീവ് ആവാസ്

യോജനയുടെ ഫ്ലാറ്റ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. പാവപ്പെട്ട ആളുകളുടെ വീടുകൾ പൊളിച്ച് അഞ്ചുവർഷമായി ഫ്ലാറ്റുകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്, ഇതുവരെ പൂർത്തിയായിട്ടില്ല. അത് പൂർത്തിയാകുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഫണ്ട് അനുവദിച്ചുകഴിഞ്ഞു. സംസ്ഥാന വിഹിതമാണ് ഇനി അനുവദിക്കാനുള്ളത്. 11.57 കോടി രൂപ കേന്ദ്രം അനുവദിച്ചു, 6.94 കോടി രൂപ ഇനി സംസ്ഥാനം അനുവദിക്കണം. സംസ്ഥാനം പറയുന്നത് ലോണെടുക്കണമെന്നാണ്. അമ്പത് കുടുംബങ്ങൾ അഞ്ച് വർഷമായി താത്കാലിക ഷെഡ്ഡിൽ കഴിയുകയാണ്. പ്രായപൂർത്തിയായ പെൺകുട്ടികൾക്ക് സ്വകാര്യതപോലും കൊടുക്കാൻ കഴിയാതെ നരകയാതന അനുഭവിക്കുകയാണ്. ലോൺ എടുക്കുന്നതിനുവേണ്ടി വിട്ടുകൊടുക്കരുത്. അങ്ങ് സംസ്ഥാന ഫണ്ട് അനുവദിക്കണം.

കൈത്തറി മേഖല പൂർണ്ണമായും സ്തംഭിച്ചിരിക്കുന്നു. ഏഴ് മാസമായി ശമ്പളം കൊടുക്കാൻപോലും കഴിയുന്നില്ല. അവിടെ ഓടത്തിന്റെ ശബ്ദം നിലച്ചിരിക്കുകയാണ്. കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി കൂലി കുടിശ്ശികയെങ്കിലും അടിയന്തരമായി കൊടുക്കണം. എന്റെ നിയോജക മണ്ഡലത്തിലെ കാഞ്ഞിരംകുളം ഗവൺമെന്റ് കോളേജിന് അഫിലിയേഷൻ

തന്നെ റദ്ദാകുന്ന സ്ഥിതിയാണ്. 5 ഏക്കർ സ്ഥലം കോളേജിന് വേണം. എന്നാൽ നിലവിൽ ഒരേക്കർ അറുപത്തിയഞ്ച് സെന്റ് സ്ഥലം മാത്രമാണുള്ളത്. അതുകൊണ്ട് ഭൂമിയേറ്റെടുക്കുന്നതിനുള്ള പണം ഈ ഗവൺമെന്റ് അനുവദിക്കണമെന്ന് ഞാൻ പറയുകയാണ്. ഒന്നും ചെയ്തില്ലെങ്കിലും സർക്കാർ ബന്ധുനിയമനങ്ങൾ കൃത്യമായി ചെയ്തുകൊണ്ടിരിക്കുകയാണ്. ബന്ധുനിയമനങ്ങളുടെ പേരിൽ ഒരു മന്ത്രിക്ക് രാജിവയ്ക്കേണ്ടിവന്ന അനുഭവം ഇവിടെയുണ്ട്. ലൈഫ് മിഷനിലെ ചെയർപേഴ്സണിന്റെ ഭർത്താവ് ശ്രീ. ജയരാജനെ എല്ലാ ചട്ടങ്ങളും മറികടന്നുകൊണ്ട് സി-ഡിറ്റിൽ ഡയറക്ടറായി നിയമനം കൊടുത്തിരിക്കുകയാണ്. ബന്ധുനിയമനങ്ങൾ അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുകയാണ്. ആ നിയമനം റദ്ദാക്കണം. അതിനെക്കുറിച്ച് അന്വേഷിക്കണം. നിയമനം കിട്ടിയ അടുത്ത ദിവസം അദ്ദേഹം ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടി പറഞ്ഞു, കോടതിയിലെ കേസ് എന്തായാലും ഓർഡിനൻസ് ഇറക്കിയായാലും ശ്രീ. പിണറായി വിജയൻ എന്നെ സംരക്ഷിക്കുമെന്ന് ആ യോഗത്തിൽ അദ്ദേഹം പറഞ്ഞിരിക്കുകയാണ്. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

ശ്രീമതി ഗീതാ ഗോപി: സർ, ഞാൻ ഈ ബഡ്ജറ്റിനെ ആത്മാർത്ഥതയോടെ ഹൃദയത്തോടുതുല്യം ചേർത്തുപിടിച്ച് പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. പ്രസിഡന്റ് ഭരണത്തിനുശേഷം ഇന്ത്യയിലാദ്യമായി ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്ന സർക്കാരാണ് ഇ.എം.എസ്. സർക്കാർ. ഒരു നിമിഷം ആ സർക്കാരിന്റെ പ്രവൃത്തിയിലേയ്ക്ക് ഞാൻ എത്തിപ്പെടുകയാണ്. കേരളത്തിന്റെ വികസനത്തിന് മാതൃകയായ, അടിത്തറ പാകിയ ഇ.എം.എസ്. സർക്കാർ....., കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ എന്തെല്ലാം ഭരണപരിഷ്കാരങ്ങളാണ് കേരളത്തിൽ നടന്നത്. എല്ലായിടത്തും പ്രൈമറി സ്കൂളുകൾ സ്ഥാപിച്ചു; മലബാർ മേഖലയിൽ 67 ഹൈസ്കൂളുകൾ സ്ഥാപിച്ചു; അധ്യാപകർക്ക് സ്ഥിരം ജോലി നൽകി; കുട്ടികൾക്ക് ഉച്ചക്കഞ്ഞി; ഗ്രാമങ്ങളിൽ ആശുപത്രികൾ സ്ഥാപിച്ചു; ഇതെല്ലാം ചെയ്ത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഭരണം ശാക്തീകരിക്കാൻ മുൻകയ്യെടുത്ത കമ്മ്യൂണിസ്റ്റ് യുഗപുരുഷനായ; ചരിത്ര പുരുഷനായ ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ അന്നത്തെ കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു വെറും ഒരു വിമോചന സമരത്തിന്റെ പേരിൽ താഴെയിറക്കാൻ ശ്രമിച്ചു. അതിൽ കൂടുതൽ താല്പര്യം കാണിച്ചത്

ഇന്ദിരാഗാന്ധിയാണ്. ഭരണഘടനയുടെ അനുച്ഛേദപ്രകാരം 1959 ജൂലൈ 31-ന് കേരള സർക്കാരിനെ ഡിസ്മിസ് ചെയ്യുകയായിരുന്നു അന്നത്തെ കോൺഗ്രസ് ഭരണകൂടം. ഒരു ദിവസം വൈകുമെന്ന കാരണത്താൽ ഡൽഹി ഇന്റലിജൻസ് ബ്യൂറോയിലെ ദൂതൻ വഴി വിമാനത്തിൽ വന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാടിന് സന്ദേശം കൈമാറുകയായിരുന്നു. ത്യാഗപ്രവർത്തനത്തിലൂടെ; ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്ന ഇ.എം.എസ്.-ന്റെ ഭരണപരിഷ്കാരം കേരളത്തിൽ തലപൊക്കിയാൽ കമ്മ്യൂണിസത്തിനെ പിടിച്ചുനിർത്താൻ ഇനി തങ്ങൾക്കാവില്ല എന്ന ദുരുദ്ദേശ്യത്താൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഭരണകൂടം, നീലം സഞ്ജീവ റെഡ്ഡി, ദീൻദയാൽ ഉപാധ്യായ, ഇന്ദിരാഗാന്ധി ഇവരുടെ തത്വദീക്ഷിതയില്ലാത്ത അവിശുദ്ധ രാഷ്ട്രീയ കൂട്ടുകെട്ടിലൂടെയും സാമുദായിക സംഘടനകളിലൂടെ, അമേരിക്കൻ ചാരസംഘടനകളിലൂടെ, ഡോളറിന്റെ സാമ്പത്തിക സഹായത്തോടെ വിമോചന സമരത്തിന്റെ പിന്നിൽ പ്രവർത്തിച്ച് ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ താഴെയിറക്കുകയായിരുന്നു. അതുകൊണ്ടൊന്നും ഇ.എം.എസ്. തളർന്നില്ല. കേരളത്തിൽ വീണ്ടും തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ, പട്ടാമ്പിയിൽ കേന്ദ്രീകരിച്ച് പ്രവർത്തിച്ചപ്പോൾ

കോൺഗ്രസും അതിന്റെ ഉത്തരവാദിത്വപ്പെട്ട ലീഡർമാരും ഇ.എം.എസ്. എന്ന ചരിത്രപുരുഷനെ പരാജയപ്പെടുത്താനുള്ള തന്ത്രങ്ങൾ മെനയുകയായിരുന്നു. എന്നാൽ ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ട് 5360 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ഇ.എം.എസ്. പട്ടാമ്പിയിൽ നിന്നും സഭയിൽ തിരിച്ചുവന്നു. ആ ചരിത്രം കേരളത്തിൽ നിലനിൽക്കുമ്പോൾ പ്രതിപക്ഷം ഈ ബഡ്ജറ്റിനെ ഭയക്കുന്നു. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്കിനെ ഞാൻ അഭിമാനപൂർവ്വം അഭിനന്ദിക്കുന്നു. അങ്ങ് എനിക്ക് കഴിഞ്ഞ നാല് ബഡ്ജറ്റുകളിലായി നൽകിയ ഫണ്ട് വിഹിതങ്ങൾ, നിയമസഭാ സാമാജിക എന്ന നിലയിൽ ഞാൻ നാട്ടിക തീരദേശ മേഖലയിലെ ജനങ്ങൾക്കായി നൽകിയ പദ്ധതികളുടെ വികസനരേഖകളുടെ ഒരു പത്രിക അടിക്കാൻ പോകുകയാണ്. എനിക്ക് എഴുതിയിട്ടും എഴുതിയിട്ടും തീരുന്നില്ല. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾ നൽകിയ വിശ്വാസത്തിന്റെ അധികാരസീറ്റിൽ നിന്നുകൊണ്ട് ഞാൻ ഇവിടെ പ്രതിപാദിക്കുയാണ്. ഇതെല്ലാംകൊണ്ട് കേരളത്തിലെ പിണറായി സർക്കാർ മുന്നോട്ടുപോകുമോ എന്ന ആശങ്കയാണ് ഇവർക്ക്. ഈ കഴിഞ്ഞ നാലുവർഷം കേരളത്തിന്റെ ചരിത്രം എന്താണ് സൂചിപ്പിക്കുന്നത്. സംസ്ഥാനഭരണം ലോകരാഷ്ട്രങ്ങൾക്ക് തന്നെ മാതൃകയായില്ലേ. കേരളത്തിന്റെ

ആരോഗ്യ മേഖലയെയും വിദ്യാഭ്യാസ മേഖലയെയും കാർഷിക മേഖലയെയും മറ്റ് അനുബന്ധ വകുപ്പുകളെയും സംബന്ധിച്ച് പഠിക്കാൻ വിദേശരാജ്യങ്ങളിൽ നിന്ന് ഉന്നതസംഘങ്ങൾ കേരളത്തിൽ എത്തിയില്ലേ? ഐക്യരാഷ്ട്രസഭ പോലും നമ്മളെ അഭിനന്ദനം അറിയിച്ചില്ലേ. കേരളത്തിലെ ഗവൺമെന്റിന് ഇങ്ങനെയൊരു ചരിത്രമുള്ളപ്പോൾ; ഇങ്ങനെയൊരു ഭരണപരിഷ്കാരം; അഴിമതി രഹിതമായ ഭരണം ഇതെല്ലാം പിണറായി സർക്കാരിന്റെ മുന്നേറ്റം ഇനിയുണ്ടാകുമെന്നുള്ള ആവർത്തനഭയം കൊണ്ടാണ് ഇവർ ഈ ബഡ്ജറ്റിനെ എതിർക്കുന്നത്. ഒരു തുടർഭരണം പിണറായി സർക്കാരിനുണ്ടാകും. ഇ.എം.എസ്. സർക്കാരിനുശേഷം ഇ. കെ. നായനാർ മന്ത്രിസഭ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ നേതൃത്വം നൽകിയ മന്ത്രിസഭ, ഇപ്പോൾ ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാർ. ചരിത്രമുറങ്ങുന്ന അതേ വികസനപാത തുടരുകയാണ്. അതിൽ കളങ്കമില്ലാത്ത; ദീർഘവീക്ഷണമുള്ള; അഴിമതിരഹിതമായ ഒരു ഗവൺമെന്റിനെ വാർത്തെടുക്കാൻ പിണറായി സർക്കാരിന് കഴിഞ്ഞാൽ, ഈ ബഡ്ജറ്റിൽ പറഞ്ഞ മുഴുവൻ വികസനങ്ങളും ഇവിടെ നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിക്കുമെന്ന ചേതോവികാരം മുന്നിൽ കണ്ടുകൊണ്ട് നിരന്തരം പ്രതിപക്ഷം എന്തിനാണ് ഈ ബഡ്ജറ്റിനെ

അശ്ലാന്തം എതിർക്കുന്നത്. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലൂടെ ഒരുപാട് കാര്യങ്ങൾ നമ്മൾ നേടിയെടുത്തിട്ടുണ്ട്. സ്വാതന്ത്ര്യസമര ചരിത്രം, ഓർമ്മകൾ, ത്യാഗങ്ങൾ, അനുഭവങ്ങൾ ഇതെല്ലാം വായിക്കുകയും മനസ്സിലാക്കുകയും ചെയ്താൽ നമ്മുടെ രാജ്യത്തിന്റെ ഒറ്റുകാരാരാണെന്ന് മനസ്സിലാകും. ഇവിടെ ശ്രീ. നരേന്ദ്ര മോദി ഭരിക്കുന്നു; ശ്രീ. അമിത് ഷാ ആഭ്യന്തരം ഭരിക്കുന്നു. ഇന്ത്യൻ പൗരത്വാവകാശ ബില്ലിൽ ആരാണ് കടന്നുകയറിയത്. അതിനെ എതിർക്കേണ്ട കോൺഗ്രസ് എന്ത് നിലപാടാണ് സ്വീകരിച്ചത്. ശ്രീ. രമേശ് ചെന്നിത്തല നമ്മളോടൊപ്പം നിന്നു. പക്ഷെ ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റ് കേന്ദ്രം ഭരിച്ചപ്പോൾ അന്നത്തെ ആഭ്യന്തര സഹവകുപ്പുമന്ത്രിയായിരുന്ന ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ എന്തിനാണ് ഇങ്ങനെ നിലപാട് മാറ്റിമറിച്ചത്. കേരളം ഒരു മതനിരപേക്ഷ സംസ്ഥാനമാണെങ്കിൽ കോൺഗ്രസ് ഒരു രാഷ്ട്രീയ ബ്യൂറോക്രസിയും മുതലാളിത്ത രാഷ്ട്രീയ പാർട്ടിയുമാണെന്ന് തെളിയിച്ചില്ലേ.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്....

<u>ശ്രീമതി ഗീതാ ഗോപി</u>: പക്ഷെ ഒരു കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇതിനെയെല്ലാം മാറ്റിമറിച്ചുകൊണ്ട് ബഹുമാനപ്പെട്ട

ജി. സുധാകരൻ, നിയമസഭയുടെ സുവർണ്ണജൂബിലി സ്മരണികയിലെ 147-ാം പേജിൽ ഒരു ലേഖനമെഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നുണ്ട്,

"ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിത
മാകണമന്തരംഗം
കേരളമെന്നുകേട്ടാലോ തിളയ്ക്കണം ചോര
നമുക്ക് ഞരമ്പുകളിൽ"

അത് ഞാൻ ഒന്നു തിരുത്തുകയാണ്.

" ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിത
മാകണമന്തരംഗം
പിണറായി വിജയൻ മുഖ്യമന്ത്രിയുമെന്ന്
കേട്ടാലോ തിളയ്ക്കണം ചോര
നമുക്ക് ഞരമ്പുകളിൽ"

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീമതി ഗീതാ ഗോപി: ഇതുപറയുമ്പോൾ പൗരത്വ ബില്ലിൽ ഒരു ഏകപക്ഷീയമായിട്ടുള്ള, ദീർഘവീക്ഷണത്തോടുകൂടിയുള്ള, നിശ്ചയദാർഢ്യത്തോടുകൂടിയുള്ള ഈ മതേതരരാജ്യത്തെ; ഈ മതനിരപേക്ഷ സംസ്ഥാനത്തെ കെട്ടിപ്പടുക്കാൻ നിലപാട് എടുത്ത ആ ഭരണസംവിധാനത്തെ മുന്നോട്ടുനയിച്ച മനുഷ്യശൃംഖലയ്ക്ക്.....(മൈക്ക് ഓഫ്).........

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. പ്രതിപക്ഷ എം.എൽ.എ. മാരെയും മലപ്പുറം ജില്ലയെയും പരിപൂർണ്ണമായും അവഗണിച്ച ഒരു ബഡ്ജറ്റാണിത്. സംസ്ഥാനത്തെ ജനവികാരത്തിന് വിരുദ്ധവും അമിതമായ നികുതി ഭാരം സാധാരണക്കാർക്ക് മേൽ കെട്ടിവയ്ക്കുന്ന ബഡ്ജറ്റുമാണിത്. വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന സാധാരണക്കാർക്കും ഇടത്തരക്കാർക്കുംമേൽ ഇടിത്തീപോലെ വീണ്ടും വിലക്കയറ്റത്തിന്റെ ശക്തമായ വേലിയേറ്റം സൃഷ്ടിക്കാൻ ഇടയാക്കുന്നതാണ് ഈ ബഡ്ജറ്റ്. യാഥാർത്ഥ്യബോധമില്ലാത്ത നികുതി നിർദ്ദേശങ്ങൾ, പദ്ധതി പ്രഖ്യാപനങ്ങൾ പലതും ആവർത്തനങ്ങൾ മാത്രം. ബഡ്ജറ്റിൽ പല ക്ഷേമപദ്ധതികളുടെയും പ്രഖ്യാപനമുണ്ടെങ്കിലും മാന്ദ്യം മറികടക്കാൻ സാധാരണക്കാരന്റെ കഴുത്തിനുപിടിക്കുകയെന്നതല്ലാതെ പ്രായോഗികമായ മാർഗ്ഗങ്ങളൊന്നും അവലംബിച്ചു കാണുന്നില്ല. വൻകിടക്കാരിൽ നിന്നും നികുതി കുടിശ്ശിക തീർ<u>ത്തു</u>പിടിക്കാൻ കാര്യമായ ശ്രമങ്ങളില്ലാത്തപ്പോൾ തന്നെ സാധാരണക്കാരനെ ബാധിക്കുന്നതും അപ്രായോഗികവുമായ ഭീമമായ നികുതി നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഇടംപിടിക്കുകയും ചെയ്തിരിക്കുന്നു. 1103 കോടി രൂപയുടെ അധിക ബാധ്യതയാണ് ധനകാര്യമന്ത്രി ഈ ബഡ്ജറ്റിലൂടെ

കെട്ടിയേൽപ്പിച്ചിരിക്കുന്നത്. ഇത്രയും വലിയ ഭാരം താങ്ങാനുള്ള കരുത്ത് കേരള ജനതയ്ക്കില്ല എന്നതാണ് വസ്തുത. മലപ്പുറം ജില്ലയെ സമ്പൂർണ്ണമായി അവഗണിച്ച ബഡ്ജറ്റാണിത്. ആരോഗ്യ-വിദ്യാഭ്യാസ-ഗതാഗത-സാമൂഹ്യക്ഷേമ മേഖലകളിലെല്ലാം 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചത്. കിഫ്ബിയിൽ ഉൾപ്പെടുത്തി ചില പദ്ധതികൾക്ക് തുക അനുവദിച്ചുവെങ്കിലും അവയെല്ലാം മുൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളാണ്. എം.എൽ.എ. മാർ സമർപ്പിച്ച പദ്ധതികളിൽ മിക്കതിനും 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. എന്റെ മണ്ഡലമായ വള്ളിക്കുന്നിൽ ഞാൻ നിർദ്ദേശിച്ച പദ്ധതികളിൽ ഒരു പദ്ധതിക്കൊഴികെ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചത്. അനുവദിച്ചിട്ടും വലിയ കാര്യമുണ്ടെന്ന് തോന്നുന്നില്ല. കഴിഞ്ഞ വർഷം തേഞ്ഞിപ്പാലം ഫയർ സ്റ്റേഷന് 20 ലക്ഷം രൂപ, മുന്നിയൂർ-പള്ളിക്കൽ വില്ലേജിന് 20 ലക്ഷം രൂപ എന്നിങ്ങനെ പ്രൊവിഷൻ അനുവദിച്ചിരുന്നുവെങ്കിലും ഭരണാനുമതിപോലും ലഭ്യമായില്ല. എന്റെ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ എങ്ങുമെത്തിയിട്ടില്ല. ചീക്കോട് കുടിവെള്ള പദ്ധതി പള്ളിക്കൽ

പഞ്ചായത്തിലേയ്ക്ക് നീട്ടുന്നതിന് ജലജീവൻ മിഷനിൽ ഉൾപ്പെടുത്താമെന്ന് ഉന്നതതല യോഗത്തിൽ തീരുമാനമായെങ്കിലും ഫണ്ട് വകയിരുത്തിയിട്ടില്ല. ഇതിന് ഫണ്ട് അനുവദിക്കണം. ജലജീവൻ മിഷന്റെ ഫണ്ട് വകമാറ്റരുത്. തേഞ്ഞിപ്പാലം, മൂന്നിയൂർ, പെരുവള്ളൂർ, ചേലേമ്പ്ര, വള്ളിക്കുന്ന് പഞ്ചായത്തുകളിലെ കാലഹരണപ്പെട്ട കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കാനുള്ള നടപടി വേണം. കൊണ്ടോട്ടി താലൂക്കിൽ ഒരു കമ്മ്യൂണിറ്റ് ഹെൽത്ത് സെന്ററില്ല. പള്ളിക്കൽ പി.എച്ച്.സി. അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുകയും ഫണ്ട് അനുവദിക്കുകയും വേണം. കരിപ്പൂർ എയർപോർട്ടുമായി ബന്ധപ്പെട്ട ഗ്രാമീണ റോഡുകൾക്ക് ഫണ്ട് അനുവദിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജിന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രൊവിഷനുണ്ടായിരുന്നെങ്കിലും അത് യാഥാർത്ഥ്യമാക്കുന്നതിനുള്ള ഒരു നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിലാണ് കേരളത്തിലെ ഏറ്റവും വലിയ സർവ്വകലാശാലയായ കോഴിക്കോട് സർവ്വകലാശാല സ്ഥിതി ചെയ്യുന്നത്. കായിക രംഗത്ത് ഇന്ത്യയിൽ അഞ്ചാം സ്ഥാനവും ദക്ഷിണേന്ത്യയിൽ ഒന്നാം സ്ഥാനവുമുള്ള സർവ്വകലാശാലയാണിത്. കഴിഞ്ഞ

ഏഴ് വർഷത്തിനുള്ളിൽ കേന്ദ്ര സർക്കാരിന്റെയും യു.ജി.സി.-യുടെയും വ്യക്തികളുടെയും സഹായത്തോടുകൂടി സിന്തറ്റിക്ക് ട്രാക്ക്, സ്വിമ്മിംഗ്പൂൾ അടക്കമുള്ള നിരവധി ഭൗതിക സൗകര്യങ്ങൾ ഒരുക്കിയെങ്കിലും ഒരു അന്താരാഷ്ട്ര മത്സരത്തിന് വേദിയൊരുക്കാനുള്ള സൗകര്യങ്ങൾ ആയിട്ടില്ല. നിരവധി കായിക പ്രതിഭകളെ രാജ്യത്തിന് സംഭാവന ചെയ്തതാണ് കോഴിക്കോട് സർവ്വകലാശാല. കോഴിക്കോട് സർവ്വകലാശാല സ്റ്റേഡിയം അന്തർദേശീയ മത്സരങ്ങൾ നടത്താൻ പര്യാപ്തമായ രീതിയിൽ നവീകരിക്കുന്നതിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാൻ ഞാൻ സർക്കാരിന് സമർപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സ്പോർട്സ് വകുപ്പുമന്ത്രിക്കും മാസ്റ്റർ പ്ലാനും ഡി.പി.ആർ.-ഉം അടക്കം സമർപ്പിച്ചിട്ടും ബഡ്ജറ്റിൽ അതിനാവശ്യമായ സംഖ്യ വകയിരുത്തിയിട്ടില്ല. എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ഒരു സർവ്വകലാശാലയാണിത്. എയർപോർട്ടും, റെയിൽവേ സ്റ്റേഷനും വളരെ അടുത്താണ്. ദേശീയപാതയുടെ ഓരത്താണ് ഈ സർവ്വകലാശാല സ്ഥിതി ചെയ്യുന്നത്. എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള സർവ്വകലാശാലാ സ്റ്റേഡിയത്തിൽ അന്തർദേശീയ മത്സരങ്ങൾ നടത്താനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട്. അതിന് ഫണ്ട് അനുവദിക്കാനുള്ള അടിയന്തര

നടപടി സ്വീകരിക്കണം. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിരവധി പ്രതിഭകളെ രാജ്യത്തിന് സംഭാവന ചെയ്തതാണ് കോഴിക്കോട് സർവ്വകലാശാല. ആ സ്റ്റേഡിയത്തിലൂടെയാണ് ഒട്ടനവധി കായിക പ്രതിഭകൾ വളർന്നുവന്നത്. മലബാറിനെ സ്പോർട്സ് ഹബ്ബാക്കി മാറ്റാൻ സാധിക്കുന്ന എല്ലാ ഭൗതിക, അടിസ്ഥാന സൗകര്യങ്ങളുമുള്ള ഒരു സർവ്വകലാശാലയും സ്റ്റേഡിയവുമാണിത്. ഫ്ലഡ്‌ലൈറ്റും സ്പോർട്സ് പവലിയനും നിർമ്മിച്ച് അന്തർദേശീയ സ്റ്റേഡിയമാക്കി കോഴിക്കോട് സർവ്വകലാശാല സ്റ്റേഡിയത്തെ മാറ്റുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് ഈ സന്ദർഭത്തിൽ അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: സർ, സാമ്പത്തിക വറുതിയുടെ കാലത്തും പ്രതീക്ഷയുടെ പൂക്കാലം തീർക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ അഭിമാനപൂർവ്വം പിന്തുണയ്ക്കുന്നു.

കൈക്കുടന്ന നിറയെ എന്ന തലവാചകത്തോടെ ഗിരീഷ് പുത്തഞ്ചേരിയുടെ

പാട്ടുകളെ കോർത്തിണക്കി സർഗ്ഗാത്മകമായാണ് മാതൃഭൂമി ഈ ബഡ്ജറ്റിനെ വരവേറ്റത്. 'നാം നമുക്കായി കരുത്തും കൈത്താങ്ങും'- ദേശാഭിമാനി, 'ക്ഷേമം പതിവുപോലെ എന്നാലും ഒരു കുത്തുവാക്ക് ഭാരവും ചേർത്തെങ്കിലും 34 വർഷങ്ങൾക്കുശേഷം മിച്ച ബഡ്ജറ്റ് -മലയാള മനോരമ, 'ഹോട്ടൽ ഊണ് കുശാൽ'- കേരള കൗമുദി. ഇത്തരത്തിൽ മികച്ച പ്രതികരണമാണ് എല്ലാ ചാനലുകളിൽനിന്നും നമുക്കുണ്ടായത്.

റിസർവ് ബാങ്കിന്റെ കരുതൽ ധനമെടുത്തും ഇന്ത്യയുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റും ഇന്ത്യൻ കോർപ്പറേറ്റുകൾക്ക് നൽകുമ്പോഴും കേരളത്തിന് അർഹതപ്പെട്ട, മാനദണ്ഡപ്രകാരമുള്ള പദ്ധതിവിഹിതം കേന്ദ്രം വെട്ടിക്കുറച്ചു. കേന്ദ്ര സർക്കാരിൽ നിന്നുള്ള വിവിധ ഗ്രാന്റുകളും കുറച്ചു. ജി.എസ്.ടി. നഷ്ടപരിഹാര തുകയില്ല, കടമെടുക്കാൻ അർഹതയുണ്ടായിട്ടും അനുവദിക്കുന്നില്ല. നെല്ലിന്റെ താങ്ങുവിലപോലും, കേന്ദ്ര വിഹിതമായ 1035 കോടി രൂപ നമുക്ക് അനുവദിച്ചില്ല. തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലിപോലും അവർ അനുവദിക്കുന്നില്ല. 2018-ൽ പ്രളയനഷ്ടം അർഹതപ്പെട്ടത് തന്നില്ലെന്ന് മാത്രമല്ല, തന്നതിൽനിന്നും ഹെലികോപ്റ്റർ വാടകയിനത്തിലും മണ്ണെണ്ണ, അരി എന്നിവ തന്നതിൽനിന്നും തിരിച്ചെടുത്തു. 2019-ലെ

പ്രളയകാലത്ത് 2200 കോടി രൂപയുടെ നഷ്ടപരിഹാരത്തിന് അപേക്ഷിച്ചപ്പോൾ ഒരു കാറ്റ് വീശിയതിന് 1647 കോടി രൂപ കർണ്ണാടകയ്ക്ക് കൊടുത്തപ്പോഴും ഒരു നയാപൈസ കേന്ദ്രം നമുക്ക് നൽകിയില്ല. സാമ്പത്തികമായി കേന്ദ്ര സർക്കാർ കേരളത്തെ ഞെക്കികൊല്ലുമ്പോഴും ഇന്ത്യൻ സാമ്പത്തിക വളർച്ചയുടെ ശരാശരിയേക്കാൾ 7.2 ശതമാനമായി കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ കൊണ്ടെത്തിച്ചത്, പ്രസിദ്ധനായ മജീഷ്യൻ പ്രൊഫ. മുതുകാടിന്റെ മാന്ത്രിക വിദ്യയിലൂടെയല്ല, സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തന മികവിലൂടെയാണ്. അതുകൊണ്ടാണ് യു.ഡി.എഫ്.-ലെ എം.എൽ.എ.-മാരുടെ എണ്ണത്തേക്കാൾ കൂടുതൽ സാർവ്വദേശീയവും ദേശീയവുമായ അവാർഡുകളും അംഗീകാരങ്ങളും ഇന്നത്തെ എൽ.ഡി.എഫ്. സർക്കാർ നേടിയെടുത്തതെന്നും ഇന്ത്യയിൽ കേരളം ഒന്നാമതായി എത്തിനിൽക്കുന്നതെന്നും യു.ഡി.എഫ്. തിരിച്ചറിയണം. മഹാത്മാഗാന്ധി പറഞ്ഞത്, ഞാൻ വികസനത്തെ അളക്കുന്നത്, ഏറ്റവും അടിത്തട്ടിലുള്ള മനുഷ്യന്റെ ജീവിതത്തിൽ അത് എന്ത് മാറ്റം കൊണ്ടുവന്നുവെന്ന് നോക്കിയാണ്. ആ മാറ്റമാണ്, 600 രൂപയിൽനിന്നും 1300 രൂപയായി

ക്ഷേമപെൻഷൻ വർദ്ധിപ്പിച്ച് അവരവരുടെ വീട്ടുകളിൽകൊണ്ടെത്തിച്ചപ്പോൾ ആഹ്ലാദപൂർവ്വം ഏറ്റുവാങ്ങി മോണ കാണിച്ച് ചിരിച്ച മനുഷ്യരുടെ പക്കൽനിന്നും കണ്ടത്. യു.ഡി.എഫ്. സർക്കാർ അഞ്ചുവർഷം കൊണ്ട് 9811 കോടി രൂപയാണ് കൊടുത്തതെങ്കിൽ എൽ.ഡി.എഫ്. സർക്കാർ 22000 കോടി രൂപയാണ് പെൻഷൻ ഇനത്തിൽ മാത്രം കൊടുത്തത്. നടുവൊടിഞ്ഞു കിടക്കുന്ന രോഗിയെ നട്ടുച്ച വെയിലത്ത് കിടത്തി, പെരുവിരൽ തളരുന്നതുവരെ ഒപ്പിട്ട്, യു.ഡി.എഫ്. അഞ്ചുവർഷം കൊണ്ട് ജനസമ്പർക്ക പരിപാടിയിലൂടെ ദാനമായി 503 കോടി രൂപയാണ് കൊടുത്തതെങ്കിൽ വലത് കരം കൊടുക്കുന്നത് ഇടത് കരം അറിയരുതെന്ന് പ്രഖ്യാപിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന സഖാവ് പിണറായി വിജയൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഇടത്തട്ടുകാരില്ലാതെ അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കൊടുത്തത് 1216 കോടി രൂപയാണ്. സ്വന്തമായി ഭൂമിയില്ലാത്ത ഒന്നേകാൽ ലക്ഷം പേർക്ക് ഭൂമി നൽകി. കിടക്കപ്പായിൽ ഉറക്കം നഷ്ടപ്പെട്ട എം.എൽ.എ. ഈ സഭയിലുണ്ട്. ലൈഫ് മിഷന്റെ പേരിലാണ് പലപ്പോഴും അദ്ദേഹം പറഞ്ഞത്. ആ ലൈഫ് മിഷനിൽ നാല് വർഷം കൊണ്ട് പൂർത്തീകരിച്ചത് 258,658 വീടുകളാണ്. 2020-2021-ൽ ഒരു ലക്ഷം

ഫ്ലാറ്റുകളുൾപ്പെടെ പണിതീർത്ത് പാവപ്പെട്ടവർക്ക് വീട് കൊടുക്കുമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. ഒ.ഡി.എഫ്. പ്രഖ്യാപനത്തിലൂടെ ഒന്നാമതെത്തിയ കേരളം ഇപ്പോൾ നഗരപ്രദേശങ്ങളിലെത്തുന്ന ആളുകളുടെ മൂത്രശങ്ക പരിഹരിക്കുവാൻ 12000 ശൗചാലയങ്ങൾ തീർക്കുമെന്ന് പറഞ്ഞതും സ്വാഗതാർഹമാണ്. ഓരോ വർഷവും 60000 പുതിയ ക്യാൻസർ രോഗികളുണ്ടാകുമെന്ന ആർ.സി.സി.യിലെ മെഡിക്കൽ ഓഫീസറുടെ വെളിപ്പെടുത്തൽ ആശങ്കയാണ് ഉളവാക്കുന്നത്. കേരളത്തിന്റേതായ അർബുദ മരുന്നുകൾ താങ്ങാവുന്ന വിലയിൽ വിപണിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ കൊണ്ടുവന്ന ഓങ്കോളജി പാർക്ക് ഏറെ ആശാവഹമാണ്, അഭിനന്ദിക്കുന്നു. പട്ടിണികൊണ്ട് മുണ്ടുമുറുക്കി ഇനി കേരളത്തിലെ ജനങ്ങൾക്ക് നടക്കേണ്ടി വരില്ല. 25 രൂപയ്ക്ക് ഊണ് കൊടുക്കുന്ന ആയിരം കുടുംബശ്രീ ഹോട്ടലുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. സാമ്പത്തിക ഞെരുക്കത്തിലും ആശാവർക്കർമാർ, പ്രീ പ്രൈമറി ടീച്ചർമാർ, ആയമാർ എന്നിവർക്ക് 500 രൂപയും പാചകത്തൊഴിലാളികൾക്ക് ദിനംപ്രതി 50 രൂപ വീതവും വർദ്ധിപ്പിക്കുവാനായി എടുത്ത തീരുമാനത്തെയും ഞാൻ സ്വാഗതം ചെയ്യുന്നു. ജനസംഖ്യാനുപാതത്തെക്കാൾ എസ്.സി./എസ്.ടി.

വിഭാഗത്തിന് അധികരിച്ച പദ്ധതി വിഹിതം മാറ്റിവച്ച ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്, ഞാൻ അഭിനന്ദിക്കുന്നു. വീടില്ലാത്ത പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് യു.ഡി.എഫ്. നിർമ്മിച്ചുകൊടുത്തത് 27,490 വീടുകളാണെങ്കിൽ ഈ ഗവൺമെന്റ് നാല് വർഷം കൊണ്ട് 59,926 വീടുകൾ പൂർത്തീകരിച്ചു. വീടിനോട് ചേർന്ന് ഒരു പഠന മുറി. പഠിച്ച് മിടുക്കരായാൽ വിദേശത്ത് ഉൾപ്പെടെ അവർക്ക് ജോലി കൊടുക്കുവാൻ കഴിയുന്നു. പഠിക്കുന്ന വിദ്യാർത്ഥികളുടെ ഗ്രാന്റ് വർദ്ധിപ്പിച്ച് കൊടുക്കുവാൻ ഈ ഗവൺമെന്റ് തയ്യാറായി. ഞങ്ങളുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്- ഇഷ്ടമില്ലാത്ത പെണ്ണ് തൊട്ടതൊക്കെ കുറ്റം തന്നെ എന്നാണ്. അതുപോലെയാണ് യു.ഡി.എഫ്. ഈ ഗവൺമെന്റ് ചെയ്യുന്ന എല്ലാ നല്ല പ്രവൃത്തികളെയും കുറ്റപ്പെടുത്തുകയാണ്, കുശുമ്പ് പറയുകയാണ്.

പ്രളയകാലത്ത് നാം ഒന്നിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യു.ഡി.എഫ്.-നോട് പറഞ്ഞപ്പോൾ ആദ്യഘട്ടത്തിൽ ഒന്നിച്ചു. കേരളീയർ അഭിമാനത്തോടും ആവേശത്തോടുംകൂടിയാണ് മുന്നിലേയ്ക്ക് വന്നത്. സാലറി ചലഞ്ച് വന്നപ്പോൾ ഒറ്റുകാരെപ്പോലെ പിന്നിൽനിന്ന് കുത്തിയത് യു.ഡി.എഫ്. ആയിരുന്നില്ലേ? ആ പ്രളയക്കെടുതി അതിജീവിക്കാനുള്ള പ്രവർത്തനങ്ങളെ...

ലോക കേരള സഭയുടെ ആദ്യഘട്ടത്തിൽ യു.ഡി.എഫ്. ഒന്നിച്ചുനിന്നു. നമ്മുടെ സഹോദരങ്ങളായ പ്രവാസികൾ ഏറെ അഭിമാനം കൊണ്ടു. നമ്മുടെ നാടിന്റെ വികസനത്തിൽ വലിയ പങ്ക് വഹിക്കുന്ന ലോക മലയാളികൾക്ക് ഇരിക്കാൻ കസേര ഒരുക്കിയതിന്റെ പേര് പറഞ്ഞു അതിനെയും തകർക്കാൻ ശ്രമിച്ചത് യു.ഡി.എഫ്. അല്ലേ? അപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് നാം ഒരുമിച്ച് നിൽക്കണമെന്നാണ്. നിങ്ങൾ തയ്യാറായില്ല. മതപരമായി ഭിന്നിച്ച് ഇന്ത്യയുടെ ഐക്യം തകർക്കുന്ന ദേശീയ പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രമേയം പാസ്സാക്കുമ്പോഴും പാളയത്ത് സത്യാഗ്രഹം നടത്തുമ്പോഴും യു.ഡി.എഫ്. ഒപ്പമുണ്ടായിരുന്നു. മതനിരപേക്ഷത ഉയർത്തിയ ഇന്ത്യൻ ജനതയ്ക്ക് ഏറെ ആവേശവും ഐക്യപ്പെടുത്തലുമാണ് അതിന്റെ ഭാഗമായി ഉണ്ടായത്. ഭരണഘടന സംരക്ഷണത്തിനായി കേരള ജനത ഐക്യത്തോടെ പോകുന്നതിനെ തടസ്സപ്പെടുത്തിയതും തകർത്തതും യു.ഡി.എഫ്. അല്ലേ? കേരളീയ സമൂഹം ഭരണഘടനാ സംരക്ഷണത്തിനായി മനുഷ്യ മഹാശ്രുംഖല തീർത്തപ്പോൾ യു.ഡി.എഫ്. കവിത ചൊല്ലുകയായിരുന്നു. മകനേ, ഇത് ഇന്ത്യയുടെ ഭൂപടം. എവിടെയാണ് നിങ്ങൾ ഭൂപടം തീർത്തത്; ചങ്കിടിപ്പോടെ എവിടെയാണ് നിങ്ങൾ ഭൂപടം തീർത്തത്? ചങ്ങരപ്പുള്ള സഖാവ്

പിണറായി വിജയൻ നേതൃത്വം കൊടുത്ത ഈ കേരളത്തിന്റെ മണ്ണിലാണ് നിങ്ങൾ ഭൂപടം തീർത്തത്. ആശങ്കയും ഭയപ്പാടുമായി ജീവിക്കുന്ന നിങ്ങൾ ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനത്ത് നിങ്ങളുടെ എം.പി.-മാരെക്കൊണ്ട് ഒരു കുഞ്ഞ് മാർച്ച് സംഘടിപ്പിക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞോ? അപ്പോഴാണ് ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളത്തിൽ ലോംഗ് മാർച്ച് സംഘടിപ്പിച്ചത്. ഇന്ത്യ സത്യാനന്തര കാലഘട്ടത്തിലാണ് - Post truth. ഹിറ്റ്ലർക്ക് നുണ പ്രചരിപ്പിക്കുന്ന ഫാക്ടറിയും അതിന് നേതൃത്വം കൊടുക്കാൻ പോൾ ജോസഫ് ഗീബൽസും ഉണ്ടായിരുന്നുവെന്നാണ് ചരിത്രം പറയുന്നത്. ഇന്ന് ലോകത്ത്  നുണ പ്രചരിപ്പിക്കുന്നതിൽ വമ്പനും മുന്നിലെത്തി നിൽക്കുന്നതും അമേരിക്കൻ പ്രസിഡന്റ് ട്രംപാണെങ്കിലും അതിനെയും മറികടക്കുന്ന തരത്തിലാണ് ശ്രീ. നരേന്ദ്രമോദിയും ശ്രീ. അമിത് ഷായും ബി.ജെ.പി.-യും എന്നാണ് പുതിയ സൂചന. ബി.ജെ.പി.-ക്കുവേണ്ടി നുണ പ്രചരിപ്പിക്കാൻ മൂന്ന് ഷിഫ്റ്റുകളിലായി പന്ത്രണ്ടായിരത്തിലധികം ആളുകൾ ഗുജറാത്തിൽ ശമ്പളത്തോടെ ജോലി ചെയ്യുന്നുണ്ടെന്നാണ് അറിയുന്നത്. യു.ഡി.എഫ്.-നുവേണ്ടി പ്രത്യേകിച്ച് കോൺഗ്രസിനുവേണ്ടി നുണ പ്രചരിപ്പിക്കുന്ന ഫാക്ടറിയുടെ നേതാവ് ഈ സഭയിലുണ്ടോയെന്നാണ് എന്റെ

സംശയം. 'ഊര് സ്വന്നാലും പേര് സ്വല്ലക്കൂടാത്' എന്നാണ് പാലക്കാട് പ്രമാണം. ആ പേര് പാലക്കാടിലുണ്ട്, ഒലവക്കോടിലില്ല. ടെന്നിലുണ്ട്, ഫൈവിലില്ല. മാത്യൂ ടി. തോമസിലുണ്ട്, ഉമ്മൻ ചാണ്ടി സാറിലില്ല. കോൺഗ്രസ് തകരുന്ന കപ്പലാണ്. സാക്ഷാൽ പടച്ചോൻ വിചാരിച്ചാലും കോൺഗ്രസിനെ രക്ഷിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. അര നൂറ്റാണ്ട് കേന്ദ്രവും പിന്നീട് ഡൽഹി സംസ്ഥാനവും ഭരിച്ച കോൺഗ്രസിന് ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ എഴുപതിൽ അറുപത്തിയേഴ് സീറ്റുകളിലും കെട്ടിവച്ച കാശ് നഷ്ടപ്പെട്ടുവെന്നാണ് ഇന്നലെ തെളിയിക്കപ്പെട്ടത്. മതനിരപേക്ഷതയുടെ കാവലാളായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതുപോലെ ഒന്നിച്ചുനിൽക്കാൻ യു.ഡി.എഫ്. ഇനിയെങ്കിലും തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

2018-ലെ പ്രളയകാലത്ത് പത്തുപേരുടെ ജീവൻ നഷ്ടപ്പെട്ടതും നെല്ലിയാമ്പതിയിലുൾപ്പെടെ മലയിടിച്ചിലും ഒറ്റപ്പെടലും ഏറെ ദുരിതവും അനുഭവിക്കേണ്ടിവന്ന നിയോജകമണ്ഡലമാണ് നെന്മാറ. 2009-ൽ അങ്ങ് മന്ത്രിയായിരിക്കുമ്പോൾ കൊല്ലങ്കോട് ട്രഷറിയുടെ ഭാഗത്ത് അനുവദിച്ച് നൽകിയ 50 സെന്റ് ഭൂമിയിൽ മുൻ എം.എൽ.എ.-യുടെ ആസ്തി വികസന

ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കൊല്ലങ്കോട് ഫയർ സ്റ്റേഷന് അനുമതി നൽകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. കഴിഞ്ഞ പത്ത് വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന നെന്മാറ ഐ.ടി.ഐ.-യ്ക്ക് ഇറിഗേഷൻ വകുപ്പിൽനിന്നും ഒരേക്കർ ഭൂമി വിട്ടുകിട്ടിയിട്ടുണ്ട്. നെന്മാറ ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളെ സംബന്ധിച്ച് ജില്ലാതലത്തിൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ചുകൊണ്ട് അവലോകനം നടത്താൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്ന് മറുപടി പറയുകയാണ്. ആളുകൾ വളരെയേറെ വിഷമിക്കുന്ന സമയമാണിത്. സമയക്കുറവുകൊണ്ട് എല്ലാ മേഖലയിലേയ്ക്കും കടക്കുന്നില്ല. അങ്ങ് കൊണ്ടുവന്ന പുതിയ നികുതികൾ സാമാന്യ ജനങ്ങളെയാണ് ഏറെ ബാധിക്കുന്നത്. വില്ലേജ് ഓഫീസുവഴി വാങ്ങുന്ന ലൊക്കേഷൻ മാപ്പിന് 200 രൂപയും തണ്ടപ്പേരിന്റെ പകർപ്പെടുക്കാൻ 100 രൂപയുമാണ് ഈടാക്കുന്നത്. പോക്കുവരവ് ഫീസ് ഇരട്ടിയായും മൂന്നിരട്ടിയായും വർദ്ധിപ്പിച്ചു. ജനങ്ങളുടെ മേൽ

ഭാരം അടിച്ചേല്പിക്കുന്ന ഈ നികുതികൾ അങ്ങ് പിൻവലിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്, അത് ചെയ്യണം. കൃഷിക്കാർക്കുവേണ്ടി എന്തൊക്കെയോ ചെയ്തുവെന്നാണ് പറഞ്ഞത്. എന്താണ് ചെയ്തത്? ഉല്പാദനക്ഷമതയുടെ കാര്യത്തിൽ കേരളത്തിൽ പിടിച്ചുനിന്ന ഒരു കൃഷിയായിരുന്നു റബ്ബർ. ബാക്കിയെല്ലാം തകർന്നു. ആ റബ്ബറിന് വിലസ്ഥിരതാ ഫണ്ടിന്റെ അടിസ്ഥാന വിലയായി 150 രൂപ കൊടുത്തത് മാണി സാറാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നിട്ട് ഇപ്പോൾ അഞ്ചാം വർഷമാണ്. വിലസ്ഥിരതാ ഫണ്ടിലെ 150 രൂപ എന്നുള്ളത് ഇപ്പോൾ കൃഷിക്കാർക്ക് ഒരുതരത്തിലും പിടിച്ചുനിൽക്കാൻ കഴിയാത്ത വിലയാണ്. നാല് വർഷമായി ധനകാര്യ വകുപ്പുമന്ത്രിയോട് ഞങ്ങൾ പറയുന്നതാണ്, ഈ വർഷമെങ്കിലും അത് ഉയർത്തണം. ഇപ്പോൾ റബ്ബർ കൃഷി എല്ലാവരും ഉപേക്ഷിക്കുകയാണ്. കേരളത്തിൽ റബ്ബർ കൃഷിയെ പിടിച്ചുനിർത്താനായി ഇപ്പോൾ കൊടുക്കുന്ന 150 രൂപ 250 രൂപയായി വർദ്ധിപ്പിക്കണമെന്നാണ് കേരള കോൺഗ്രസ് പാർട്ടി ആവശ്യപ്പെടുന്നത്. ഇക്കാര്യത്തിൽ അങ്ങേയ്ക്ക് ചെയ്യാൻ കഴിയുന്നതിന്റെ മാക്സിമം ചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. ഇവിടെ നെല്ലിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. ധാരാളം

നേട്ടങ്ങളെക്കുറിച്ച് പറയുമ്പോഴും രണ്ടാം കൃഷിയുടെ നെല്ലിന്റെ വില ഇതുവരെ കൊടുത്തിട്ടില്ല. നെല്ല് എടുത്തിട്ട് രണ്ട് മാസം കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് തരാനുണ്ടെന്ന് പറഞ്ഞ് നീട്ടിക്കൊണ്ട് പോകുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ തൊട്ടടുത്ത പ്രദേശങ്ങളാണ് കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകൾ. കൃഷിക്കാരിൽനിന്നും വാങ്ങിയ നെല്ലിന്റെ വില കൊടുത്ത് അവരെ സഹായിക്കണം. പ്രതിപക്ഷ എം.എൽ.എ.-മാർക്കാണ് കൂടുതൽ തുക കൊടുക്കുന്നതെന്ന് ഇവിടെ പറഞ്ഞു. ഇന്നലെ മുതൽ ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ പ്രതിപക്ഷ എം.എൽ.എ.മാരും സംസാരിച്ചത് അങ്ങ് ശ്രദ്ധിച്ചുകാണും. അഞ്ചാം വർഷം അങ്ങ് ഇങ്ങനെയൊരു ചീത്തപ്പേര് കേൾക്കുന്നത് എന്തിനാണ്? എല്ലാ പ്രതിപക്ഷ മെമ്പർമാരോടും അവരവരുടെ മണ്ഡലങ്ങളിലെ 20 വർക്കിന്റെ ലിസ്റ്റ് കൊടുക്കാൻ പറഞ്ഞിട്ട് ഒരു വർക്കിന് മാത്രമാണ് 20 ശതമാനം തുക വച്ചിട്ടുള്ളത്. ഞാൻ ബഡ്ജറ്റിന്റെ പേജ് മറിച്ചുനോക്കിയപ്പോൾ എന്റെ അടുത്തുള്ള ഒരു എൽ.ഡി.എഫ്. എം.എൽ.എ.-യുടെ എല്ലാ വർക്കിനും 20 ശതമാനം വച്ചിരിക്കുകയാണ്. ചങ്ങനാശ്ശേരി മണ്ഡലത്തിലെ 20 വർക്കിൽ ഒരു വർക്കിനാണ് 20 ശതമാനമുള്ളത്. ബാക്കിയെല്ലാം നൂറ് രൂപയുടെ ടോക്കൺ പ്രൊവിഷനാണ്. ഇവിടെയിരിക്കുന്ന

എല്ലാ പ്രതിപക്ഷ എം.എൽ.എ.മാരുടെയും ഗതി അതാണ്. അത് ശരിയാണോ; സ്റ്റേറ്റിന്റെ പണം ആരുടേതാണ്; സി.പി.ഐ.(എം)-ന്റേത് മാത്രമാണോ? സർക്കാർ ജനങ്ങളുടേതാണ്. പൗരന്മാർ കൊടുക്കുന്ന നികുതിയാണ് ഇങ്ങനെ വീതിക്കുന്നത്. അതിൽ പ്രതിപക്ഷാംഗങ്ങൾക്ക് പണമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങനെയൊരു ചീത്തപ്പേര് ഈ വർഷത്തിൽ വാങ്ങുന്നത് ശരിയാണോ? അങ്ങത് തീർച്ചയായും പരിശോധിക്കണമെന്ന് ഞാൻ പ്രത്യേകമായി ആവശ്യപ്പെടുന്നു. കൃഷിക്കാർ നിരാശരാണ്. കൃഷിക്കാരെ വിസ്മരിച്ച ബഡ്ജറ്റ് എന്ന പേരുദോഷം മാറ്റാനുള്ള പ്രഖ്യാപനങ്ങൾ അങ്ങയുടെ മറുപടിയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, കേരള വികസന മാതൃകയുടെ പുതിയ പതിപ്പിന്റെ തുടർപ്രഖ്യാപനമായി ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച 2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. രാജ്യത്തെ സാമ്പത്തികമാന്ദ്യം പിടികൂടിയ പശ്ചാത്തലത്തിലും കേന്ദ്രത്തിന്റെ കടുത്ത അവഗണനയിലുമാണ് ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചതെന്ന് നാം മനസ്സിലാക്കുകയാണ്. സംസ്ഥാനം നാളിതുവരെ കൈവരിച്ച സാമൂഹ്യനേട്ടങ്ങൾ സംരക്ഷിച്ച് കാർഷിക

വ്യാവസായിക മേഖലകളിൽ പുതിയ നേട്ടങ്ങൾക്കായി, ഒരു സുസ്ഥിര വികസനത്തിനായി പുതിയ ദിശാബോധം നൽകുന്ന സഖാവ് പിണറായി സർക്കാരിന്റെ ഒരു ചുവടുകൂടി മുന്നോട്ടുവയ്ക്കാൻ ഈ ബഡ്ജറ്റ് ഉപകരിക്കുമെന്ന പ്രതീക്ഷയാണുള്ളത്. എല്ലാ ക്ഷേമപെൻഷനുകൾക്കും 100 രൂപ വർദ്ധിപ്പിച്ചു. അതോടുകൂടി ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്ഷേമപെൻഷനുകൾ 500 രൂപയിൽനിന്ന് 800 രൂപയായി വർദ്ധിപ്പിച്ച് ഇപ്പോൾ 1300 രൂപയിലെത്തി. ഈ ഗവൺമെന്റ് അടുത്ത തെരഞ്ഞെടുപ്പിനെ നേരിടുമ്പോൾ സ്വാഭാവികമായും നേരത്തെ വ്യക്തമാക്കിയതുപോലെ അത് 1500 രൂപയിലെത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഭവനരഹിതർക്ക് രണ്ട് ലക്ഷം വീടുകൾ നൽകി. കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ ഈ രംഗത്ത് വീരഗാഥയാണ് രചിച്ചത്. ആർദ്രം പദ്ധതിയിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി പാവപ്പെട്ടവർക്ക് ചികിത്സാ സൗകര്യമൊരുക്കി. പൊതുവിദ്യാഭ്യാസം നൽകുന്നതുവഴി പുതിയൊരു അദ്ധ്യായം കേരളത്തിൽ സൃഷ്ടിച്ചു. ഹരിത മിഷനുകളെ ശക്തിപ്പെടുത്തി. കേരളത്തിന്റെ മണ്ണും പുഴയും കുന്നുകളും പ്രകൃതിയുമെല്ലാം സംരക്ഷിക്കാനും ബഡ്ജറ്റിൽ പദ്ധതികളുണ്ട്. ദേശീയത, മതനിരപേക്ഷത, ജനാധിപത്യം എന്നീ മൂല്യങ്ങളിലും ത്വരിതമായ സാമ്പത്തിക

വികാസം, വിപ്ലവാത്മകമായിട്ടുള്ള സാമൂഹിക പരിവർത്തനം എന്നീ ലക്ഷ്യങ്ങളിലും ഊന്നിക്കൊണ്ട് നമ്മുടെ നാടിനെ ലോകത്തിന്റെ മുന്നിലേയ്ക്ക് കൊണ്ടുവരാൻ നടത്തുന്ന പരിശ്രമത്തെ പ്രതിപക്ഷം ബോധപൂർവ്വം മൂടിവയ്ക്കുകയാണ്. ഇന്ത്യയുടെ 73 ശതമാനത്തോളം സമ്പത്ത് ഒരു ശതമാനം ശതകോടീശ്വരന്മാരുടെ കൈകളിലാണ്. ഏതാനും ദിവസങ്ങളോ മാസങ്ങളോ കൊണ്ട് നേടിയതല്ല. അര നൂറ്റാണ്ട് അഥവാ അമ്പത് വർഷക്കാലം ഈ രാജ്യം ഭരിച്ചത് കോൺഗ്രസാണ്. സ്വതന്ത്ര ഇന്ത്യയിൽ ഇതര ഗവൺമെന്റുകൾ ഭരണം നടത്തിയ കാലത്താണ് ക്രമമായി ശതകോടീശ്വരന്മാർ ഈ 73 ശതമാനം സമ്പത്തും കയ്യടക്കിയത്. സമ്പത്ത് വർദ്ധിപ്പിക്കുക എന്നത്, ആരുടെ സമ്പത്ത് വർദ്ധിപ്പിക്കുക എന്നതാണ് പ്രസക്തമായ ചോദ്യം. സാധാരണ ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണർവ്വുണ്ടാകൂ എന്നാണ് നിയമം. മുതലാളിത്ത അർത്ഥശാസ്ത്രകാരന്മാർപോലും ഇത് വ്യക്തമാക്കിയിട്ടുള്ളതാണ്. കഴിഞ്ഞ 5 വർഷത്തെ കേന്ദ്ര ബഡ്ജറ്റുകൾ കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന് പ്രഖ്യാപിച്ചു. കാർഷിക പുനരുദ്ധാരണത്തിന് വിവിധ പദ്ധതികൾ പ്രഖ്യാപിച്ചു. എല്ലാം പരാജയപ്പെട്ടു. കാർഷിക - വ്യാവസായിക മേഖല, വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന

വികസന മേഖല ഇവയിൽ സ്വകാര്യവത്കരണം അല്ലെങ്കിൽ വിദേശനിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന നയമാണ് കേന്ദ്രം മുന്നോട്ടുവയ്ക്കുന്നത്. അതുവഴി കോർപ്പറേറ്റുകൾക്ക് ഇൻഡ്യൻ സമ്പദ്‌വ്യവസ്ഥയിൽ ശക്തമായി ഇടപെടാനും സമ്പത്ത് കൊള്ളയടിക്കാനുമുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയാണ് ചെയ്യുന്നത്. നമ്മുടെ രാജ്യത്തിന് 87.97 ലക്ഷം കോടി രൂപയുടെ ആഭ്യന്തര കടവും 2.58 ലക്ഷം കോടി രൂപയുടെ വിദേശ കടവുമാണുള്ളത്. എന്നിട്ടും 1.55 ലക്ഷം കോടി രൂപയുടെ നികുതിയിളവുകൾ കോർപ്പറേറ്റുകൾക്ക് കേന്ദ്രഗവൺമെന്റ് നൽകുകയാണ്. അധഃസ്ഥിത ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള ഒരു പ്രഖ്യാപനംപോലും കേന്ദ്ര ബഡ്ജറ്റിൽ ഇല്ല. അതിനെ പ്രതിപക്ഷം ചോദ്യം ചെയ്യുന്നില്ല. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം വീണ്ടും വെട്ടിക്കുറച്ച് 9500 കോടി രൂപയുടെ കുറവാണ് വരുത്തിയിരിക്കുന്നത്. 2019-20-ൽ 71,001 കോടി രൂപ ബഡ്ജറ്റിൽ ഉണ്ടായിരുന്നത് 61600 കോടി രൂപയായി കുറച്ചു. നമ്മുടെ രാജ്യത്തെ രക്ഷിക്കാൻ ഈ മാന്ദ്യകാലത്ത് ചുരുങ്ങിയത് ഒന്നര ലക്ഷം കോടി രൂപയെങ്കിലും ബഡ്ജറ്റിലൂടെ മാറ്റിവയ്ക്കണമായിരുന്നു.

കേരളത്തോട് കടുത്ത അവഗണനയാണ് കാട്ടുന്നത്. ഈ കഴിഞ്ഞ

ബഡ്ജറ്റിൽ നികുതി വിഹിതത്തിൽ 5000 കോടി രൂപയുടെ കുറവാണുള്ളത്. തൊഴിലില്ലായ്മ, ഗ്രാമീണ മേഖലയിലെ കൊടിയ ദാരിദ്ര്യം, കാർഷിക മേഖലയിലെ പ്രതിസന്ധി തുടങ്ങി രാജ്യം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. ഇൻഡ്യയിൽ ഇന്ന് അനുഭവിക്കുന്ന സാമ്പത്തിക മാന്ദ്യത്തിൽനിന്ന് കരകയറാൻ സാധാരണ ജനങ്ങളുടെ കയ്യിൽ നേരിട്ട് പണമെത്തുന്ന രീതിയിലുള്ള ക്ഷേമ പ്രവർത്തനങ്ങളും അവരുടെ വാങ്ങൽശേഷിയും വർദ്ധിപ്പിക്കുന്നതിനുള്ള നയങ്ങളും സ്വീകരിക്കേണ്ടത് എൽ.ഡി.എഫ്-ന്റെ കടമയാണ്. ആ യാഥാർത്ഥ്യ ബോധത്തോടെയുള്ള വികസന സമീപനം സ്വീകരിച്ചുകൊണ്ടാണ് കേരളത്തിൽ ഈ ഗവൺമെന്റ് മുന്നേറുന്നത്. സാമ്പത്തിക അവലോകന റിപ്പോർട്ട് 2019-ൽ വെളിപ്പെടുത്തുന്നത്, 2018-19 സാമ്പത്തിക വർഷത്തിൽ കേരളം 7.5 ശതമാനം വളർച്ച കൈവരിച്ചുവെന്നാണ്. മുൻവർഷത്തെ അപേക്ഷിച്ച് ഇത് വർദ്ധിച്ചു. ആഗോള സാമ്പത്തിക വളർച്ച 3.9 ശതമാനമാണ്. ക്ഷേമാധിഷ്ഠിത വികസന സമീപനം സ്വീകരിച്ചതുകൊണ്ടാണ് ഈ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞത്. പൊതുസമൂഹത്തിൽ നിക്ഷേപം നടത്തുക, എല്ലാവർക്കും സാമൂഹ്യനീതി ഉറപ്പാക്കുക, സമ്പദ്‌വ്യവസ്ഥയിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ

പ്രോത്സാഹിപ്പിക്കുക, ഇതുവഴിയാണ് നേട്ടം കൈവരിക്കാൻ കഴിയുന്നത്, ഇന്നത്തെ കാലത്ത് 'ബദൽ' എന്നുള്ള നിലയിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്നത്. ഐക്യരാഷ്ട്രസംഘടന വിഭാവന ചെയ്ത് നടപ്പിലാക്കുന്ന സുസ്ഥിരവികസന നേട്ടത്തിൽ തുടർച്ചയായി കേരളം ഒന്നാം സ്ഥാനത്താണ്. പ്രതിപക്ഷം ഈ കണക്കുകൾ പരിശോധിക്കുന്നുണ്ടോയെന്ന് എനിക്ക് സംശയമാണ്. ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, കാർഷിക സംരക്ഷണം, പശ്ചാത്തല സൗകര്യങ്ങളുടെ വികസനം എന്നിവയിലാണ് കേരളത്തിന് ഒന്നാം സ്ഥാനത്ത് എത്താൻ കഴിഞ്ഞത്.

കഴിഞ്ഞ രണ്ട് പ്രളയവും ജി.എസ്.ടി. നടപ്പിലാക്കിയതും ഇതിലെ പ്രശ്നങ്ങളും നോട്ടുനിരോധനത്തിലെ സങ്കീർണ്ണതകളുടെയും നടുവിലാണ് കേരളം മികച്ച വളർച്ചാനിരക്കിൽ എത്തിയതെന്ന കാര്യം ഗൗരവപൂർവ്വം പ്രതിപക്ഷം പരിശോധിക്കണമെന്നാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന. ജനങ്ങളുടെ ക്ഷേമത്തിനും സാമൂഹ്യസുരക്ഷയ്ക്കും പ്രാധാന്യം നൽകുന്ന ബഡ്ജറ്റായി ഇത് മാറാൻ പോകുകയാണ്. സാധാരണ ജനവിഭാഗത്തിന് സാമൂഹ്യസുരക്ഷ ഏർപ്പെടുത്താൻ സഹായിക്കുന്ന 25/- രൂപയ്ക്ക് ഭക്ഷണം ഒരു നൂതന ആശയമാണ്. സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകളുടെയും കുട്ടികളുടെയും

ആരോഗ്യ-സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കും ബഡ്ജറ്റിൽ ഊന്നൽ നൽകുന്നുണ്ട്.

25 വർഷം പൂർത്തീകരിക്കുന്ന ജനകീയാസൂത്രണം, അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയ പങ്കാളിത്തത്തിന്റെയും മഹനീയ അനുഭവങ്ങൾ നമ്മുടെ സംസ്ഥാനത്തിനുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രകൃതി ദുരന്തത്തെ മറികടക്കാൻ പ്രാദേശിക തലത്തിൽ പ്രതിരോധ സംവിധാനമുണ്ടാക്കുന്നത് ഒരു പുതിയ ചുവടുവയ്പ്പാണ്. കിഫ്ബി പദ്ധതികൾ ഇന്നത്തെ സാമ്പത്തിക മാന്ദ്യത്തെ മറികടക്കാൻ ഏറ്റവും മികച്ച മാതൃകയാണ്. പുതിയ തലമുറയുടെ ആവശ്യം മനസ്സിലാക്കി കേരളത്തിന്റെ അടിസ്ഥാന വികസന കുതിപ്പിനായി 54,000 കോടി രൂപയുടെ നിക്ഷേപം അസൂയാവഹമാണ്. ഇനിയും അത് തുടരുമെന്ന് ബഡ്ജറ്റ് വ്യക്തമാക്കി. അനന്ത സാധ്യതകളുള്ള വികസനം സാധ്യമാക്കാൻ പോകുന്ന ഈ നിക്ഷേപത്തെപ്പോലും അസത്യങ്ങളും അർദ്ധസത്യങ്ങളും പ്രചരിപ്പിച്ച് പ്രതിപക്ഷം തടസ്സപ്പെടുത്തുകയാണ് .

തിരുവനന്തപുരം ജില്ലയുടെ വികസനവുമായി ബന്ധപ്പെട്ട്, പത്രമാധ്യമങ്ങളിലും നിയമസഭയ്ക്കകത്തും ഉയർന്നുവന്ന ചില കാര്യങ്ങൾ

പരാമർശിക്കാതെ പോകുന്നത് ശരിയല്ല. കോവളത്തിന് കിട്ടിയില്ല; അല്ലെങ്കിൽ മറ്റ് മണ്ഡലങ്ങൾക്ക് കിട്ടിയില്ല; എന്നൊക്കെ പറഞ്ഞു. യഥാർത്ഥത്തിൽ തിരുവനന്തപുരം ജില്ലയിൽ കിഫ്ബി ഫണ്ട് ഏറ്റവും കൂടുതൽ കൈകവശപ്പെടുത്തിയത് ശ്രീ. കെ. എസ്. ശബരീനാഥനും ശ്രീ. എം. വിൻസെന്റുമാണ്. രണ്ടുപേരും പറയുന്നത് ഞങ്ങൾക്കൊന്നും കിട്ടിയില്ലായെന്നാണ്. ഗവൺമെന്റ് കോവളം ജലപാതയ്ക്കുവേണ്ടിയും കാസർഗോഡുമായി ബന്ധപ്പെട്ട ജലപാതയെ കണക്റ്റ് ചെയ്യാനും എത്രകോടി രൂപയാണ് ചെലവഴിക്കുന്നത്? കരമന-കളിയിക്കാവിള റോഡിന്റെ നിർമ്മാണം നടന്നാൽ, ശ്രീ. എം. വിൻസെന്റിന്റെ മണ്ഡലത്തിന്റെ ഹൃദയഭാഗം സ്വർഗ്ഗതുല്യമായി മാറാൻ പോകുകയാണ്. ശ്രീ. കെ. എസ്. ശബരീനാഥന്റെ മണ്ഡലത്തിൽ, (അദ്ദേഹം ഇപ്പോൾ സീറ്റിലില്ല) 71 കോടി രൂപയുടെ ആനവളർത്തൽ കേന്ദ്രം, മനോഹരമായ റോഡുകൾ, ഇതെല്ലാം എത്ര കോടി രൂപയുടേതാണ്? അതുപോലെ മലയോര ഹൈവേ, എന്റെ മണ്ഡലത്തിൽകൂടി 28 കിലോമീറ്റർ ദൂരം സഞ്ചരിക്കുമ്പോൾ ഏകദേശം 20 കിലോമീറ്ററോളം ദൂരം ശ്രീ. കെ. എസ്. ശബരീനാഥന്റെ മണ്ഡലത്തിലാണ്. അത് മനോഹരമായി നിർമ്മിച്ച് പൂർത്തിയാക്കി കോടിക്കണക്കിന് രൂപയുടെ വികസന

പ്രവർത്തനങ്ങൾ സ്വായത്തമാക്കിയതിനുശേഷമാണ് ഈ ആരോപണവുമായി രംഗത്തുവന്നത്. ശ്രീ. എം. വിൻസെന്റിന്റെ മണ്ഡലത്തിൽ ഇതുമാത്രമാണോ?

മി. ചെയർമാൻ: പ്ലീസ് ....പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, പോർട്ടിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് 292 കോടി രൂപ ഉപയോഗിച്ചുവെന്ന് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി നിയമസഭയിൽ വ്യക്തമാക്കി. ഈ ഗവൺമെന്റ് എത്രയെത്ര പ്രവർത്തനങ്ങൾക്കാണ് നേതൃത്വം കൊടുക്കുന്നത്. ഈ ഗവൺമെന്റിന്റെ പണം പറ്റിക്കൊണ്ട് ദുരൂഹതകൾ ഉണ്ടാക്കുന്നത് ശരിയായിട്ടുള്ള രീതിയല്ല എന്ന് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. തിരുവനന്തപുരം ജില്ലയ്ക്ക്.......717 കോടി രൂപ....ഒരു സെക്കൻഡ്, (....മൈക്ക് ഓഫ്...........)

ശ്രീ. ടി. ജെ. വിനോദ്: സർ, 2020 ഫെബ്രുവരി മാസം 7-ാം തീയതി സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രതിപക്ഷ എം.എൽ.എ-മാരോട് നിഷേധാത്മകമായ നിലപാട് സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. സംസ്ഥാനം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ബഹുമാനപ്പെട്ട ധനമന്ത്രി ബഡ്ജറ്റ്

പ്രസംഗത്തിൽ ആശങ്ക പ്രകടിപ്പിച്ചിരുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ വരുമാന വളർച്ച ശരാശരി 13 ശതമാനം മാത്രമാണെന്നാണ് ധനമന്ത്രി പറഞ്ഞിരിക്കുന്നത്. ഇത് ശരിയല്ല, യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ശരാശരി 13 ശതമാനം വളർച്ചയുണ്ടായെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് 10 ശതമാനം ശരാശരി വളർച്ചയെ ഉണ്ടായിട്ടുള്ളൂ. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പുറത്തിറക്കിയ ധവളപത്രത്തിൽ, 30 ശതമാനം വരെ വരുമാന വളർച്ച ഈ സർക്കാരിന്റെ കാലത്തുണ്ടാകുമെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ വരുമാന വളർച്ച കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തേക്കാൾ കുറയുകയും റവന്യൂ ചെലവ് ക്രമാതീതമായി വർദ്ധിക്കുകയും സംസ്ഥാനത്തിന്റെ കടബാധ്യത ഭീകരമായി ഉയരുകയും ചെയ്തു. റവന്യൂ വരുമാന വർദ്ധനവ് 18 മുതൽ 20 ശതമാനമായി ഉയർത്തിയാൽ മാത്രമേ കമ്മി കുറയ്ക്കാൻ കഴിയൂവെന്നാണ് ബഡ്ജറ്റിൽ സൂചിപ്പിക്കുന്നത്. എന്നാൽ ഈ സർക്കാരിന്റെ കഴിഞ്ഞ നാലുവർഷക്കാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഇതിന് കഴിയില്ലെന്ന് വ്യക്തമാണ്. ഇത് സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ പിടിപ്പുകേടാണ് എന്നുള്ളത് വളരെ വ്യക്തമാണ്. ഇവിടെ തിരുവനന്തപുരത്തെ എം.എൽ.എ-മാരെ തഴഞ്ഞു; കൊച്ചിക്ക് വാരിക്കോരി കൊടുത്തു; എന്നൊക്കെ

വലിയ പ്രചരണം നടക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 6000 കോടി രൂപയുടെ വികസന പദ്ധതികൾ കൊച്ചിയിൽ നടക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നുണ്ട്. അതിനാവശ്യമായ സാമ്പത്തിക വിഭവ സമാഹരണം ഈ ബഡ്ജറ്റിൽ എവിടെയും അന്വേഷിച്ചിട്ട് കാണാൻ കഴിയുന്നില്ല. കൊച്ചി 'ഗ്രീൻ മൊബിലിറ്റി സോൺ' എന്നൊരു പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. 2017-ൽ സംസ്ഥാന സർക്കാർ പൊതു ഗതാഗത ശാക്തീകരണത്തിന്റെ വിവിധ മാർഗ്ഗങ്ങൾ കൊച്ചിയിൽ ആരംഭിക്കുന്നതിനായി കൊച്ചി മെട്രോ റെയിലിനെ ചുമതലപ്പെടുത്തിയതനുസരിച്ച് എല്ലാ ബസുകളിലും ജി.പി.എസ്. അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഒരുക്കി. എല്ലാവരും ഒരേ യാത്രക്കാർ എന്ന നിലയിൽ കൊച്ചിയിലെ 150 സ്വകാര്യ ബസുകളിൽ 'കൊച്ചി വൺ കാർഡ്' സംവിധാനം ഏർപ്പെടുത്തുന്ന വിധത്തിലുള്ള ഇലക്ട്രോണിക് ട്രാക്കിംഗ് മെഷീൻ ലഭ്യമാക്കി. യാത്ര സൗഹൃദമാക്കുന്നതിനായി യാത്രാ വിവര സഹായ സംവിധാനം എന്ന നിലയിൽ ഈ ബസുകളിൽ സ്ക്രീൻ ഘടിപ്പിക്കുകയും അതിലൂടെ യാത്രക്കാർക്ക് തൽസമയ വാർത്തകളും റോഡ് സുരക്ഷാ അറിയിപ്പുകളും യാത്രാ വിവരങ്ങളും നൽകി വരികയുമാണ്. കൂടാതെ ബസിന്

അകത്തും പുറത്തും നിരീക്ഷണ ക്യാമറകൾ ഘടിപ്പിച്ച് സുരക്ഷാ സംവിധാനം ശക്തമാക്കി യാത്ര സുഗമവും സുരക്ഷിതവുമാക്കുന്നുവെന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. കഴിഞ്ഞ ഒരു വർഷക്കാലമായി കൊച്ചി നഗരത്തിൽ നടക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിനോ ബസ് ഉടമകൾക്കോ ഒരു രൂപപോലും ചെലവ് വരുന്നില്ല. ആക്സിസ് ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ പി.പി.പി. മോഡലിൽ ടി പദ്ധതി കൊച്ചി നഗരത്തിൽ നടക്കുന്നതാണെന്നുള്ള വസ്തുത സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കൊച്ചി മെട്രോ റെയിലിന് 3,025 കോടി രൂപയുടെ വികസന പ്രവർത്തനം നടത്തുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്ന് കാക്കനാട് ഇൻഫോപാർക്കിലേയ്ക്കും പേട്ടയിൽ നിന്ന് തൃപ്പൂണിത്തുറയിലേയ്ക്കുമുള്ള പദ്ധതി ആരംഭിച്ചിട്ട് വളരെ നാളുകളായി. കഴിഞ്ഞ വർഷംതന്നെ ഇതുമായി ബന്ധപ്പെട്ട ഡി.പി.ആർ. സംസ്ഥാന ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

വാട്ടർ മെട്രോയ്ക്ക് 682 കോടി രൂപയുടെ പദ്ധതിയാണ് ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. ഈ പദ്ധതിയെക്കുറിച്ച് കഴിഞ്ഞ മൂന്ന് വർഷമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ രണ്ട് ബോട്ട് ജെട്ടികളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. വരുന്ന നവംബറിൽ 26 ബോട്ടുകൾ വരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കെ.എഫ്.ഡബ്ല്യു. എന്ന ജർമ്മൻ കമ്പനിയുടെ 85 മില്യൺ ഡോളർ യൂറോ സാമ്പത്തിക വായ്പാ സഹായത്തോടെ നടത്തുന്നൊരു പദ്ധതിയാണിത്. ഇതിനെല്ലാം മേൽനോട്ടം വഹിക്കുന്ന കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് 2.50 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ ആകെ വകയിരുത്തിയിരിക്കുന്നതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

വാട്ടർ മെട്രോ പദ്ധതിക്കുവേണ്ടി സോളാർ ബോട്ടുകൾ അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലുണ്ട്. 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' പദ്ധതിയുമായി ബന്ധപ്പെട്ട് 65 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞു. ടി പദ്ധതിക്കായി 10 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ടി പദ്ധതി പൂർത്തീകരിക്കാനായി 50 കോടി രൂപയെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും

ജനോപകാരപ്രദമായ നടപടികൾ സ്വീകരിക്കാത്ത ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. ഒരു ഗവൺമെന്റ് അധികാരത്തിൽ എത്തുന്നതിനുമുമ്പ് ജനങ്ങളുടെ മുമ്പിൽ വയ്ക്കുന്ന പ്രകടനപത്രികയുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങളുടെ മുമ്പിൽ വച്ച പ്രകടനപത്രികയിലെ ഏതാണ്ട് 90 ശതമാനത്തോളം കാര്യങ്ങളും നടപ്പിലാക്കി എന്ന പ്രഖ്യാപനത്തിലൂടെയാണ് ഈ ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടത്. തീർച്ചയായും ഒരു മുപ്പത് നാൽപ്പത് വർഷത്തിനുള്ളിൽ വലിയ മാറ്റങ്ങളുണ്ടാകുന്ന തരത്തിൽ ഈ നിയമസഭയിലിരിക്കുന്ന എല്ലാ എം.എൽ.എ.മാരുടെയും മണ്ഡലങ്ങളിൽ ധാരാളം ഗവൺമെന്റ് സ്കൂളുകൾക്ക് കെട്ടിടങ്ങൾ വച്ചുകൊടുത്തുകൊണ്ട് വലിയൊരു മാറ്റം വിദ്യാഭ്യാസ രംഗത്തുണ്ടാക്കി. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നത് വലിയ വിജയമായി മാറുകയാണ്. ഈ പദ്ധതിയിലൂടെ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചവർക്കെല്ലാം പുതിയ ഫർണിച്ചറുകൾ നൽകുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അവിടെയെത്തുന്ന കുട്ടികളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിലൂടെ 5 ലക്ഷം കുട്ടികളെ സ്വകാര്യ

സ്കൂളുകളിൽ നിന്നും സർക്കാർ മേഖലയിലെ സ്കൂളുകളിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് പറയുന്നത് ഈ സർക്കാരിന്റെ വലിയൊരു നേട്ടമാണ്.

പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കിഫ്ബിയിലൂടെയും അതല്ലാതെയും നിർമ്മിച്ച റോഡുകളെല്ലാം നല്ല നിലവാരം പുലർത്തുന്നവയാണ്. കാലാവസ്ഥ പ്രതികൂലമായി വന്നിട്ടും വളരെ നല്ല നിലവാരം പുലർത്തുന്ന തകരാത്ത റോഡുകൾ നിർമ്മിക്കാൻ കഴിഞ്ഞു. പറഞ്ഞ വാക്കിന് വിലയും ചെയ്യുന്ന പ്രവൃത്തികൾക്ക് ക്വാളിറ്റിയുമുള്ളൊരു സംവിധാനമാണ് ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നതെന്ന് തെളിയിച്ച് കഴിഞ്ഞിരിക്കുകയാണ്.

കേന്ദ്ര ഗവൺമെന്റ് രാജ്യത്തെ ജനങ്ങളെ ഭിന്നിപ്പിക്കുകയും ജനങ്ങളുടെ വ്യക്തിത്വത്തെയും അവകാശങ്ങളെയും ഭരണഘടനയെയും ചോദ്യം ചെയ്യപ്പെടുന്ന (നിയമ ഭേദഗതികൾ) പൗരത്വ ബിൽ പോലുള്ള രാജ്യദ്രോഹപരമായ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അതിനെ എതിർക്കുന്നൊരു ഗവൺമെന്റ് കേരളം ഭരിക്കുകയാണ്. അങ്ങനെ എതിർത്ത ഒരേയൊരു ഗവൺമെന്റാണ് കേരളാ ഗവൺമെന്റ്. ഈ നിയമസഭയിലാണ് ആദ്യമായി അതിനെതിരെ പ്രമേയം കൊണ്ടുവന്നത്. പ്രതിഷേധം തീർക്കാൻ

വേണ്ടി ബി.ജെ.പി. ഗവൺമെന്റ് കേരള സർക്കാരിനെ ഞെരുക്കുകയാണ്. ഡിസംബർ മാസം മുതൽ ജി.എസ്.ടി. -യുടെ നഷ്ടപരിഹാരം നികത്തുന്നില്ല. ഫെബ്രുവരിയോടുകൂടി 3,000 കോടി രൂപയുടെ കുടിശ്ശിക വരും. അതുകൊണ്ടെല്ലാം ഞെരുങ്ങുമ്പോഴും സാധാരണക്കാരായ ജനങ്ങൾക്കുവേണ്ടി ക്ഷേമ പദ്ധതികളിൽ വർദ്ധനവുണ്ടാക്കിക്കൊണ്ട് കഴിഞ്ഞ ഗവൺമെന്റ് കൊടുത്തതിനെക്കാൾ ലക്ഷക്കണക്കിന് ആളുകൾക്ക് കൃത്യമായി കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. അതുപോലെ ആശാവർക്കർമാരുടെയും അങ്കണവാടി ടീച്ചർമാരുടെയും വരുമാനം വർദ്ധിപ്പിക്കാനുള്ള തീരുമാനം വളരെ നല്ലതാണ്. ഈ രാജ്യത്തെ എല്ലാ വീടുകളിലും പോയി ജനങ്ങളുടെ പൊതു ആരോഗ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ് ആശാ വർക്കർമാർ. മുമ്പ് സഭയിൽ അവതരിപ്പിച്ച ഒരു വിഷയം ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അന്ന് അതിന് മറുപടി പറയുകയുണ്ടായി. ക്യാൻസർ രോഗികളുടെ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതായി കാണുന്നില്ല. ഏറ്റവുമധികം വേദന അനുഭവിക്കുന്നതും ഏറ്റവും ചെലവ് വരുന്നതുമായ ചികിത്സയാണ് ക്യാൻസർ. അവർക്ക് ഇപ്പോൾ 1,000/- രൂപയാണ് പ്രതിമാസം നൽകുന്നത്. ആ തുക

അല്പമെങ്കിലും വർദ്ധിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ ചെലവ് കൂടുകയും വരവ് കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ ചെലവ് കുറയ്ക്കുക എന്ന അങ്ങയുടെ നയം വളരെ ശരിയാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രികൂടി ഉള്ളതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകപ്പുമന്ത്രിയോട് ഒരു കാര്യം സൂചിപ്പിക്കുന്നു. പൊതു നിർമ്മാണ പ്രവർത്തനങ്ങൾക്ക് 'പ്രൈസ്' സോഫ്റ്റ്വെയർ ആണ് ഉപയോഗിക്കുന്നത്. ഈ സോഫ്റ്റ്വെയറിന് ഒരു അപാകതയുണ്ട്. പലകാര്യങ്ങൾക്കും 20 ശതമാനം മുതൽ 30 ശതമാനം വരെ അഡീഷണലായാണ് പണം കൊടുക്കുന്നത്. ഇങ്ങനെ കൊടുക്കുന്ന പണം ഗവൺമെന്റിന് ലാഭവും പ്രവൃത്തിയിൽ ഗുണവും ചെയ്യുന്നില്ല. ഇത് കോൺട്രാക്ടർക്ക് ഗുണം ചെയ്യുന്ന സംവിധാനമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി 'പ്രൈസ്' സോഫ്റ്റ് വെയറിൽ ഒരു കെട്ടിടത്തിന്റെ സ്കെച്ച് വരച്ച് എസ്റ്റിമേറ്റ് എടുക്കുക. അതേ കെട്ടിടം വിദഗ്ദ്ധരായ സിവിൽ എഞ്ചിനീയറുടെ കയ്യിൽ കൊടുത്ത് മാന്വലായി എസ്റ്റിമേറ്റ് എടുക്കുക. യാഥാർത്ഥ്യമെന്തെന്ന് അപ്പോൾ മനസ്സിലാകും. 20 മുതൽ 30 ശതമാനം വരെ വ്യത്യാസമുണ്ടാകുന്നുവെന്നത് വളരെ വ്യക്തമാണ്. ഇത് എന്റെ അനുഭവത്തിൽ

നിന്നാണ് പറയുന്നത്. ആ പണം ഖജനാവിൽ നിന്നും ചോരാനിടയാകും. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻവേണ്ടി എം.എൽ.എ. ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് ഞാൻ എഴുതിക്കൊടുത്തു. 'കെൽ' എന്ന സ്ഥാപനം 43,45,000/- രൂപയ്ക്ക് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാമെന്ന് സമ്മതിച്ചു. ധനകാര്യ വകുപ്പിൽ നിന്നും ഏഴാം മാസത്തിൽ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ കളക്ടർമാരോട് പറഞ്ഞിരിക്കുന്നത് ഇത് 'പ്രൈസ് സോഫ്റ്റ്‌വെയറിൽ ഇട്ടതിനുശേഷമേ എടുക്കാവൂ എന്നാണ്. അങ്ങനെ ഇടുമ്പോൾ ഇതിന്റെ വില 45,00,000/- രൂപയാണ്. കൊല്ലം കളക്ടർ ധനകാര്യ വകുപ്പിലേക്ക് ഇതുസംബന്ധിച്ച് ഒരു കത്തെഴുതി. 15/11-ൽ അദ്ദേഹം അഡീഷണൽ ചീഫ് സെക്രട്ടറിക്ക് എഴുതിയ കത്തിൽ ഇത് ക്ലിയർ ചെയ്യണമെന്നും വില കുറച്ചാണ് കെൽ പറയുന്നതെന്നും 5 വർഷമാണ് ഗ്യാരണ്ടിയെന്നും കഴിഞ്ഞ വർഷങ്ങളിൽ അവരാണ് ഇത് സ്ഥാപിച്ചതെന്നുമാണ് പറയുന്നത്. രണ്ട് ലക്ഷം രൂപയുടെ വ്യത്യാസമുണ്ട്. ഇത് കൂട്ടുതൽ കൊടുക്കണമെന്നാണ് ധനകാര്യ വകുപ്പിന്റെ സർക്കുലർ. 45,00,000/- രൂപയ്ക്കേ വാങ്ങാവൂ, actual price 43,45,000/- ആണ് അത് മാറ്റിത്തരണമെന്നാവശ്യപ്പെട്ട് കളക്ടർ കത്തയയ്ക്കുന്നു. 70 ദിവസത്തിനുശേഷം

ധനകാര്യ വകുപ്പിൽനിന്നും അതിനൊരു മറുപടി വന്നു. ജില്ലയിലെ ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറോട് ചോദിച്ചപ്പോൾ ഈ വിലയ്ക്കായാലും കൊടുക്കുന്നതിന് കുഴപ്പമില്ലെന്ന് പറഞ്ഞു. പ്രൈസ് സോഫ്റ്റ്‌വെയറിന്റെ വിലയെക്കാൾ കൂടുതലെന്ന് പറയാം. പക്ഷെ പ്രൈസ് സോഫ്റ്റ്‌വെയറിന്റെ വിലയെക്കാൾ കുറച്ചുകിട്ടുന്നുണ്ടെങ്കിൽ ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഉത്തരവ് കൊടുക്കരുതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വരുന്ന വർഷമാണ് തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്നത്. എം.എൽ.എ.-മാർക്ക് അവർക്ക് അർഹതപ്പെട്ട ഫണ്ട് ലഭ്യമാക്കണം. 6 കോടി രൂപ എം.എൽ.എ. ഫണ്ടുള്ളതിൽ 15 ശതമാനം ജി.എസ്.ടി., ശരാശരി 12 ശതമാനം പി.ഡബ്ല്യു.ഡി. വർക്കുകൾക്ക്, അത് മറ്റ് ഏജൻസികളെ ഏൽപ്പിക്കുമ്പോൾ 15 ശതമാനം, ശരാശരി 15 - 18 ശതമാനം ജി.എസ്.ടി. ആയിട്ടും ചില നിർമ്മിതി കേന്ദ്രങ്ങളെ ഏൽപ്പിക്കുമ്പോൾ 8 ശതമാനം വാങ്ങുന്നതോടുകൂടി എം.എൽ.എ. ഫണ്ട് 6 കോടി രൂപയുള്ളതിൽ (5 കോടി എ.ഡി.എഫ്, 1 കോടി എസ്.ഡി.എഫ്.) ഏതാണ്ട് 1 കോടി രൂപയിലധികം രൂപ ടാക്സ് ഇനത്തിലും സർവ്വീസ് ടാക്സ് ഇനത്തിലും തിരിച്ചുപോകുകയാണ്. ജനങ്ങൾക്ക് വികസന

പ്രവർത്തനങ്ങളിൽ 6 കോടി രൂപയുടെ പ്രയോജനമുണ്ടാക്കിക്കൊടുക്കാൻ എം.എൽ.എ.മാർക്ക് കഴിയുന്നില്ലെന്നത് ദുഃഖകരമായ കാര്യമാണ്. ഒന്നുകിൽ എസ്.ഡി.എഫ്-ന്റെ അളവ് വർദ്ധിപ്പിക്കണം. കാരണം ജി.എസ്.ടി.- യിലേക്ക് തിരിച്ചുവരേണ്ടതെല്ലാം ടാക്സിലേക്ക് പോകേണ്ടതാണ്. 12 ശതമാനം പി.ഡബ്ല്യൂ.ഡി. വർക്കുകൾക്കുണ്ട്. കമ്പ്യൂട്ടർ വാങ്ങുന്നതിനും മറ്റ് കാര്യങ്ങൾക്കും 18 ശതമാനം വരുന്നുണ്ട്. അതെല്ലാം തിരിച്ചുപോകുകയാണ്. ജനങ്ങൾക്ക് 6 കോടി രൂപയുടെ ഗുണം ചെയ്തുകൊടുക്കാൻ എം.എൽ.എ. മാർക്ക് കഴിയുന്നില്ലെന്നത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള ഒരുകാര്യം, 2019- 20-ൽ എം.എൽ.എ. എന്ന നിലയിൽ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും എനിക്ക് അനുവദിച്ചുതന്ന തുക തരാൻ നിവൃത്തിയില്ലെന്ന് എൽ.എസ്.ജി.ഡി.-യുടെ ചീഫ് എഞ്ചിനീയർ എനിക്ക് കത്ത് തന്നിരിക്കുകയാണ്. 'ധനകാര്യ വകുപ്പിൽ നിന്നും പണം ഞങ്ങൾക്ക് തരാത്തതുകൊണ്ട് എം.എൽ.എ. ഫണ്ടിലുള്ള പണം പി.ഡബ്ല്യൂ.ഡി.-യിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യാൻ കഴിയില്ല' എന്നാണ് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ എനിക്ക് എഴുതിത്തന്നിരിക്കുന്നത്. രണ്ട് പാലങ്ങൾ നിർമ്മിക്കാൻ പി.ഡബ്ല്യൂ.ഡി.-ക്ക് എം.എൽ.എ. ഫണ്ട് കൊടുത്തു. അതിന്

ചീഫ് എഞ്ചിനീയറുടെ മറുപടി, ഇത് ഡെപ്പോസിറ്റ് ചെയ്യാൻ നിവൃത്തിയില്ല, ധനകാര്യ വകുപ്പിൽനിന്നും ഈ ഹെഡ്ഡിൽ പണം തന്നിട്ടില്ലാത്തതിനാൽ അത് തരാൻ നിവൃത്തിയില്ലെന്നാണ്. 7-ാം മാസം എനിക്ക് കളക്ടറേറ്റിൽ നിന്നും ലഭിച്ച എ.എസ്.-ന് ഇപ്പോഴും പണം ലഭിക്കാത്ത അവസ്ഥയുണ്ട്. ഇലക്ഷൻ വരുന്ന ഈ വർഷമെങ്കിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.മാർക്കും ഇത് ബാധകമാണ്, ഏത് ഫണ്ടിന് അപാകതയുണ്ടായാലും അസറ്റ് ഫണ്ട് റിലീസ് ചെയ്യാൻ അമാന്തിക്കരുതെന്നും അതിനുള്ള നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നുമുള്ള അഭ്യർത്ഥനയോടെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കാലഘട്ടത്തിൽ ജനോപകാരപ്രദമായ, പരിഷ്കൃത സമൂഹത്തിന് അനുയോജ്യമായ ഒരു ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഈ സഭാ സമ്മേളനം ചേരുമ്പോൾ നമ്മുടെ രാജ്യം റിപ്പബ്ലിക്കായതിന്റെ 70-ാം വാർഷികവും മഹാത്മാഗാന്ധിയുടെ 150-ാം

ജന്മശതാബ്ദിയും സി. അച്യുതമേനോൻ നടപ്പാക്കിയ ഭൂപരിഷ്കരണ നിയമത്തിന്റെ 50-ാം വാർഷികവും ആഘോഷിക്കുകയാണ്. രാജ്യം വല്ലാത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ആ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും ജനങ്ങളുടെ ക്ഷേമവും വികസനവും ലക്ഷ്യമാക്കി അത് നടപ്പാക്കാൻ കഴിയുന്ന തരത്തിലാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നമ്മെ പരമാവധി ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നമുക്ക് തരേണ്ടുന്ന വിഹിതത്തിൽ 2800 കോടി രൂപയുടെ കുറവാണ് ഈ വർഷമുണ്ടായിട്ടുള്ളത്. ആ കുറവുണ്ടായിട്ടും ഉള്ള പണംകൊണ്ട് സംസ്ഥാനത്തെ ജനങ്ങളെ എങ്ങനെ രക്ഷിക്കാമെന്ന ചിന്തയിൽ വിവിധങ്ങളായ ക്ഷേമപദ്ധതികളാണ് ഇവിടെ നടപ്പാക്കിവരുന്നത്. കേന്ദ്രഗവൺമെന്റ് ഇപ്പോൾ ബഡ്ജറ്റ് അവതരിപ്പിച്ചു. ശ്രീമതി നിർമ്മലാ സീതാറാമിന്റെ ബഡ്ജറ്റ് ഈ രാജ്യത്തെ കച്ചവട ലോബികൾക്കുവേണ്ടിയുള്ള ബഡ്ജറ്റാണ്. ആ ബഡ്ജറ്റിൽ കേരളത്തിനുവേണ്ടി ഒന്നുമില്ല. നിർമ്മല എന്ന വാക്കിനർത്ഥം സുതാര്യം, ശാന്തം എന്നൊക്കെയാണ്. പക്ഷേ ആ ബഡ്ജറ്റിലൂടെ രാജ്യത്തെ ശാന്തം, ഭീകരം എന്ന അവസ്ഥയിലേയ്ക്ക്

കൊണ്ടുവന്നിരിക്കുകയാണ് ബഹുമാന്യയായ കേന്ദ്രമന്ത്രി. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ ദ്രോഹിച്ചുകൊണ്ടിരിക്കുമ്പോഴും കടുത്ത പ്രളയവും മഴയുമൊക്കെ നേരിട്ടപ്പോഴും കേരളത്തെ പുനരുജ്ജീവിപ്പിക്കാൻ വേണ്ടിയുള്ള പരിശ്രമവുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. നിരവധി പദ്ധതികളുണ്ട്, അവയെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, പൊതുമരാമത്ത് തുടങ്ങി ഏത് മേഖലയെടുത്ത് പരിശോധിച്ചാലും വികസനങ്ങളുടെ വേലിയേറ്റമാണ്. ഇതെല്ലാമുണ്ടായിട്ടും യു.ഡി.എഫ്. പറയുന്നത് ഒന്നും നടക്കുന്നില്ലെന്നാണ്. പാലും തേനും നെയ്യും ഒഴിച്ച് വളർത്തിയാലും വേപ്പിലയ്ക്ക് കയ്പുതന്നെയായിരിക്കും. ഇവർക്ക് എന്തുകൊടുത്താലും അതെല്ലാം സ്വീകരിക്കും പിന്നെ തനിസ്വഭാവം കാണിക്കും. കേരളത്തിലെ യു.ഡി.എഫ്. എം.എൽ.എ.-മാരുടെ മണ്ഡലത്തിലൂടെ സഞ്ചരിച്ചാൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ മന്ത്രിമാരുടെ ഫോട്ടോ വച്ച് ആശംസകൾ അറിയിച്ചിരിക്കുന്നത് കാണാൻ കഴിയും. എനിക്കുമുമ്പ് പ്രസംഗിച്ച ശ്രീ. സി. കെ. ഹരീന്ദ്രൻ പറഞ്ഞു, ഓരോ മണ്ഡലത്തിലും നടപ്പിലാക്കുന്ന വികസനങ്ങളെല്ലാം ഏറ്റുവാങ്ങിയശേഷം ഒരു

വികസനപ്രവർത്തനവും നടക്കുന്നില്ലെന്ന സമീപനമാണ് അവർ സ്വീകരിക്കുന്നതെന്ന്. കേരളത്തിൽ ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്ന ഇ. ചന്ദ്രശേഖരൻ നായരാണ് കേരളത്തിലെ ജനങ്ങൾക്ക് വിലകുറച്ച് അരി കൊടുക്കാൻ കഴിയത്തക്കനിലയിൽ മാവേലി സ്റ്റോറുകൾ കൊണ്ടുവന്നത്. ഇന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്, ബഹുമാന്യനായ പി. തിലോത്തമൻ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയായിരിക്കുന്ന കേരളത്തിൽ 25 രൂപയ്ക്ക് ഭക്ഷണം നൽകുന്ന 'വിശപ്പ് രഹിത കേരളം' പദ്ധതി ഇപ്പോൾ നടപ്പാക്കാൻ പോകുന്നു. പണമില്ലെങ്കിലും പാവപ്പെട്ടവർക്ക് ഭക്ഷണം കൊടുക്കുന്നതിനുവേണ്ടി 'വിശപ്പ് രഹിത കേരളം' പദ്ധതി നടപ്പിലാക്കുന്നത് ചെറിയ കാര്യമാണോ? കേരളത്തെ രക്ഷിക്കാനുള്ള നിരവധി പ്രവർത്തനങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കി. ആശാവർക്കർമാർ, പ്രീ-പ്രൈമറി ടീച്ചർമാർ, പാചകത്തൊഴിലാളികളടക്കമുള്ളവർക്ക് ഓണറേറിയം വർദ്ധിപ്പിച്ചു. കുടുംബശ്രീക്ക് നിരവധി പദ്ധതികൾ നടപ്പിലാക്കുന്നു. എനിക്ക് ഒരു കാര്യം

അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്, കുടുംബശ്രീയുമായി ബന്ധപ്പെട്ടാണ് എല്ലാ വികസന പ്രവർത്തനങ്ങളും നടക്കുന്നത്. കുടുംബശ്രീയിലെ സി.ഡി.എസ്. അദ്ധ്യക്ഷന്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കണം. നിലവിൽ വളരെ കുറഞ്ഞ ഓണറേറിയമാണ് അവർക്ക് ലഭിക്കുന്നത്. ഏത് പ്രവൃത്തികളും അവർ വഴിയാണ് ചെയ്യുന്നത്. കുടുംബശ്രീയില്ലെങ്കിൽ നാട്ടിൽ വികസനമില്ലാത്ത അവസ്ഥയാണ്. നമ്മുടെ നാട്ടിൽ കുടുംബശ്രീ നന്നായി പ്രവർത്തിക്കുന്നുണ്ട്. ധാരാളം പണം നമ്മൾ കൊടുക്കുന്നുണ്ട്. സി.ഡി.എസ്. അദ്ധ്യക്ഷൻമാരുടെ ഓണറേറിയം വർദ്ധിപ്പിക്കണം. അവിടെയുള്ള ഓഫീസിലെ അക്കൗണ്ടന്റുമാരുടെ ഓണറേറിയം വർദ്ധിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. അതുപോലെ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന എ.ഡി.എസ്. അംഗങ്ങൾക്ക് ടി.എ. എങ്കിലും നൽകാൻ കഴിയത്തക്കനിലയിൽ ചെറിയ സഹായം ചെയ്യണം.

കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ധാരാളം തുക മാറ്റിവച്ചിട്ടുണ്ട്. എന്നാൽ കുട്ടനാട് അന്തർദേശീയ കായൽ ഗവേഷണ കേന്ദ്രവുമായി ബന്ധപ്പെട്ട് 7267 കോടി രൂപയുടെ പ്രൊപ്പോസലാണ് തന്നത്. അദ്ദേഹം ഇവിടെ അനുവദിച്ചത് 20 ലക്ഷം രൂപയാണ്. അവിടെ ശമ്പളം നൽകണമെങ്കിൽത്തന്നെ 60 ലക്ഷം

രൂപ വേണം. അതുകൊണ്ട് ആ പ്രൊപ്പോസൽ അനുസരിച്ചുള്ള വിഹിതം വർദ്ധിപ്പിക്കണം. അതുപോലെ റവന്യൂ വകുപ്പിൽ ആറ് റവന്യൂ ഡിവിഷനും നാല് താലൂക്കും കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. ഇതിനാവശ്യമായ പ്രവർത്തനം നടത്താനുള്ള തുക മാറ്റിവയ്ക്കണം. പഞ്ചായത്ത് ഓഫീസിൽ ഇപ്പോൾ ഫ്രണ്ട് ഓഫീസ് സംവിധാനമുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം കേരളത്തിലെ റവന്യൂ ഓഫീസുകളിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾ വന്നുകൊണ്ടിരിക്കുകയാണ്. അവിടെ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം ക്ഷീരവികസന മേഖലയിൽ പാലുല്പാദനത്തിന്റെ കാര്യത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. മലബാർ മേഖലയിൽ വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ട്. മലബാർ മിൽമ മേഖലാ യൂണിയനിൽ എൽ.ഡി.എഫ്-ന് വിജയിക്കാൻ കഴിഞ്ഞു. കൂടാതെ ക്ഷീരകർഷകർക്ക് വിലകുറച്ച് കാലിത്തീറ്റ കൊടുക്കുന്നതിനുവേണ്ട നിരവധി പ്രവർത്തനങ്ങളാണ് കേരള ഫീഡ്സ് നടത്തിക്കൊണ്ടിരിക്കുന്നത്. അവരുടെ നഷ്ടം നികത്താൻ കഴിയുന്ന തരത്തിലുള്ള സഹായം ബഡ്ജറ്റിൽ വകയിരുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും

കേരളത്തെ മുന്നോട്ടുനയിക്കാൻ വേണ്ട പ്രവർത്തനങ്ങളുമായാണ് ഈ ഗവൺമെന്റ് പോകുന്നത്. ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റാണിതെന്നും ഈ കാലയളവിൽ കൂടുതൽ കേസ്സുകളുണ്ടാകുന്നുവെന്നും അവർക്ക് യാതൊരു സുരക്ഷയുമില്ലെന്നും പറഞ്ഞു. കേരളത്തിൽ ഒരു സ്ത്രീയെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് ഒരു കേസ് ഇപ്പോഴും കോടതിയിൽ നിലനിൽക്കുകയാണ്. ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ട് നമുക്ക് പുറത്തുകാണിക്കാൻ കൊള്ളില്ല. അതിൽ ആരൊക്കെയാണ് പ്രതികളെന്ന് അറിയാം, അവരാണ് രാവിലെ ഇവിടെ സ്ത്രീകൾക്കുവേണ്ടി ഘോരഘോരം പ്രസംഗിക്കുന്നത്. സുഗന്ധവാഹിനികളായ പുഷ്പത്തോടുകൂടിയ ഒരു വൃക്ഷത്തിന് കാനനപ്രദേശത്തെ മുഴുവനും സൗന്ദര്യപൂർണ്ണമാക്കാൻ കഴിയും. മഹത്വമേറിയ ഒരു പുത്രനാൽ ഒരു കുടുംബം രക്ഷപ്പെടും. കേരളത്തിൽ മഹത്വമേറിയ ഒരു ധനകാര്യ വകുപ്പുമന്ത്രിയുള്ളതുകൊണ്ട് വികസന രംഗത്ത് വലിയ വിപ്ലവമാണുണ്ടാകുന്നത്. അതുകൊണ്ട് ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ പിൻതുണയ്ക്കുന്നു.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ശക്തിയായി എതിർക്കുന്നു. കഴിഞ്ഞവർഷവും മുൻവർഷവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗം ഞാൻ ശ്രദ്ധിച്ചിരുന്നു. ഇപ്രാവശ്യം ബഡ്ജറ്റ് കേട്ടപ്പോഴും മനസ്സിരുത്തി വായിച്ചപ്പോഴും മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഒരു സർക്കസുകാരന്റെ ചാതുര്യത്തോടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ചാടിക്കടക്കുന്നതുപോലെയാണ് എനിക്ക് തോന്നിയത്. സാമ്പത്തികമായി സമൂഹം വളരെ വിഷമിക്കുന്ന സന്ദർഭത്തിൽ, 1995-നുശേഷം ജില്ലാ പഞ്ചായത്ത് മെമ്പറായിരുന്ന സമയത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട നിരവധി ക്ലാസുകൾ ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ സമൂഹം സാമ്പത്തികമായി വിഷമിക്കുന്ന സന്ദർഭത്തിൽ അത് പരിഹരിക്കാൻ ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ എന്തെങ്കിലും നടപടികളുണ്ടാകുമെന്ന് പ്രതീക്ഷിച്ച എനിക്ക് കേരളം എരിയുന്ന ചട്ടിയിൽനിന്നും പൊരിയുന്ന അടുപ്പിലേയ്ക്ക് പോകുന്ന അനുഭവമാണ് കാണാൻ കഴിഞ്ഞത്. മാത്രവുമല്ല, ചിരട്ടയിലാക്കി സ്പൂൺകൊണ്ട് വിളമ്പിക്കൊടുക്കുന്ന അനുഭവമാണ് ഈ ബഡ്ജറ്റ് കേട്ടപ്പോൾ എനിക്ക് തോന്നിയത്. മല എലിയെ പ്രസവിച്ചതുപോലെ എന്നെനിക്ക്

പറയാൻ തോന്നുകയാണ്. ഒരുപാട് ആവശ്യങ്ങളുമായി പോയ നമ്മുടെ എം.എൽ.എ.-മാരുടെയൊക്കെ മുമ്പിൽ അദ്ദേഹം വളരെ, അതായത് പുരാണത്തിലെ ഒരു കഥയുണ്ടല്ലോ; ശ്രീകൃഷ്ണൻ വെണ്ണയെടുത്ത് വായിലിട്ടപ്പോൾ അത് തടയുന്നതിന് മാതാവ് യശോദ മയിൽപ്പീലികൊണ്ട് പ്രതീകാത്മകമായി അടിക്കാൻ ശ്രമിച്ചപ്പോൾ വായ് തുറന്നപ്പോൾ ഈരേഴ് ഉലകവും കണ്ടുവെന്നാണ്. ആ സമയത്ത്,

'ആനത്തലയോളം വെണ്ണതരാമെടാ

ആനന്ദ ശ്രീകൃഷ്ണാ വാമുറുക്ക്..... ' - എന്നുപറഞ്ഞതുപോലെ എം.എൽ.എ.-മാരെല്ലാം പല ആവശ്യവുമായി പോയപ്പോൾ നമ്മളോട് ആനത്തലയോളം പലതും നിങ്ങൾക്ക് തരാം എന്നുപറഞ്ഞ് മോഹിപ്പിച്ച് വാസ്തവത്തിൽ ഞങ്ങളെ ഒതുക്കി നിർത്തുകയാണ് ചെയ്തത്. ഈയൊരു സന്ദർഭത്തിൽ വ്യാമോഹങ്ങളുടെ ദന്തഗോപുരങ്ങളിൽ നിന്ന് കുറച്ച് ഇറങ്ങിവന്നതുപോലെയാണ് പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത്. കാരണം ഇക്കൊല്ലം ഇങ്ങനെ സംസാരിച്ചിട്ട് ഒന്നും കൊടുക്കാൻ കഴിയില്ലല്ലോ

എന്ന കുറ്റബോധമാണ് അദ്ദേഹത്തിന് ഉണ്ടായിട്ടുള്ളതെന്ന് എനിക്ക് തോന്നുകയാണ്. എന്നാലും കുറെ വാഗ്ദാനങ്ങളുണ്ട്. ഗ്രാമീണ റോഡിന് 1000 കോടി രൂപ, തീരദേശ പാക്കേജിന് 1000 കോടി രൂപ, കിഫ്ബിയിൽ 20,000 കോടി രൂപ ചെലവഴിക്കുമെന്നാണ് പറയുന്നത്. എന്നാൽ മൂന്ന്-മൂന്നരക്കൊല്ലം കഴിഞ്ഞപ്പോൾ 4500 കോടി രൂപ ചെലവാക്കി എന്നാണ് പറയുന്നത്. ഇനി ആകെയുള്ള ഒരു വർഷംകൊണ്ട് ബാക്കിയുള്ള 15000 കോടി രൂപ എങ്ങനെ ചെലവാക്കും എന്നതിനെ സംബന്ധിച്ച് ചിന്തിച്ചുപോകുകയാണ്. അതുപോലെതന്നെ കുറെ നികുതി നിർദ്ദേശങ്ങളുണ്ട്. അതൊക്കെ വിലക്കയറ്റത്തിലേക്ക് പോകുമോയെന്ന് തോന്നിപ്പോകുന്ന ഒരു അവസ്ഥാവിശേഷമാണ് കാണാൻ കഴിഞ്ഞത്. ഈ ബഡ്ജറ്റിനെക്കുറിച്ച് ഇന്നലെ ഉദുമ എം.എൽ.എ.-ആയ ബഹുമാന്യനായ കെ. കുഞ്ഞിരാമൻ, ഞാൻ എന്റെ പിതാവിനെപ്പോലെ സ്നേഹിക്കുന്ന ഒരു മനുഷ്യനാണ് അദ്ദേഹം. ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം വളരെ ശ്രദ്ധയോടുകൂടി കേട്ടു. കോടികളുടെ

കണക്കുകളാണ് പറഞ്ഞത്. ഞാൻ ആകെ ഞെട്ടിപ്പോയി. കുഞ്ഞിരാമേട്ടന് ഇത്രയധികം വാരിക്കോരി കൊടുത്തോ; പക്ഷേ കൂട്ടത്തിൽ 100 കോടി രൂപയിലധികം മഞ്ചേശ്വരം മണ്ഡലത്തിലും ചെലവാക്കി എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ കാണാത്തതുകൊണ്ടാണോ എന്ന് ഞാൻ വിചാരിച്ചു. അങ്ങനെ ഞാൻ രാത്രി പോയി അരിച്ചുപെറുക്കി നോക്കി. അപ്പോൾ 'കണ്ണ് കാണാത്തവൻ ഇരുട്ടിൽ കരിമ്പൂച്ചയെ തപ്പിയതുപോലെ' എനിക്ക് തോന്നി. അതിലൊന്നുമില്ല. ആകെ 40 ലക്ഷം രൂപ കടൽഭിത്തിക്ക് വകയിരുത്തിയിട്ടുണ്ട്. രണ്ടുമൂന്ന് കടൽഭിത്തി ആവശ്യമുണ്ട്. അത് കൊടുത്തിട്ടുണ്ട്. കടൽഭിത്തിക്ക് കൊടുത്തതല്ലാതെ ബാക്കിയുള്ളതിനെല്ലാം 100 രൂപയാണ് കൊടുത്തത്. മാത്രമല്ല, മെഡിക്കൽ കോളേജിന് ഇത്ര കോടി രൂപ, സ്പിന്നിംഗ് മില്ലിന് ഇത്ര കോടി രൂപ, അങ്ങനെ കുറെയൊക്കെ പറഞ്ഞു. അങ്ങനെയൊരു വിവേചനം കാണിച്ചിട്ടുണ്ടോയെന്ന് അറിയില്ല. അങ്ങനെ പറയുന്നുണ്ട്. കാരണം ഭരണകക്ഷിയെന്ന നിലയിൽ എം.എൽ.എ.-മാർക്ക് കൂടുതൽ

കൊടുക്കുന്നുണ്ടെന്നും പ്രതിപക്ഷ എം.എൽ.എ.-മാരെ അവഗണിക്കുന്നുണ്ടെന്നുമുള്ള സംസാരം പൊതുവെയുണ്ട്. അതൊന്ന് പരിശോധിക്കപ്പെടേണ്ടതായിട്ടുണ്ട്. പക്ഷേ അദ്ദേഹം പറഞ്ഞ 110 കോടി രൂപയും അങ്ങനെയുള്ള ഒരു കോടി രൂപയും കിട്ടിയിട്ടില്ല. ഞാൻ ഇന്നലെ കുഞ്ഞിരാമേട്ടനോട് ചോദിച്ചപ്പോൾ അത് ഇപ്പോഴത്തേതല്ല എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ മനസ്സിലാക്കിയത് ഇപ്പോൾ കൊടുത്തുവെന്നുള്ളതാണ്. അതുപോലെതന്നെ മെഡിക്കൽ കോളേജിന് കാര്യമായിട്ടൊന്നുമില്ല. ഇതിനുമുമ്പ് നൽകിയ കുറെ വാഗ്ദാനങ്ങൾ നടപ്പിലാക്കിയിട്ടുമില്ല. ഇതിനുമുമ്പ് ഒന്നുരണ്ട് വാഗ്ദാനങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഉദാഹരണത്തിന്, 5 ബൃഹത് പദ്ധതികൾക്ക് വ്യവസായ സോണുകൾ ആരംഭിക്കുന്നതിനായി കാസർഗോഡ് 500 ഏക്കർ സ്ഥലം ഏറ്റെടുക്കുമെന്ന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പക്ഷേ ഇതിനായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിലും ഇതിനുമുമ്പ് ഒരുപാട് വാഗ്ദാനങ്ങൾ നൽകിയിരുന്നു. വരൾച്ചാ കാഠിന്യം കുറയ്ക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി എന്റെ മണ്ഡലത്തിലെ ഷിറിയ പുഴ ഉൾപ്പെടെയുള്ള നദികളിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുമെന്ന് 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അതൊന്നും നടന്നിട്ടില്ല. അതുപോലെതന്നെ സമാന്തര റെയിൽപ്പാത തിരുവനന്തപുരത്തുനിന്ന് കാസർഗോഡ് വരെ നിർമ്മിക്കുമെന്ന് പറഞ്ഞിരുന്നു. അതൊന്നും യഥാർത്ഥത്തിൽ നടന്നിട്ടില്ല. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങളൊന്നും നടക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. കാരണം ഇതിനുമുമ്പും കാര്യങ്ങൾ നടന്നിട്ടില്ലെന്നുള്ളത് അറിയാവുന്ന ഒരു കാര്യമാണ്.

മി. ചെയർമാൻ: യെസ്....പ്ലീസ്....കൺക്ലൂഡ്....അവസാനിപ്പിക്കു.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഒരു കാര്യം കൂടി പറഞ്ഞോട്ടെ. എന്റെ മണ്ഡലത്തിലെ മഞ്ചേശ്വരം താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുമെന്ന് ഞാൻ വിചാരിച്ചു. അതുപോലെ തന്നെ ആശുപത്രി കെട്ടിടം,

ബഹുമാനപ്പെട്ട മന്ത്രി കാസർഗോഡ് വന്നപ്പോൾ....

മി. ചെയർമാൻ: അവസാനിപ്പിക്കു, പ്ലീസ്. ആ പോയിന്റോടുകൂടി അവസാനിപ്പിക്കു.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, മണ്ഡലത്തിലെ കാര്യം മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. അതായത് ഈ താലൂക്ക് ആശുപത്രി... (മൈക്ക് ഓഫ്).....

മി. ചെയർമാൻ: ശ്രീ. എ. എൻ. ഷംസീർ...അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, പിണറായി സർക്കാരിനുവേണ്ടി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ പതിനൊന്നാമത്തെ ബഡ്ജറ്റാണിത്. പൊതുവിൽ നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ വികാരവും ഉൾക്കൊണ്ടുതന്നെയാണ് ഈ പതിനൊന്നാമത്തെ ബഡ്ജറ്റ്

അദ്ദേഹം അവതരിപ്പിച്ചത്. അമേരിക്ക എന്ന സാമ്രാജ്യത്വ രാഷ്ട്രം ലാറ്റിൻ അമേരിക്കയിലെ കൊച്ചുരാഷ്ട്രമായ ക്യൂബയെ എപ്രകാരമാണോ തകർക്കാൻ ശ്രമിക്കുന്നത് അതിന് സമാനമായാണ് പിണറായി സർക്കാരിനെ യൂണിയൻ ഗവൺമെന്റ് തകർക്കാൻ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി സംസ്ഥാനത്തിന് ലഭിക്കേണ്ട പല ഫണ്ടുകളും നൽകാതിരിക്കുന്നു. ആന്വൽ ബോറോയിംഗ് ലിമിറ്റ് വെട്ടിക്കുറച്ചു. ജി.എസ്.ടി. നമുക്ക് ലഭിക്കേണ്ട വിഹിതം തരാതെ ഇപ്പോഴും പിടിച്ചുവച്ചിരിക്കുകയാണ്. അതുപോലെ യൂണിയൻ ഫിനാൻസ് കമ്മീഷന്റെ അവാർഡ് തുക ആനുപാതികമായി വർദ്ധിപ്പിക്കുമായിരുന്നെങ്കിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട തുക തന്നില്ല എന്നുമാത്രമല്ല, വെട്ടിക്കുറയ്ക്കുകയാണ്. ഇന്ത്യൻ ഇക്കോണമി വെന്റിലേറ്ററിലാണ്. പക്ഷേ ഓടാനുള്ള കരുത്തില്ലെങ്കിലും നടക്കാനുള്ള ശേഷിയെങ്കിലും കേരളത്തിന്റെ ഇക്കോണമിക്കുണ്ട്. അത് ഇന്ത്യയ്ക്ക് മാതൃകയാണ്. ഇന്ത്യയിൽ അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ദ്ധനാണ് ഡോ. എം. എ. ഉമ്മൻ. അദ്ദേഹം ഫോർത്ത് സ്റ്റേറ്റ്

ഫിനാൻസ് കമ്മീഷന്റെ ചെയർമാനായിരുന്നു. ഞാൻ ശ്രീ. വി. ഡി. സതീശന്റെ പ്രസംഗം സാധാരണ കേൾക്കാറുണ്ട്. പക്ഷേ ഇത്തവണ കേൾക്കാൻ പറ്റിയില്ല. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ ഡൗൺലോഡ് ചെയ്ത് കേട്ടു. അദ്ദേഹം ഞങ്ങളെ കുറ്റപ്പെടുത്തിക്കൊണ്ട് സംസാരിക്കുകയാണ്. 'ഇന്ത്യയിലെ സൗത്ത് കൊറിയയാണ് കേരളം' എന്നാണ് ഫിനാൻസ് കമ്മീഷന്റെ ചെയർമാനായിരുന്ന ഡോ. എം. എ. ഉമ്മൻ ഫെബ്രുവരി 8-ന് ഹിന്ദുവിൽ പറഞ്ഞത്. ഡോ. എം. എ. ഉമ്മനെ ഞാൻ ക്വാട്ട് ചെയ്യുകയാണ്. ഇന്ത്യയിലെ സൗത്ത് കൊറിയയാണ് കേരളം എന്ന് ഡോ. എം. എ. ഉമ്മൻ ക്വാട്ട് ചെയ്യുമ്പോൾ കേരളം എല്ലാ അർത്ഥത്തിലും മുന്നോട്ടുപോകുന്നു എന്നു തന്നെയാണ് കാണാൻ കഴിയുന്നത്. സാമ്പത്തിക കണക്കുകൾ വച്ച് ബഡ്ജറ്റിനെ അദ്ദേഹം പൊളിക്കാൻ ശ്രമിച്ചു. അതിനുവേണ്ടി പറയുകയാണ്. കേരളത്തിന്റെ സാമ്പത്തിക വളർച്ച 2011-16-ൽ 4.9 ശതമാനമായിരുന്നു, 2016-19 എത്തുമ്പോൾ, നാല് വർഷം തികയാൻ പോകുന്ന ഘട്ടത്തിൽ

ദേശീയ ശരാശരിയെക്കാൾ മുകളിൽ നമ്മുടെ സാമ്പത്തിക വളർച്ചാ നിരക്ക് 7.2 ശതമാനത്തിലേക്ക് എത്തിക്കാൻ സാധിച്ചുവെന്നുള്ളത് അഭിമാനകരമായ നേട്ടമായി ഞങ്ങൾ ഉയർത്തിക്കാണിക്കുകയാണ്. പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് 2015-16-ൽ 200 കോടി രൂപയുടെ നഷ്ടത്തിലായിരുന്നു. അത് 100 കോടി രൂപ ലാഭത്തിലെത്തിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ടൂറിസം മേഖല ഏറ്റവും വലിയ പ്രത്യാഘാതമേറ്റ കാലമായിരുന്നു. രണ്ട് ഫ്ലഡുകൾ, നിപാ, കൊറോണ ഇങ്ങനെയെല്ലാമുള്ള ആക്രമണങ്ങൾ ഉണ്ടായിട്ടും അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് ആഭ്യന്തര ടൂറിസം 18.5 ശതമാനത്തിലും വിദേശ ടൂറിസം 8 ശതമാനത്തിലും എത്തിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ്. അതുപോലെ പിൽഗ്രിം ടൂറിസത്തിലും വലിയ സാധ്യതകളാണ് നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ളത്. ശരാശരി മലയാളിയുടെ സ്വപ്നമാണ് വിദേശത്തെ തൊഴിൽ. ഏതെങ്കിലുമൊരു വിദേശ രാഷ്ട്രത്ത് ജോലിക്കുപോകണം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ നോർക്ക

മുൻകയ്യെടുത്തുകൊണ്ട് തൊഴിൽ വകുപ്പിന്റെ സഹായത്തോടെ പതിനായിരത്തോളം നഴ്സുമാരെ റിക്രൂട്ട് ചെയ്യാൻ തീരുമാനിച്ചു. ഓവർസീസ് എംപ്ലോയ്മെന്റാണ്. അവർക്ക് ഓവർസീസ് എംപ്ലോയ്മെന്റിനുള്ള സാഹചര്യം ഈ സംസ്ഥാന സർക്കാർ തീർത്തിരിക്കുന്നുവെന്നുള്ളത് അഭിമാനകരമായ നേട്ടം തന്നെയാണ്. അതുപോലെ അന്താരാഷ്ട്ര നിലവാരമുള്ള റോഡുകൾ - ഒരുപക്ഷേ വിദേശ രാഷ്ട്രങ്ങളിൽ നിങ്ങൾ സഞ്ചരിച്ചാൽ കാണുന്ന റോഡുകൾക്ക് സമാനമായ റോഡുകൾ 44 മാസം കൊണ്ട് നിർമ്മിക്കാൻ ഈ സർക്കാരിനായി എന്നത് അഭിമാനകരമായ നേട്ടമായി ഞങ്ങൾ ഉയർത്തിക്കാണിക്കുകയാണ്. അതുപോലെ പ്രളയം തകർത്ത കേരളത്തെ പുനരുജ്ജീവിപ്പിക്കാനും ഭാവിയിൽ പ്രളയമുണ്ടാകുമ്പോൾ അതിജീവനത്തിന്റെ പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കാനും ഈ സർക്കാരിന് കഴിഞ്ഞു. ഗ്രീൻ ഇനിഷ്യേറ്റീവ് സംസ്ഥാന സർക്കാരിന്റെ നേട്ടം തന്നെയാണ്. ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനുള്ള ശ്രമങ്ങൾക്കാണ് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിരിക്കുന്നത്. ബാംബൂ കൾട്ടിവേഷൻ-മുള

വച്ചുപിടിപ്പിക്കുന്നതിനായി വലിയരീതിയിലുള്ള പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നത്. നിങ്ങൾക്കറിയാം, കേരളം കേരവൃക്ഷത്തിന്റെ നാടാണ്. കേരവൃക്ഷത്തിന്റെ നാടായ കേരളത്തിൽ കേരകർഷകരെ പ്രോത്സാഹിപ്പിക്കാൻ ഇൻസെന്റീവ് കൊടുക്കുന്നതിന് തീരുമാനിച്ച സർക്കാരാണ് പിണറായി സർക്കാർ. പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ അതിനെ അതിജീവിക്കാൻ, 2018-ലും 2019-ലും പ്രളയം വന്നു. ആ ഘട്ടത്തിൽ നമ്മുടെ യുവജനങ്ങൾ വലിയ രീതിയിൽ ആവേശത്തോടുകൂടി രക്ഷാപ്രവർത്തനത്തിന് മുന്നിൽ വന്നു. ഇനിയൊരു പ്രളയമുണ്ടാകാതിരിക്കാൻ നമുക്കെല്ലാം ആശിക്കാം. പക്ഷേ അങ്ങനെ ഉണ്ടാകുന്ന പശ്ചാത്തലം വന്നാൽ രക്ഷാപ്രവർത്തനം നടത്താൻ യുവജനങ്ങൾക്ക് ട്രെയിനിംഗ് പ്രോഗ്രാം കൊടുത്തു. ഡിസാസ്റ്റർ മാനേജ്മെന്റിനുവേണ്ടി രണ്ടായിരത്തോളം യുവജനങ്ങളെ 14 ജില്ലകളിലും ട്രെയിൻ ചെയ്തെടുത്തു. അതുപോലെ കേരളം ഒരു ഇൻവെസ്റ്റർ ഫ്രണ്ട്‌ലി

സ്റ്റേറ്റാക്കി മാറ്റിയെടുക്കാൻ നമുക്ക് കഴിഞ്ഞു. ഇന്ന് എന്താണ് കേരളത്തെക്കുറിച്ച് ആക്ഷേപിക്കുന്നത്; ഇവിടെ ആരും നിക്ഷേപിക്കില്ല; ഇവിടെ നിക്ഷേപിക്കില്ല എന്ന് ആക്ഷേപം ഇന്നലെകളിൽ കേട്ടുവെങ്കിൽ ഇന്ന് നമുക്ക് പറയാൻ സാധിക്കില്ലേ; നിസാൻ ഇങ്ങോട്ട് വന്നില്ലേ; ടോറസ് ഇങ്ങോട്ട് വന്നില്ലേ; ടെക് മഹീന്ദ്ര ഇങ്ങോട്ട് വന്നില്ലേ; ഇങ്ങനെ കേരളം എന്നത് ഇൻവെസ്റ്റർ ഫ്രണ്ട്‌ലി സ്റ്റേറ്റ് ആയി മാറി. ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളിൽ മറ്റ് പ്രക്ഷോഭങ്ങളുടെ ഭാഗമായി ആഴ്ചകളോളം കടകൾ മുടങ്ങിക്കിടക്കുമ്പോൾ കേരളം എന്ന കൊച്ചുസംസ്ഥാനത്തിലേക്ക് ഇൻവെസ്റ്റർ ഫ്രണ്ട്‌ലിയിലേക്ക് ആളുകൾ വരുന്നു. അതൊരു വലിയ മാറ്റമാണ്. ആ മാറ്റത്തിന് തുടക്കം കുറിക്കാൻ പിണറായി സർക്കാരിനായെന്നത് അഭിമാനകരമായെന്ന് ഉയർത്തിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ എനിക്ക് സൂചിപ്പിക്കാനുള്ളത്, ക്യാൻസർ രോഗത്തെപ്പറ്റിയാണ്. ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ ക്യാൻസർ രോഗത്തെപ്പറ്റി പരാമർശിച്ചു. ക്യാൻസർ രോഗത്തെ കണ്ടെത്തണം,

പൂർണ്ണമായും cure ആകാത്ത ക്യാൻസർ രോഗികൾ അതിന്റെ മെഡിക്കൽ ടേം cancer survivors എന്നാണ്, അതായത് അതിനെ അതിജീവിക്കുകയെന്നുള്ളതാണ്. ക്യാൻസർ സെന്ററുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് മലബാർ ക്യാൻസർ സെന്റർ. ആ മലബാർ ക്യാൻസർ സെന്ററിന് പ്ലാൻ ഫണ്ടിൽ തുക വർദ്ധിപ്പിക്കണം. കാരണം, ഇന്ന് കേരളത്തിലെ ഏഴ് ജില്ലകളിലെയും കർണ്ണാടകയിലേയും തമിഴ്നാട്ടിലേയും ജനങ്ങൾ ക്യാൻസർ ചികിത്സയ്ക്കായി ആശ്രയിക്കുന്ന കേന്ദ്രമാണ് മലബാർ ക്യാൻസർ സെന്റർ. ആ സെന്ററിന് ആവശ്യമായ ഫണ്ട് അനുവദിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ വികസനത്തിന്റെ കേരള മോഡലെന്ന് വിശേഷിപ്പിക്കാവുന്നത് 'കോടിയേരി മോഡൽ' ആണ്. സഖാവ് കോടിയേരി മുൻകൈയെടുത്തുകൊണ്ടാണ് പാർട്ടിസിപ്പേറ്ററി ഗവേർണൻസ്, ജനങ്ങളും സർക്കാരും സഹകരിച്ചുകൊണ്ടുള്ള വികസനത്തിന് തുടക്കം കുറിച്ചത്. അതിന്റെ ഭാഗമായാണ് മദർ ആൻഡ് ചൈൽഡ് ഹോസ്പിറ്റലുകൾക്ക് 2017-ലെ ബഡ്ജറ്റിൽ തുക നീക്കി വച്ചത്. ആ തുകകൂടി നൽകാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ

ഗവൺമെന്റിനെക്കുറിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത് പിണറായി ഖലീഫാ ഉമ്മറിന് സമാനമാണ്. എല്ലാവർക്കും തുല്യമായി വീതംവച്ചു. ഇവിടെ എന്റെ പ്രായത്തോളം പാർലമെന്ററി പരിചയമുള്ളയാളാണ് ശ്രീ. കെ. സി. ജോസഫ്, അദ്ദേഹം പറഞ്ഞത് ഞങ്ങൾക്ക് ഒന്നും കിട്ടിയില്ലെന്നാണ്. അദ്ദേഹം കിഫ്ബി-യെ വിമർശിച്ചു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഉളിക്കൽ-കണിയാർ വയൽ റോഡ് ഉദ്ഘാടനം ചെയ്യാൻ പാകത്തിൽ 62 കോടി രൂപ കൊടുത്തിട്ടുണ്ട്. അതുപോലെ ബഡ്ജറ്റിൽ 11 കോടി രൂപ വളക്കൈ റോഡിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. മുതിർന്ന നേതാക്കൻമാർ നിയമസഭയെ മാനിച്ചുകൊണ്ട് നുണ പറയാൻ പാടില്ല. അതുമാത്രമല്ല, അദ്ദേഹത്തിന്റെ മണ്ഡലത്തിലെ പാലക്കയം തട്ട് ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനാണ്. അദ്ദേഹം ഒരുപക്ഷെ അങ്ങോട്ട് പോകുന്നത് കുറവായതുകൊണ്ടായിരിക്കാം ഈ കാര്യങ്ങളൊന്നും മനസ്സിലാകാതെ പോകുന്നതെന്ന് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഇവിടെ ഇപ്പോൾ തെരഞ്ഞെടുപ്പിനിടയിലെ ബഡ്ജറ്റാണല്ലോ രാഷ്ട്രീയം പറയാതെ പോകാൻ സാധ്യമല്ല. ഇപ്പോൾ കോൺഗ്രസ് പാർട്ടിയുടെ സ്ഥിതിയെന്താണ്? ഇന്നലെ കോൺഗ്രസ് പാർട്ടിയുടെ എ.ഐ.സി.സി. ആസ്ഥാനം, ചൈനയിൽ

കൊറോണ വൈറസ് ബാധ കണ്ടെത്തിയ വുഹാൻ നഗരത്തിന് സമാനമാണ്. അവിടെ ആരുമില്ല. എല്ലാവരും ഓടി രക്ഷപ്പെട്ടു. അവിടെയുണ്ടായിരുന്ന ശ്രീ. പി. സി. ചാക്കോയും ശ്രീ. എ. കെ. ആന്റണിയും ഇങ്ങോട്ടുവന്നു. ഈ കഴിഞ്ഞ ജനുവരി 30-ന് എനിക്ക് സന്തോഷം കൊണ്ട് ഇരിക്കാൻ കഴിഞ്ഞില്ല. കാരണം, പത്തുമാസത്തിനുശേഷം എനിക്ക് ശ്രീ. എ. കെ. ആന്റണിയെ കാണാൻ സാധിച്ചു. പത്തുമാസത്തിനിടയിൽ ഈ രാജ്യത്ത് എന്തെല്ലാം സംഭവങ്ങളുണ്ടായി. ഈ ജനുവരി 30-ന് ഞാൻ അദ്ദേഹത്തിനെ കണ്ടു. ഇവർ തീർത്ത 'മനുഷ്യ ഭൂപട'-ത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി വന്ന ശ്രീ. എ. കെ. ആന്റണിയെ കണ്ടപ്പോൾ ഞാൻ സന്തോഷംകൊണ്ട് തുള്ളിച്ചാടി. ഈ രാജ്യത്ത് എന്തെല്ലാം സംഭവങ്ങളുണ്ടായി എന്നിട്ട് അദ്ദേഹം എന്തെങ്കിലും മിണ്ടിയോ? പക്ഷെ മനുഷ്യ ഭൂപടത്തിൽ പങ്കെടുക്കാനും ഇടതുപക്ഷത്തെ ആക്രമിക്കാനും അദ്ദേഹം കേരളത്തിൽ വന്നുയെന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. അതുപോലെ ശ്രീ. രാഹുൽ ഗാന്ധി കേരളത്തിൽ വന്നു. അദ്ദേഹം കേരളത്തിൽ വന്ന് വെല്ലുവിളിച്ചു. അദ്ദേഹത്തിനെ കണ്ടപ്പോൾ എനിക്ക് ഓർമ്മ വന്നത് 'കിരീടം' എന്ന സിനിമയിലെ ഹൈദ്രോസിനെയാണ്. കിരീടത്തിലെ ഹൈദ്രോസ് ആളുകളെ വെല്ലുവിളിക്കും. അതുപോലെ ശ്രീ. രാഹുൽ ഗാന്ധി

വയനാട്ടിൽ വന്ന് ശ്രീ. നരേന്ദ്ര മോദിയെ വെല്ലുവിളിച്ചു, കാരണം, ഇവിടെ ശ്രീ. രാഹുൽ ഗാന്ധിക്ക് സംരക്ഷണമൊരുക്കാൻ സേതുമാധവൻ എന്ന ശ്രീ. പിണറായി വിജയനുള്ളതുകൊണ്ടാണ്. അല്ലാതെ ഉത്തർപ്രദേശിൽ പോയി മോദിയെ അദ്ദേഹം വെല്ലുവിളിക്കുമോ? യു.പി.-യിൽ പോയി വെല്ലുവിളിക്കാൻ ശ്രീ. രാഹുൽ ഗാന്ധിക്ക് ആവില്ല. കാരണം, അവിടെ പ്രസംഗിക്കുന്നതിനോ സംരക്ഷണം കൊടുക്കുന്നതിനോ കോൺഗ്രസില്ല. അത് മാത്രമാണോ, ഇപ്പോൾ ഡൽഹി ഇലക്ഷൻ കഴിഞ്ഞു, 66 സീറ്റിൽ 63 സ്ഥലത്തും കെട്ടി വച്ച കാശ് സർക്കാരിന് കൊടുത്തു. അവിടെ എനിക്ക് പ്രതിപക്ഷനേതാവിനെ വലിയ ബഹുമാനമാണ്. അദ്ദേഹത്തെ ഞാൻ ആദ്യം കാണുന്നത് വളരെ ചെറിയ പ്രായത്തിൽ തലശ്ശേരിയിൽ വച്ച് അദ്ദേഹം ഒരു കേരള മാർച്ച് നടത്തിയ അവസരത്തിലാണ്. അന്നുമുതൽ എനിക്ക് അദ്ദേഹത്തെ അറിയാം. അദ്ദേഹം എന്തുതന്ത്രമാണ് ഡൽഹിയിൽ മെനഞ്ഞത്? 63 സീറ്റിലും നിങ്ങളുടെ കെട്ടിവച്ച കാശ് നഷ്ടപ്പെടുന്ന എന്ത് തന്ത്രമാണ്, അത് ഞങ്ങൾക്ക് അറിയാൻ ആഗ്രഹമുണ്ട്. അതുമാത്രമല്ല, ശ്രീ. രാഹുൽ ഗാന്ധി ഡൽഹിയിൽ പോയതാണ് കോൺഗ്രസിന്റെ പരാജയത്തിന്റെ കാരണം. അദ്ദേഹം പ്രസംഗിക്കാത്തിടത്ത് ജാർഖണ്ഡിൽ കോൺഗ്രസിന് ക്വാളീഷൻ സർക്കാരുണ്ടാക്കാൻ കഴിഞ്ഞു.

അദ്ദേഹം അവിടെ പോയപ്പോൾ അവർ പരാജയപ്പെട്ടു. അതുമാത്രമല്ല ഇവിടെ എന്തൊക്കെയായിരുന്നു പ്രസംഗം? ഞാൻ ഇപ്പോൾ ടെൻഷൻ വരുമ്പോൾ കേൾക്കുന്നത്, എന്റെ മൊബൈലിൽ ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ ഒരു പ്രസംഗമുണ്ട് അതാണ്. അദ്ദേഹം പാർലമെന്റിൽ നടത്തിയ പ്രസംഗം, നിങ്ങൾക്കാർക്കെങ്കിലും ടെൻഷൻ ഫ്രീയാകണമെന്ന് ആഗ്രഹമുണ്ടെങ്കിൽ എന്റെ മൊബൈലിൽ നിങ്ങൾ വാട്സാപ്പിൽ എനിക്ക് ഹായ് അയച്ചാൽ ഞാൻ ആ പ്രസംഗം അയച്ചുതരാം. മനോഹരമായ ഭാഷ, ഡോ. എം. കെ. മുനീർ പറഞ്ഞുതരണം, അദ്ദേഹം ഏത് ഭാഷയിലാണ് സംസാരിച്ചതെന്ന്. ഞാൻ ഫൊനട്ടിക്സ് അറിയാവുന്നരോടെല്ലാം ചോദിച്ചു, ഇത് ഏത് ഭാഷയാണെന്ന്. ഇംഗ്ലീഷാണോ; ഹിന്ദിയാണോ; മലയാളമാണോ? എനിക്ക് മനസ്സിലായില്ല, ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ പ്രസംഗം ഞാൻ കേട്ടു. ഇത് മനസ്സിലാക്കുന്ന കാര്യം ഇവിടെ ഞങ്ങളെ പരാജയപ്പെടുത്തി ജയിച്ചുപോയവർ എവിടെ? അവർക്കൊന്ന് എഴുന്നേറ്റ് നിൽക്കാൻപോലും കഴിയാത്തത്ര ദയനീയ അവസ്ഥയാണ്. ഇവർ പറയുന്ന പൗരത്വ വിഷയം സി.പി.ഐ(എം)-ഉം ഇടതുപക്ഷവും രാഷ്ട്രീയമാക്കുന്നുവെന്ന്. ഞാൻ ചോദിക്കുന്നത്, 1996-ൽ ഇന്ത്യൻ പ്രധാനമന്ത്രി പദം വച്ചുനീട്ടിയിട്ട് വേണ്ടെന്ന് പറഞ്ഞവരാണ് ഞങ്ങൾ. ആദർശ രാഷ്ട്രീയം

പണയപ്പെടുത്തി മുന്നോട്ട് പോകുന്നവരല്ല ഞങ്ങളെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇവർ പറയുന്നു എൽ.ഡി.എഫിന് ഞങ്ങളോട് വിദ്വേഷമെന്ന്, ആരോടാണ് വിദ്വേഷം? എൽ.ഡി.എഫിന് അന്തമായ കോൺഗ്രസ് വിരോധമെന്ന്, അന്തമായ കോൺഗ്രസ് വിരോധം ഞങ്ങൾക്കുണ്ടായിരുന്നുവെങ്കിൽ 2004-ൽ ഞങ്ങൾ നിങ്ങളുടെ ഗവൺമെന്റിനെ പിന്തുണയ്ക്കുമോ? 2004-ൽ വെന്റിലേറ്ററിലായ കോൺഗ്രസിന് ജീവൻ കൊടുത്തത് ഞങ്ങളാണ്. ഹർക്കിഷൻ സിംഗ് സുർജിത്തെന്ന തലപ്പാവും താടിയും വച്ച മനുഷ്യൻ, ആ മനുഷ്യനില്ലാതിരുന്നുവെങ്കിൽ കോൺഗ്രസ് 2004-ൽതന്നെ അകാല ചരമമടയേണ്ട പ്രസ്ഥാനമായിരുന്നു. ഇവിടെ കോൺഗ്രസ് 'മീശ മാധവൻ' എന്ന സിനിമയിലെ 'പുരുഷു' എന്ന കഥാപാത്രത്തിനെപ്പോലെയാണ്. പട്ടാളക്കാരനാണ്, വെല്ലുവിളിക്കും. നിങ്ങൾക്ക് നിങ്ങളുടെ കാര്യങ്ങളെപ്പറ്റി ബോധ്യമുണ്ടോ? നിങ്ങളും ഞങ്ങളുമെല്ലാം ഡൽഹിയിൽ ഒരുപോലെയാണ്. നിങ്ങൾക്കും 'പൂജ്യം' ഞങ്ങൾക്കും 'പൂജ്യം'. നിങ്ങൾക്ക് എത്ര ശതമാനമായിരുന്നു വോട്ട് വിഹിതം? വോട്ടിംഗ് ശതമാനത്തിന്റെ കണക്ക് ഞാനൊന്ന് സൂചിപ്പിക്കാം. അഞ്ച് ശതമാനത്തിന്റെ ഷിഫ്റ്റുണ്ടായി പ്രതിപക്ഷനേതാവ് അത് മനസ്സിലാക്കണം.

2015-ൽ നിന്നും 2020-ൽ എത്തിയപ്പോൾ കോൺഗ്രസിന് അഞ്ച് ശതമാനം വോട്ടിന്റെ ഡിപ്പ് വന്നു. ആ കുറവ് എവിടേയ്ക്കാണ് പോയത്? ആ അഞ്ച് ശതമാനം വോട്ട് വളരെ ക്ലിയറായി ബി.ജെ.പി.-യിലേയ്ക്ക് പോയി. അത് ഇന്നത്തെ പത്രം നോക്കിയാൽ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് നിങ്ങൾക്ക് നിങ്ങളുടെ കരുത്തിനെക്കുറിച്ച് ബോധ്യമുണ്ടോ? നിങ്ങൾ, നിങ്ങളുടെ പഴയ തഴമ്പിനെപ്പറ്റി പറഞ്ഞിട്ട് കാര്യമില്ല. ഈ രാജ്യത്ത് മതേതര പ്രസ്ഥാനങ്ങളെ കൂട്ടിയോജിപ്പിക്കുന്നതിൽ ഇന്ന് വിഘാതം നിൽക്കുന്ന രാഷ്ട്രീയ പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസാണ്. ഡൽഹിയിൽ നിങ്ങൾ സഖ്യമുണ്ടാക്കുകയോ പിന്തുണയ്ക്കുകയോ ചെയ്തിരുന്നുവെങ്കിൽ ഒരു സംശയവും വേണ്ട, ബി.ജെ.പി.-യുടെ സീറ്റ് എട്ടിൽ എത്തില്ലായിരുന്നു. എന്തായിരുന്നു ഡൽഹിയിലെ ഇലക്ഷൻ റിസൾട്ട്, ജനക്ഷേമത്തിന് പ്രാധാന്യം കൊടുത്തിരുന്ന 'ആപ്പ്'-ന് 62 സീറ്റും വർഗ്ഗീയ ശക്തികൾക്ക് എട്ട് സീറ്റും അഴിമതിക്കാരായ കോൺഗ്രസിന് വലിയ 'പൂജ്യം'. അതുകൊണ്ട് കോൺഗ്രസ് ഇനിയെങ്കിലും ചുവരെഴുത്ത് വായിക്കാൻ തയ്യാറാകണം. മതേതര പ്രസ്ഥാനങ്ങളെ കൂട്ടിയോജിപ്പിക്കാൻ തയ്യാറാകണം, പകരം 'ഞങ്ങൾക്ക് തഴമ്പുണ്ട്', 'ഞങ്ങളാണ് ഏറ്റവും വലിയ പാർട്ടി' 'ഞങ്ങൾ ഗാന്ധിയുടെ

പാർട്ടിയാണ് 'ഞങ്ങൾ നെഹ്റുവിന്റെ പാർട്ടിയാണ് എന്നെല്ലാം പറഞ്ഞിട്ട് കാര്യമില്ല. പുതിയ തലമുറയിലെ കെ.എസ്.യു.-വിനും യൂത്ത് കോൺഗ്രസുകാർക്കും അറിയാവുന്ന ഗാന്ധി മഹാത്മാഗാന്ധിയല്ല, അത് ശ്രീ. രാഹുൽ ഗാന്ധിയാണ്. ശ്രീ. രാഹുൽ ഗാന്ധിയിൽനിന്നും മഹാത്മാഗാന്ധിയിലേയ്ക്ക് തിരിച്ചുവരാൻ നിങ്ങൾ തയ്യാറാകണമെന്നുമാത്രം പറഞ്ഞ്, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച അദ്ദേഹത്തിന്റെ 11-ാമത്തെ ബഡ്ജറ്റിനെ ഞാൻ ശക്തമായി പിന്തുണച്ചുകൊണ്ട്, എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ബഡ്ജറ്റിനെ എതിർക്കുകയാണ്. സിനിമാലോകത്ത് വിസ്മയമായി മാറിയ 'ജോക്കർ' സിനിമയിൽ ജോക്കറായി അഭിനയിച്ച Joaquin Phoenix-നാണ് ഇത്തവണത്തെ നല്ല നടനുള്ള ഓസ്കാർ അവാർഡ് ലഭിച്ചത്. ഈ കഥാപാത്രത്തിന് ഒരു കുഴപ്പമുണ്ട്, ചിരി നിയന്ത്രിക്കാനാകില്ല. എല്ലാ സമയത്തും അപ്രതീക്ഷിതമായും അനവസരത്തിലും പൊട്ടിച്ചിരിക്കപ്പെടും. നമ്മുടെ ധനകാര്യമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനും അതുപോലെ എന്തോ സാരമായ കുഴപ്പമുണ്ട്. ബഡ്ജറ്റ് പ്രസംഗം നടത്തുമ്പോൾ

ആയിരക്കണക്കിന് കോടി രൂപയുടെ പാക്കേജുകളാണ് അദ്ദേഹം ഇടയ്ക്കിടെ തട്ടിവിടുന്നത്. പക്ഷേ കാൽ കാശ് കൈയിലില്ല, തപ്പി നോക്കിയാൽ ട്രഷറിയിലൊന്നുമില്ല. എന്നുമാത്രമല്ല മൂക്കറ്റം കടത്തിൽ മുങ്ങി നിൽക്കുകയും ചെയ്യുന്നു. എന്നാലും ആയിരക്കണക്കിന് കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിക്കാതിരിക്കാൻ അദ്ദേഹത്തിന് കഴിയുന്നില്ല. തീരദേശ പാക്കേജിന് 1,000 കോടി രൂപ, കുട്ടനാട് പാക്കേജിന് 2,400 കോടി രൂപ, കെ.എസ്.ആർ.ടി.സി.-ക്ക് 1,000 കോടി രൂപ, ഗ്രാമീണ റോഡ് പുനരുദ്ധാരണത്തിന് 2,400 കോടി രൂപ ഇങ്ങനെയാണ് ഇത്തവണത്തെ പ്രഖ്യാപനങ്ങൾ. ഇത്തവണ മാത്രമല്ല മുൻ ബഡ്ജറ്റിലും ഇതുപോലെ നിരവധി കോടി രൂപകളുടെ പ്രഖ്യാപനങ്ങളാണ്. 2016-2017-ൽ അടിസ്ഥാന വികസനത്തിനായി 12,000 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചു. ഒരു രൂപയുടെ പ്രവർത്തനംപോലും നടന്നിട്ടില്ല. ആരോഗ്യ ചികിത്സാ പദ്ധതിക്ക് 1,000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചു, ഒന്നും നടന്നില്ല. 2017-2018-ൽ മലയോര ഹൈവേയ്ക്ക് 3,500 കോടി രൂപ, തീരദേശ പാതയ്ക്ക് 6,500 കോടി രൂപ, ജില്ലാതാലൂക്ക് വികസനത്തിനായി 2,000 കോടി രൂപ ഇതെല്ലാം പ്രഖ്യാപനങ്ങളാണ്. 2018-2019-ൽ തീരദേശ പാക്കേജിനായി 2,000 കോടി

രൂപ, നീർത്തട പദ്ധതിക്ക് 1,000 കോടി രൂപ, കെ.എസ്.ആർ.ടി.സി.-ക്ക് 1,000 കോടി രൂപ, ഒന്നും നടന്നില്ല. 2019-2020-ൽ കുട്ടനാട് പാക്കേജിന് 1,000 കോടി രൂപ, ഇടുക്കി പാക്കേജിന് 5,000 കോടി രൂപ, വയനാട് പാക്കേജിന് 2,000 കോടി രൂപ, ഭൂമി ഏറ്റെടുക്കലിന് 15,600 കോടി രൂപ. ഈ കോടികളുടെ പ്രഖ്യാപനമല്ലാതെ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങളൊന്നും നടന്നില്ല. ഇത്തവണ പ്രഖ്യാപിച്ച നിരവധി ആയിരം കോടി രൂപയുടെ പദ്ധതികൾക്ക് എവിടെനിന്നാണ് പണമെന്ന് മാത്രം ചോദിക്കരുത്. പ്രഖ്യാപനം മാത്രമെയുള്ളൂ. കഴിഞ്ഞ നാല് മാസമായി ട്രഷറി സ്തംഭിച്ചിരിക്കുകയാണ്. ജീവനക്കാരുടെ ശമ്പളബില്ലും മന്ത്രിമാരുടെ യാത്രാബില്ലുമല്ലാതെ മറ്റൊന്നും മാറുന്നില്ല. വികസന പ്രവർത്തനങ്ങൾ പൂർണ്ണമായി സ്തംഭിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം ഒരു കരാറുകാരൻ എന്നെ വന്നുകണ്ടു. അദ്ദേഹത്തിന് 47 ലക്ഷം രൂപ കിട്ടാനുണ്ട്. അയാളുടെ മകളുടെ കല്യാണമാണ്. അയാൾ പൊട്ടിക്കരഞ്ഞുകൊണ്ടാണ് എന്നോട് പറഞ്ഞത്, മന്ത്രിയോടൊന്ന് പറയണം. ഞാൻ പറഞ്ഞു, ഞാൻ പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. കാരണം ബഡ്ജറ്റ് കാലിയാണ്. എങ്ങനെയാണ് കല്യാണം നടക്കുന്നത്; കരാറുകാർക്ക് മൊത്തം

4,000 കോടി രൂപയാണ് കൊടുക്കാനുള്ളത്. നമ്മുടെ നാട്ടിൽ ഏത് വികസനമാണ് നടക്കുന്നത്; ഏത് കരാറുകാരനാണ് വികസനം ഏറ്റെടുക്കുന്നത്; ഇവിടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞു. ഞാൻ പറയുന്നില്ല. എല്ലാം തകിടം മറിഞ്ഞിരിക്കുകയാണ്. അപ്പോഴാണ് അദ്ദേഹം ആയിരക്കണക്കിന് കോടികളുടെ പാക്കേജുകൾ പ്രഖ്യാപിക്കുന്നത്. ഭാവനയ്ക്ക് യാതൊരു അതിരുമില്ലല്ലോ. സ്വപ്നലോകത്തിലെ ബാലഭാസ്കർ എന്ന നിലയിലാണ് കാര്യങ്ങൾ പോകുന്നത്. സംസ്ഥാന സർക്കാരിന്റെ അവസാനത്തെ പൂർണ്ണ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. അടുത്ത വർഷം ഇടക്കാല ബഡ്ജറ്റേ അവതരിപ്പിക്കുകയുള്ളൂ. ആ നിലയ്ക്ക് കഴിഞ്ഞ നാല് ബഡ്ജറ്റുകളിലൂടെ ഒന്ന് കണ്ണോടിക്കുക. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ 20,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് അവതരിപ്പിച്ചുകൊണ്ടാണ് ഡോ. ടി. എം. തോമസ് ഐസക് തുടങ്ങിയത്. മാന്ദ്യവിരുദ്ധ പാക്കേജിന്റെ പ്രയോജനം എന്തായി; വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ എന്നിവയെല്ലാം ഡോ. ടി. എം. തോമസ് ഐസക് സ്വപ്നം കണ്ടതാണ്. സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കേരളത്തെ രക്ഷിക്കാനുള്ള ഉത്തേജന പാക്കേജായിട്ടാണ് പറഞ്ഞത്. എന്ത് നടന്നു; നടക്കാത്ത

സ്വപ്നങ്ങൾ. തുടർന്നുവന്ന എല്ലാ പദ്ധതികളുടെയും പ്രഖ്യാപനങ്ങളുടെ ശവപ്പറമ്പായി കേരളം മാറുകയാണുണ്ടായത്.

തകിടം മറിയുന്ന കണക്കുകൾ പരിശോധിക്കാം. യാഥാർത്ഥ്യം തൊട്ട് തീണ്ടിയിട്ടില്ലാത്ത, പൊയ്ക്കാലുകളിൽ കെട്ടിയുയർത്തിയവയാണ് ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റുകളെല്ലാം. ശ്രീ. റോജി എം. ജോണിന്റെ ചോദ്യത്തിന് 04-02-2020-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ കണക്കുകൾ പറയുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തെ നികുതി പ്രതീക്ഷിച്ചത് 65,784.60 കോടി രൂപ. കിട്ടിയത് 37,128.90 കോടി രൂപ. നികുതിയിതര വരുമാനം പ്രതീക്ഷിച്ചത് 15,070 കോടി രൂപ. കിട്ടിയത് 7,925 കോടി രൂപ. നേർപകുതിയാണ് നികുതി പിരിച്ചെടുത്തത്. ബഡ്ജറ്റിൽ ചെറിയ വ്യത്യാസങ്ങളൊക്കെ വരാം. പക്ഷേ നേർ പകുതിയായാൽ എന്തുചെയ്യും; ഈ ബഡ്ജറ്റിലെ തമാശ നോക്കുക. ഈ വർഷം കേന്ദ്രത്തിൽനിന്നും കിട്ടുന്ന നികുതി വിഹിതമായി ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റിൽ വകയിരുത്തിയത് 20,934 കോടി രൂപ (Budget at a glance, Table-1). ഡോ. ടി. എം. തോമസ് ഐസക് ഈ മാസം 7-ന് നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുൻപാണ് ശ്രീമതി

നിർമ്മലാ സീതാരാമൻ പാർലമെന്റിൽ ബഡ്ജറ്റ് അവതരിപ്പിച്ചത്. അതിൽ കേരളത്തിന് നൽകുന്ന നികുതി വിഹിതം 15,236.64 കോടി രൂപയാണ്. അതായത് ഡോ. ടി. എം. തോമസ് ഐസക് കേന്ദ്രത്തിൽനിന്നും നികുതിയിനത്തിൽ ലഭിക്കുമെന്ന് പറഞ്ഞ തുകയേക്കാൾ 5,698 കോടി രൂപ കുറവാണ് കിട്ടാൻ പോകുന്നത് എന്നർത്ഥം. ആർക്കാണ് കണക്ക് തെറ്റിയത്; ഇനി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കേണ്ട എന്തുകാര്യമാണുള്ളത്; ഇങ്ങനെയൊരു ബഡ്ജറ്റേ ഇവിടെയില്ല.

നെഗറ്റീവ് ഗ്രോത്തുമായി കാർഷിക മേഖല. Economic Review നമ്മുടെ എല്ലാവരുടെയും കയ്യിലുണ്ട്. നാളികേരത്തിന് വിലയില്ല. റബ്ബറിന് വിലയിടിയുന്നു. ഏലം, കുരുമുളക് ഉൾപ്പെടെയുള്ള എല്ലാ നാണ്യവിളകളും വലിയ പ്രതിസന്ധിയിലാണ്. കാർഷിക മേഖലയിൽ വൻ കുതിച്ചുചാട്ടമെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുന്നത്. പ്രളയത്തിനുശേഷം കടംകയറി ആത്മഹത്യ ചെയ്തത് 22 കർഷകർ. കാർഷിക മേഖലയിൽ നെഗറ്റീവ് ഗ്രോത്താണ്. സാമ്പത്തിക അവലോകന റിപ്പോർട്ടിൽത്തന്നെ പറയുന്നു. 2017-18-ൽ കാർഷിക മേഖലയുടെ വളർച്ച 1.72 ശതമാനമായിരുന്നു. 2018-19-ൽ അത് 0.2 ശതമാനമായി ഇടിഞ്ഞിരിക്കുന്നു. കാർഷിക മേഖലയ്ക്ക്

കോളടിച്ചെന്നാണ് ചില പത്രങ്ങൾ എഴുതിയത്. 2,000 കോടി രൂപ കൃഷിക്കായി മാറ്റിവച്ചു എന്ന് പത്രങ്ങൾ പറഞ്ഞു. ഇത്തവണ 2,000 കോടി രൂപയാണെങ്കിൽ കഴിഞ്ഞ വർഷം 2,500 കോടി രൂപയാണ് കൃഷിക്കുവേണ്ടി ബഡ്ജറ്റിൽ മാറ്റിവച്ചത്. എന്നിട്ടും നെഗറ്റീവ് ഗ്രോത്താണ് ഫലം. കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം 40 ശതമാനമായി കുറഞ്ഞിരിക്കുന്നു.

ഈ സർക്കാർ ഏറ്റവും വലിയ നേട്ടമായി പറയുന്നത് വ്യവസായ രംഗത്തുണ്ടായ നേട്ടമാണ്. എന്ത് നേട്ടമാണുണ്ടായത്; മാന്ത്രികവിദ്യപോലെ, നഷ്ടത്തിൽ മുങ്ങിത്താഴുന്ന വ്യവസായങ്ങൾ എല്ലാം ലാഭത്തിലാണ്... Economic Review-ൽ പറയുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയിൽ ചെറിയ ലാഭം ഉണ്ടായെന്നുള്ളത് ശരിയാണ്. 2017-18-ൽ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽനിന്ന് 5 കോടി രൂപയുടെ ലാഭമാണുണ്ടായത്. പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ ലാഭത്തിലായെന്ന് ഇവിടെ കൊട്ടിഘോഷിച്ച് നടക്കുകയായിരുന്നു. 2018-19-ൽ 8.3 കോടിയായി ഉയർന്നു. 2019-20-ൽ അത് നഷ്ടത്തിലാണെന്ന് സാമ്പത്തിക സർവ്വെ ചൂണ്ടിക്കാണിക്കുന്നു. സെപ്റ്റംബർ വരെയുള്ള കണക്കെടുക്കുമ്പോൾ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ 127.3 കോടി രൂപ

നഷ്ടത്തിലാണ്. നിങ്ങൾ എന്തിന്റെ പേരിലാണ് ഊറ്റം കൊള്ളുന്നത്;

നികുതി നിർദ്ദേശങ്ങൾ. കഴിഞ്ഞ 4 ബഡ്ജറ്റുകളിൽ 2017-18 ഒഴികെ, എല്ലാ വർഷവും അങ്ങ് പാവപ്പെട്ടവന്റെ തലയിൽ നികുതിഭാരം അടിച്ചേൽപ്പിച്ചു. മൊത്തം 4663.40 കോടി രൂപ കേരളത്തിലെ ജനങ്ങളുടെ തലയിൽ നാല് വർഷംകൊണ്ട് അടിച്ചേൽപ്പിച്ച ഏറ്റവും വലിയ ജനദ്രോഹം കാഴ്ചവച്ച സർക്കാരാണ് ഇതെന്ന് പറയേണ്ടിവരും. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ 805 കോടി രൂപയുടെ അധിക ഭാരം അടിച്ചേൽപ്പിച്ചു. 2017-18-ൽ അധിക നികുതിയില്ല. 2018-19-ൽ 970.40 കോടി രൂപ, 2019-20-ൽ 1,785 കോടി രൂപ. ഇപ്പോൾ 1,103 കോടി രൂപ. ആകെ 4,663 കോടി രൂപ കേരള ജനതയുടെ തലയിൽ അടിച്ചേൽപ്പിച്ച, ഏറ്റവും വലിയ ദ്രോഹം കാണിച്ച ധനകാര്യ മന്ത്രിയാണ് ഡോ. ടി. എം. തോമസ് ഐസക് എന്ന് പറയേണ്ടിയിരിക്കുന്നു.

സാമ്പത്തികമായി ജനങ്ങൾ ബുദ്ധിമുട്ടുന്നു. അവർക്ക് വാങ്ങാനുള്ള കഴിവില്ല. ക്രയശേഷി വർദ്ധിപ്പിക്കാനുള്ള ക്രിയാത്മക നിർദ്ദേശങ്ങളില്ല. അവിടെയാണ് 1,103 കോടി രൂപയുടെ അധികഭാരം ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിച്ചിട്ടുള്ളത്. കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല.

കേരളത്തിലെ ജനങ്ങൾക്ക് ഇത്രയും വലിയ തുക താങ്ങാനുള്ള ശേഷിയുണ്ടോ എന്ന് പരിശോധിക്കണം. ശ്രീ. വി. ഡി. സതീശൻ അതിനെക്കുറിച്ച് വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ അങ്ങോട്ട് കടക്കുന്നില്ല.

തകർന്നുകിടക്കുന്ന വാഹന വിപണിയും റിയൽ എസ്റ്റേറ്റ് മേഖലയും. കേന്ദ്ര സർക്കാർ അവിടെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുമ്പോൾ ഇവിടത്തെ ധനകാര്യ വകുപ്പുമന്ത്രി തകർന്നുകിടക്കുന്ന മേഖലയിൽ കൂടുതൽക്കൂടുതൽ നികുതി അടിച്ചേൽപ്പിക്കുന്നു. സേവനത്തിന് വില്ലേജ് ഓഫീസിന്റെ മുന്നിലൂടെ പോയാൽ ഷോക്കടിക്കുന്ന സ്ഥിതിയാണ് സാധാരണക്കാർക്കുള്ളത്. എല്ലാ സേവനങ്ങൾക്കും നികുതി വർദ്ധിപ്പിച്ചിരിക്കുന്നു. പാവപ്പെട്ടവന്റെ തലയിൽ നികുതിഭാരം അടിച്ചേൽപ്പിക്കാതെ നികുതി പിരിക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. 30,000 കോടി രൂപ സംസ്ഥാനത്ത് പിരിഞ്ഞുകിട്ടാനുണ്ട്. എന്താണ് നിങ്ങൾ പിരിക്കാത്തത്; കഴിഞ്ഞ വർഷം നികുതി പിരിവിൽ 5,623 കോടി രൂപയുടെ കുറവാണുള്ളത്. അത് നിങ്ങൾ കൃത്യമായി പിരിച്ചിരുന്നെങ്കിൽ ഈ സാമ്പത്തികഭാരം ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിക്കേണ്ടി വരുമായിരുന്നോ; ഭൂമി പാട്ടത്തിന് നൽകിയ വകയിൽമാത്രം 1,173.6 കോടി

രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറയുന്നു. എന്താണ് പിരിക്കാൻ തടസ്സം; സർക്കാരിന്റെ കഴിവുകേടും ധൂർത്തും അഴിമതിയും ജനങ്ങളുടെ തലയിൽ ഭാരം അടിച്ചേൽപ്പിക്കാൻവേണ്ടി മാറ്റുന്നത് എത്ര ദ്രോഹകരമാണ്.

കേരളം കടംകയറി മുടിയുകയാണ്. മുടിയനായ പുത്രനെപോലെ കിട്ടാവുന്നിടത്തുനിന്നെല്ലാം കടംവാങ്ങി നിങ്ങൾ കേരളത്തെ ധൂർത്തടിക്കുന്നു. 2016-ൽ ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ കടബാധ്യത 1.57 ലക്ഷം കോടി രൂപയായിരുന്നു. ഇപ്പോഴത് 2.50 ലക്ഷം കോടി രൂപ കവിഞ്ഞിരിക്കുന്നു. കടം കുതിച്ചുകയറുന്നു. 1,000 കോടി രൂപയുടെ കടപ്പത്രംകൂടി ഇറക്കിയത് കഴിഞ്ഞ ദിവസമാണ്. റോക്കറ്റിന്റെ വേഗതയിൽ കടം കുതിച്ചുകയറുന്നു. പ്രളയ പുനർനിർമ്മാണ പദ്ധതിക്കായി ലോകബാങ്കിൽനിന്ന് ലഭിച്ച 1,780 കോടി രൂപ നിങ്ങൾ വകമാറ്റി ചെലവഴിച്ചു. ഇന്നലെ അത് ഞങ്ങളിവിടെ പറഞ്ഞതാണ്. റീബിൽഡ് കേരളയ്ക്കുവേണ്ടി അനുവദിച്ച തുക നിത്യനിദാന ചെലവുകൾക്കുവേണ്ടി വകമാറ്റി ചെലവഴിക്കുന്നു. ഇതിന്റെ പുറമേയാണ് കിഫ്ബിയിലൂടെ വാങ്ങിയ കടം. ആര് കൊടുക്കും; മസാല ബോണ്ടിലൂടെ എടുത്ത പണം ഇപ്പോൾ പലിശ സഹിതം കൊടുത്ത്

തുടങ്ങേണ്ടിയിരിക്കുന്നു. ആര് കൊടുക്കും; വരുന്ന സർക്കാരിന് മാത്രമല്ല, അതിനുശേഷം വരുന്ന സർക്കാരിനും ഉണ്ടാകാൻ പോകുന്ന ഭാരം എത്ര വലുതാണ്; വിത്തെടുത്ത് കുത്തുന്ന സമീപനമാണ് ഡോ. ടി. എം. തോമസ് ഐസക്കിന്. ചെലവ് ചുരുക്കുകയല്ല, വൻതോതിൽ ധൂർത്തും അഴിമതിയും നടത്തിക്കൊണ്ടിരിക്കുന്നു. ഞാൻ ആവർത്തിച്ച് പറയുന്നു, അഴിമതിയുടെ നീണ്ട കഥകളാണ് കിഫ്ബിയിൽനിന്ന് ഓരോ ദിവസവും പുറത്തുവരുന്നത്. കൊച്ചി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് നിർമ്മിച്ച കെട്ടിടം താഴെപ്പോയത് നിങ്ങൾ അന്വേഷിക്കുമോ; എത്ര പദ്ധതികളിലാണ് അഴിമതി നടന്നുകൊണ്ടിരിക്കുന്നത്; നിങ്ങൾ അന്വേഷിക്കുമോ; ഓരോ വസ്തുതകളും ചൂണ്ടിക്കാണിക്കുവാനുണ്ട്. സമയച്ചുരുക്കം മൂലം ഞാൻ മുന്നോട്ട് വരുന്നില്ല. കാർ വാങ്ങില്ലെന്ന് പറഞ്ഞു. എട്ട് കാറുകൾ വാങ്ങാനുള്ള പദ്ധതിയുമായാണ് നിങ്ങൾ ഇപ്പോഴിവിടെ വന്നിരിക്കുന്നത്.

ഇവിടെ വിശപ്പ് രഹിത പദ്ധതി പ്രഖ്യാപിച്ചു. 25/- രൂപയ്ക്ക് ഊണ് നൽകുന്ന 1000 ഭക്ഷണശാലകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുമെന്ന് പറഞ്ഞു. അതിനായി 20 കോടി രൂപ വകയിരുത്തി. ഇതേ പദ്ധതി 2018-19-ലേയും 2019-20-ലേയും ബഡ്ജറ്റിലുണ്ടായിരുന്നു. 2018-19-

ൽ 20 കോടി രൂപ വകയിരുത്തിയതിൽ ചെലവാക്കിയത് 2.2 കോടി രൂപ മാത്രമാണ്. വിശപ്പുരഹിത കേരളത്തിന് 2019-20-ൽ വീണ്ടും 20 കോടി രൂപ വകയിരുത്തി, ചെലവാക്കിയത് 4.5 കോടി രൂപ മാത്രമാണ്. ഇത്തവണ 25/- രൂപയെന്നു പറഞ്ഞ് 20 കോടി രൂപ വീണ്ടും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. മുൻകാല അനുഭവങ്ങൾ വച്ചു നോക്കിയാൽ നിങ്ങൾ എത്ര കോടി രൂപ ചെലവാക്കും? ജനങ്ങൾക്ക് നിങ്ങളിൽ വിശ്വാസമില്ല. നിങ്ങൾ ജീവനക്കാരെ പുനർവിന്യസിപ്പിക്കാൻ പോകുന്നു, അതിന്റെ വിക്ടിം എന്നുപറയുന്നത് കേരളത്തിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാരാണ്. ഒരു നിയമനവും നടക്കാൻ പോകുന്നില്ല, പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് ഇവിടെ സമരം നടത്തുകയാണ്. പുനർവിന്യാസത്തിലൂടെ ഉണ്ടാകാനിടയുള്ള മുഴുവൻ നിയമനങ്ങളുടേയും വാതിലുകൾ കൊട്ടിയടക്കപ്പെടുന്നു. മഴകാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ, കേരളത്തിലെ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സായ ആയിരക്കണക്കിന് ചെറുപ്പക്കാരുടെ ജീവിതമാണ് നിങ്ങൾ തുലയ്ക്കാൻ പോകുന്നത്. ഇത് ഒരുദാഹരണം മാത്രമാണ്. എല്ലാ ജനങ്ങളേയും പറ്റിക്കുന്ന ഒരു ബഡ്ജറ്റാണിത്. പ്രതിപക്ഷ എം.എൽ.എ. മാർക്കൊക്കെ എന്തോ വാരിക്കോരി തന്നെന്ന് അപ്പുറത്ത് നിന്ന് പ്രസംഗിച്ചവരൊക്കെ പറഞ്ഞു.

ബഡ്ജറ്റിൽ എനിക്ക് 450 കോടി രൂപ അനുവദിച്ചുവെന്ന് ഇവിടെ ആരോ പ്രസംഗിച്ചു. ഞാൻ അത് പരിശോധിച്ചു, കടൽഭിത്തി നിർമ്മാണത്തിന് ആലപ്പുഴ ജില്ലയിൽ എന്റെ മണ്ഡലത്തിൽ 80 കോടി രൂപയാണ് തന്നത്. പക്ഷെ ഒരു പദ്ധതിയും തുടങ്ങിയില്ല. ടെണ്ടർ വിളിക്കാൻ പോലും തയ്യാറായില്ല, ടെണ്ടറിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നുവെന്നാണ് ഇപ്പോൾ പറയുന്നത്. അതുകൂടാതെ ഒരു ഗേൾസ് ഹൈസ്കൂളിന് 2 കോടി രൂപ തന്നു, ഞാൻ എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു കോടി രൂപ കൂടി മുടക്കി അതിന്റെ പണി ആരംഭിച്ചിട്ടേയുള്ളൂ. ഓരോ പ്രതിപക്ഷ എം.എൽ.എ.-മാരും എന്നോട് പരാതി പറയുന്നു. അവരോട് 5 പദ്ധതി എഴുതികൊടുക്കാൻ പറഞ്ഞു. 100/- രൂപയുടെ ടോക്കൺ പ്രൊവിഷനാണ് വകയിരുത്തിയിരിക്കുന്നത്. 20 പദ്ധതി എഴുതികൊടുക്കാൻ ആവശ്യപ്പെട്ടതുപ്രകാരം ഞാൻ 20 എണ്ണവും എഴുതികൊടുത്തു. പ്രതിപക്ഷനേതാവിന് കിട്ടിയത് ഒരുകോടി രൂപയുടെ ഒരു പദ്ധതിയാണ്. ബാക്കിയെല്ലാം 100/- രൂപയുടെ ടോക്കൺ പ്രൊവിഷനാണ്. ഈ 100/- രൂപ ഞാൻ ബഹുമാനപ്പെട്ട ഐസക്കിന് മണിഓർഡർ അയയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 20 പദ്ധതിയിൽ 19 എണ്ണത്തിനും 100/- രൂപയുടെ ടോക്കൺ പ്രൊവിഷൻ. ഒരു ആശുപത്രിക്ക് മാത്രം ഒരു കോടി രൂപ നൽകി.

സംസ്ഥാനത്തെ മുഴുവൻ പ്രതിപക്ഷാംഗങ്ങളും ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഞങ്ങളുടെ മണ്ഡലത്തിലൊക്കെ നടക്കുന്ന വികസനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച് പൂർത്തിയാക്കേണ്ടിയിരുന്നത് ഈ ഗവൺമെന്റിന്റെ കാലത്ത് തുടരുന്ന പദ്ധതികളാണ്. തിരുവനന്തപുരം ജില്ലയോട് അവഗണനയാണ്. തിരുവനന്തപുരം ജില്ലയ്ക്ക് വാരിക്കോരി കൊടുത്തെന്ന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. തിരുവനന്തപുരം തലസ്ഥാന നഗരിയാണ്, എല്ലാവരും പരാതി പറയുകയാണ്. തിരുവനന്തപുരം ജില്ലയ്ക്ക് അങ്ങ് പാക്കേജ് പ്രഖ്യാപിച്ചു കളയരുത്. അങ്ങ് മറുപടി പ്രസംഗത്തിൽ പാക്കേജ് പ്രഖ്യാപിക്കരുത്, കഴിഞ്ഞ തവണ ഇടുക്കി ജില്ലയ്ക്ക് വേണ്ടി പരാതി പറഞ്ഞപ്പോൾ 5,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു, ഒരു രൂപ പോലും കൊടുത്തില്ല. അതുപോലെ തിരുവനന്തപുരം ജില്ലയ്ക്ക് പാക്കേജ് പ്രഖ്യാപിച്ച് തിരുവനന്തപുരത്തുകാരെ അപമാനിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഈ നാട്ടിൽ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത, കേരള ജനതയെ കബളിപ്പിക്കുന്ന കോടികളെടുത്ത് അമ്മാനമാടുന്ന യാഥാർത്ഥ്യബോധമില്ലാത്ത ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഡ്ജറ്റിന്റെ ചർച്ചയുടെ വിശദമായ മറുപടി ബഹുമാന്യനായ ധനകാര്യമന്ത്രി പറയും. ഇവിടെ സംസാരിക്കുമ്പോൾ ബഹുമാന്യനായ പി. ടി. തോമസ് പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് മൂന്ന് ആരോപണങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതി നൽകി ഉന്നയിച്ചിട്ടുണ്ട്. ആരോപണങ്ങളിന്മേൽ പോലീസ് വകുപ്പിന്റെ വിശദമായ റിപ്പോർട്ട് വാങ്ങി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ആ കാര്യങ്ങൾ അടിസ്ഥാനരഹിതമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

ഒന്നാമതായി പറഞ്ഞത്, പോലീസിനു വേണ്ടി കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, ക്യാമറകൾ, വാഹനങ്ങൾ എന്നിവ വാങ്ങിയത് സ്റ്റോർ പർച്ചേസ് നടപടികളിലെ നിബന്ധനകളെ ലംഘിച്ചുകൊണ്ടാണെന്നാണ്. പോലീസ് സംവിധാനത്തെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇതിന്റെ ഭാഗമായിത്തന്നെ പോലീസിനുവേണ്ടി കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, ക്യാമറകൾ, വാഹനങ്ങൾ എന്നിവ വാങ്ങുക സ്വാഭാവികമാണ്. ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് ആൻഡ് നെറ്റ്‌വർക്ക് സിസ്റ്റംസ് (സി.സി.ടി.എൻ.എസ്.) പദ്ധതിക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും

ലാപ് ടോപ്പുകളും സംസ്ഥാന സർക്കാരിനു കീഴിലുള്ള സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റിയുടെ അനുമതിയോടു കൂടിയാണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത വാങ്ങൽ നടപടികൾ സെൻട്രലൈസ്ഡ് പ്രൊക്യുയർമെന്റ് ആൻഡ് റേറ്റ് കോൺട്രാക്ട് സിസ്റ്റം (സി.പി.ആർ.സി.എസ്.) മുഖാന്തരവും, ഗവൺമെന്റ് ഇ-മാർക്കറ്റിംഗ് (GeM) മുഖാന്തരവുമാണ്. സി.സി. ടിവികൾ ഓപ്പൺ ടെണ്ടർ വഴിയാണ് വാങ്ങി സ്ഥാപിച്ചിട്ടുള്ളത്.

രണ്ടാമതായി ഉന്നയിച്ചത്, 'സിംസ്' എന്ന പേരിൽ നടത്തുന്ന വീടുകളിൽ ക്യാമറകൾ വയ്ക്കുന്ന പദ്ധതിയിൽ വൻ അഴിമതി നടന്നിട്ടുള്ളതെന്നാണ്. സിംസ് പദ്ധതിയെന്നത് മോഷണശ്രമം തൽസമയം കണ്ടെത്തി തടയാൻ രാജ്യത്ത് ആദ്യമായി കേരളാ പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ്. ഈ പദ്ധതിയുടെ നിയന്ത്രണം, നടത്തിപ്പ്, ചുമതല എന്നിവ സർക്കാർ പൊതുമേഖലാ സ്ഥാപനവും സർക്കാർ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി പ്രഖ്യാപിച്ചിട്ടുള്ള കെൽട്രോണിനുമാണ്. ഇതിനുവേണ്ടി സർക്കാരോ പോലീസോ യാതൊരു തുകയും ചെലവഴിക്കുന്നില്ല. അതുകൊണ്ടു തന്നെ ഇതുസംബന്ധിച്ച അഴിമതി ആരോപണം അടിസ്ഥാനരഹിതമാണ്.

മൂന്നാമതായി അദ്ദേഹം ഉന്നയിച്ചത് നക്സൽ ഭീഷണിയുള്ള സ്ഥലങ്ങളിൽ

എസ്.എച്ച്.ഒ.-മാർക്ക് താമസിക്കുവാൻ ക്വാർട്ടേഴ്സ് പണിയുന്നതിന് അനുവദിച്ച തുക വകമാറ്റി ചെലവഴിച്ച് സർക്കാർ അനുമതിയില്ലാതെ വില്ലകളും ബംഗ്ലാവുകളുമാക്കി മാറ്റിയെന്നാണ്. നക്സൽ ഭീഷണിയുള്ള സ്ഥലങ്ങളിൽ സെക്യൂരിറ്റി റിലേറ്റഡ് എക്സ്പെൻഡിച്ചർ (എസ്.ആർ.ഇ.), സ്പെഷ്യൽ ഇൻഫ്രാസ്ട്രക്ചർ സ്കീം, (എസ്.ഐ.എസ്.) എന്നിവയാണ് നിലവിലുള്ളത്. എസ്.ആർ.ഇ., എസ്.ഐ.എസ്., സ്കീമുകളിൽ നിർമ്മാണ പ്രവർത്തനമെന്ന ഘടകം ഉൾപ്പെടുന്നില്ല. ഈ പദ്ധതിയുടെ ഭാഗമായോ മറ്റേതെങ്കിലും പദ്ധതിയുടെ ഭാഗമായോ തണ്ടർ ബോൾട്ട്കാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിന് നടപടികളൊന്നും സംസ്ഥാനത്ത് സ്വീകരിച്ചിട്ടില്ല. സീനിയർ ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സുകൾ അപര്യാപ്തമായതിനാൽ മോഡണൈസേഷൻ ഓഫ് പോലീസ് ഫണ്ട് (എം.ഒ.പി.എഫ്) 2013-14, സംസ്ഥാന വിഹിതം സ്കീമിൽ അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ പണിയുന്നതിനായി അനുവദിച്ച തുകയും (433 ലക്ഷം രൂപ), സ്റ്റേറ്റ് പ്ലാൻ 2018-19, 2019-20 സ്കീമുകളിൽ സീനിയർ ഓഫീസേഴ്സ് റെസിഡൻസ് പണിയുന്നതിനായി അനുവദിച്ച തുകയും (195 ലക്ഷം രൂപ) ഉപയോഗിച്ച് ഭക്തിവിലാസത്ത് പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ സീനിയർ പോലീസ്

ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സുകളാണ് പണി കഴിപ്പിക്കുന്നത്.

അതോടൊപ്പം പ്രസംഗത്തിൽ കേരള ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പോലീസുകാരെ വഴിവിട്ടു നിയമിച്ചുവെന്ന മറ്റൊരു ആരോപണവും ഉന്നയിച്ചിട്ടുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിയിലും മൂന്ന് മേഖലാ സയൻസ് ലബോറട്ടറികളിലുമായി 140 തസ്തികകളിൽ 64 എണ്ണം ഒഴിഞ്ഞു കിടക്കുകയാണ്. അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 4 ലാബുകളിലായി പരിശോധനയ്ക്കായി 12,000 ത്തോളം ക്രൈം കേസുകൾ കെട്ടിക്കിടക്കുന്ന സ്ഥിതിയുണ്ട്. ഈ സാഹചര്യത്തിൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സയന്റിഫിക് ഓഫീസർമാരെ സഹായിക്കാനായി 6 മാസത്തേയ്ക്ക് താൽക്കാലികമായി വർക്ക് അറേഞ്ചുമെന്റിൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഇവരെ ലബോറട്ടറികളിലെ പരിശോധനാ ചുമതലകൾ ഒന്നും ഏൽപ്പിച്ചിട്ടില്ല. തൊണ്ടി മുതലുകളുടെ പരിശോധനയ്ക്ക് അക്കാര്യത്തിൽ വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥരെ മാത്രമേ ചുമതലപ്പെടുത്തിയിട്ടുള്ളൂ. ഇതാണ് ഈ കാര്യത്തിൽ വ്യക്തമാക്കാനുള്ളത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എന്റെ കൈയ്യിലിരിക്കുന്നത് സി. ആൻഡ് എ. ജി.-യുടെ റിപ്പോർട്ടാണ്. സി. ആൻഡ് എ. ജി.-യുടെ റിപ്പോർട്ടിൽ ഞാൻ

ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും അക്കമിട്ട് അംഗീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓരോന്നും നിഷേധിക്കുകയുണ്ടായി. അങ്ങനെയെങ്കിൽ ഇതിനെപ്പറ്റി ഒരു അന്വേഷണത്തിന് അങ്ങ് ഉത്തരവിടാൻ തയ്യാറുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾക്കാണ് ഞാൻ മറുപടി പറഞ്ഞത്. സി ആൻഡ് എ.ജി. റിപ്പോർട്ടിന്റെ കാര്യം വേറെ നമുക്ക് പരിശോധിക്കാം, അത് സാധാരണ പരിശോധിക്കുന്ന നടപടിക്രമം എല്ലാവർക്കും അറിയാവുന്നതാണല്ലോ, എങ്ങനെയാണ് സി ആൻഡ് എ.ജി. റിപ്പോർട്ട് കൈകാര്യം ചെയ്യുകയെന്നുള്ളത്. അത് ആ വഴിക്ക് പൊയ്ക്കൊള്ളട്ടെ. അദ്ദേഹം ഉന്നയിച്ച കാര്യങ്ങളെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾ ഇതിലുള്ളതോ, ഇതിലുള്ളത് അദ്ദേഹം ഉന്നയിച്ചതോ, ഏതാണെന്നുള്ള കാര്യത്തിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ പോയിട്ടില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നമ്മുടെ സംസ്ഥാനത്തിന്റെ ശക്തിയും ദൗർബല്യവും തിരിച്ചറിഞ്ഞ് അതിനോട് പ്രതികരിക്കാനുള്ള ഒരു നയ ഉപകരണമാണ്, ഉപാധിയാണ് ബഡ്ജറ്റ് എന്നുപറയുന്നത്. അങ്ങനെ നോക്കുമ്പോൾ നമ്മുടെ

സമ്പദ്ഘടനയുടെ resilience and strength വളരെയേറെ പ്രകടമായിട്ടുള്ള ഒരു കാലയളവാണ് നാം പിന്നിട്ടിട്ടുള്ളത്. 1980-കളുടെ അവസാനം മുതൽ ദേശീയ ശരാശരിയെക്കാൾ ഉയർന്ന വേഗതയിലാണ് കേരളം വളർന്നിട്ടുള്ളത്. അതുകൊണ്ട് ഇന്ന് നമ്മുടെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയുടെ 60 ശതമാനത്തിനു മുകളിലാണ്. എന്നാൽ ഈ നൂറ്റാണ്ടിൽ ഇതിനൊരു ചാഞ്ചാട്ടം തുടങ്ങിയിട്ടുണ്ട്. ഈ പതിറ്റാണ്ടിന്റെ ആദ്യപകുതിയിൽ യു.ഡി.എഫ്. ഭരണകാലത്ത് സാമ്പത്തിക വളർച്ച മന്ദീഭവിച്ച് 4.9% മാത്രമായിത്തീർന്നു. ഇത് ദേശീയ ശരാശരിയേക്കാൾ താഴെയാണ്. ഇതുകണ്ട് ഭയന്ന് കേരളം ഒരു മാന്ദ്യത്തിലേയ്ക്ക് വഴുതിവീഴുകയാണ് എന്നൊരു ധാരണയിലാണ് പ്രതിപക്ഷ നേതാവ് ഉദ്ധരിച്ച 'രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് ' ഈ സർക്കാരിന്റെ ആദ്യ വർഷംതന്നെ പ്രഖ്യാപിച്ചത്. എന്നാൽ  സമ്പദ്ഘടന തിരിച്ചുകയറി. 7 ശതമാനത്തിലേയ്ക്ക് നമ്മുടെ സമ്പദ്ഘടന വളർന്നു, ഈ സർക്കാരിന്റെ ആദ്യത്തെ മൂന്ന് വർഷം ദേശീയ ശരാശരിയേക്കാൾ മുകളിലായി. അതുകൊണ്ട് എല്ലാം സുഗമമായി എന്നല്ല, രൂക്ഷമായ വെല്ലുവിളി നേരിടുകയാണ്. ഈ ഉണർവ് നിലനിർത്താൻ പറ്റുമോ ഇല്ലയോ എന്നത് വലിയൊരു പ്രശ്നമാണ്. കാരണം ആഗോളമായും ദേശീയമായും വളരെ മോശമായ സാമ്പത്തിക

സ്ഥിതിയാണ് നിലവിലുള്ളത്. അത് നമ്മളെയും ബാധിച്ചുകൊണ്ടിരിക്കുകയാണെന്നതും വളരെ വ്യക്തമാണ്. അപ്പോൾ ഇതിനെ നേരിടുന്നതിന് നമുക്ക് ചില പ്രയാസങ്ങളുണ്ട്. ആ പ്രയാസങ്ങൾ വളരെ വ്യക്തമായത് ഈ വർഷത്തിന്റെ അവസാന മൂന്ന് മാസമാണ്. നമ്മുടെ ബഡ്ജറ്റിൽ നമ്മൾ പ്രതീക്ഷിച്ചതിനേക്കാൾ പന്ത്രണ്ടായിരം കോടിയിലേറെ രൂപ കേന്ദ്രത്തിൽ നിന്നും വായ്പയായോ നികുതിവിഹിതമായോ കിട്ടുന്നത് ഇല്ലാതായി. ഇതൊരു ചെറിയ തുകയല്ല. സ്വാഭാവികമായും ഇത് നമ്മുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. കമ്മി കൂടിയിട്ടുണ്ട്, ചെലവ് ചുരുക്കിയിട്ടുണ്ട് എന്നീ പ്രശ്നങ്ങളൊക്കെ പലരും പറഞ്ഞു, അതൊക്കെ ശരിയാണ്. ഇതൊന്നും ആരും മറച്ചുവച്ചിട്ടില്ല. ഇക്കാര്യങ്ങളെല്ലാം ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്, കണക്കുകളിൽ നിന്നും വളരെ വ്യക്തമായി ലഭ്യമായിട്ടുള്ള കാര്യങ്ങളുമാണ്. അടുത്തവർഷവും ഇങ്ങനെതന്നെയായിരിക്കും എന്നൊരു ഭാവനയിലാണ് പ്രതിപക്ഷം കാര്യങ്ങൾ കണ്ടത്, പ്രതിപക്ഷത്തിന് സംഭവിച്ചത് അതാണ്. ബഡ്ജറ്റ് വന്നപ്പോൾ സ്ഥിതി അങ്ങനെയല്ല. എല്ലാവരും അതിന്റെയൊരു വെപ്രാളത്തിലും പ്രശ്നത്തിലുമാണ്. അപ്പോൾപ്പിന്നെ ദിവാസ്വപ്നം, ഫാന്റസി എന്നൊക്കെ വിശേഷിപ്പിക്കാം.

എങ്ങനെ ഇതിനെ മറികടക്കാൻ കഴിഞ്ഞു? അതിന് മൂന്ന് കാര്യങ്ങളുണ്ടായിട്ടുണ്ട്. അതിൽ ഒന്നാമത്തേത്, ഈ സർക്കാരിന്റെ ആദ്യവർഷം പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജും പിന്നീട് പറഞ്ഞ ഇരുപതിനായിരം കോടി രൂപയുമാണ്. പ്രതിപക്ഷനേതാവ് അത് നന്നായി ഉദ്ധരിച്ചു, അതുകൊണ്ട് ആവർത്തിക്കേണ്ട കാര്യമില്ല. അവ ഇന്ന് പ്രാവർത്തികമാകുകയാണ്, അങ്ങനെയാക്കാൻ കുറച്ച് സമയമെടുത്തുവെന്നത് ശരിയാണ്. കാരണം കിഫ്ബി സെറ്റപ്പ് ചെയ്യണം, പ്രോജക്ടുകളുടെ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ കാര്യങ്ങൾ ചെയ്യണം. ഇപ്പോഴത് ഇംപ്ലിമെന്റേഷനിലേയ്ക്ക് നീങ്ങുകയാണ്. അങ്ങനെ വലിയൊരു മാന്ദ്യവിരുദ്ധ പാക്കേജിന്റെ പിന്തുണയോടുകൂടിയാണ് ഈ ബഡ്ജറ്റ് ഉണ്ടാക്കിയത്. അതുകൊണ്ട് അതിനെക്കുറിച്ചൊക്കെ ഒന്ന് പരാമർശിച്ചുവെന്നേയുള്ളൂ. പറഞ്ഞകാര്യങ്ങൾതന്നെ പറയുകയാണെന്ന് വേണമെങ്കിൽ നിങ്ങൾക്ക് പറയാം. അല്ല, അതെല്ലാം ഈ വർഷം നടപ്പാകുമെന്ന് പറയുകയാണ്.

രണ്ടാമത്തെ കാര്യം പറയാം, നേരത്തേ പറഞ്ഞപോലെ 5000 കോടി രൂപ കുറഞ്ഞുവെന്നത് ശരിയാണ്. നമ്മൾ വലിയ പ്രക്ഷോഭവും സമ്മർദ്ദവുമൊക്കെ ഉണ്ടാക്കിയത് ഇതിനെതിരെയായിരുന്നു. ചെറിയ

ഫൈറ്റൊന്നുമല്ല നമ്മൾ നടത്തിയത്. അതിന്റെ ഫലമായി റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിൽ (Revenue deficit grants) നിങ്ങളുടെ ഭരണകാലത്ത് 5,800 കോടി രൂപയാണ് ആദ്യവർഷം അനുവദിച്ചതെങ്കിൽ ഇപ്പോൾ 15,000 കോടിയോളം രൂപ ശിപാർശ ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ 5000 കോടി രൂപയുള്ളതേ വച്ചിട്ടുള്ളൂ. ആ അപകടം നമുക്കുണ്ടെങ്കിലും ഇതൊരു പുതിയ ശക്തിയാണ്. നേരത്തേ അങ്ങനെയുണ്ടായിരുന്നു. ഈ മൂന്ന് മാസത്തെ സ്ഥിതിയല്ല പറയുന്നത്, കാര്യങ്ങൾ മെച്ചപ്പെടും.

മൂന്നാമത്തെ കാര്യം പറയാം, നിങ്ങൾ പറഞ്ഞത് ശരിയാണ്, നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ല. കണക്കിൽ അത്രയും കുറഞ്ഞിരിക്കാൻ കാരണം നഷ്ടപരിഹാരമായി ലഭിക്കുന്ന തുക നികുതിയായല്ല, മറിച്ച് ഗ്രാന്റായാണ് കണക്കാക്കുന്നത് എന്നതുകൊണ്ടാണ്. അതുകൂടി കണക്കാക്കിയാൽ ഈ പറഞ്ഞ കുറവ് അനുഭവപ്പെടില്ല. എങ്കിലും നമ്മുടെ നികുതി വരുമാനം നിങ്ങൾ പറഞ്ഞതുപോലെതന്നെ കൂടിയിട്ടില്ല. ആ സ്ഥിതിവിശേഷം മാറുന്നതിനുള്ള സാദ്ധ്യത വളരെയേറെയാണ്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയത്. അത് നൽകുന്ന ആത്മവിശ്വാസം നിങ്ങളെ അലോസരപ്പെടുത്തുന്നത് വളരെ

സ്വാഭാവികമാണ്. ഒരു കാര്യവും ചെലവാക്കിയിട്ടില്ല, ഒന്നും നടപ്പാക്കിയിട്ടില്ല എന്നാണെങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തെ ട്രാക്ക് റെക്കോർഡ് (track record) നോക്കൂ. അതിലെ ഫിസിക്കൽ അച്ചീവ്മെന്റ്സ് (Physical achievements) ശ്രീ. എം. സ്വരാജും, ശ്രീമതി വീണാ ജോർജ്ജും ഇവിടെ പറഞ്ഞു, ഞാനത് വീണ്ടും ഉദ്ധരിക്കുന്നില്ല. അക്കാര്യങ്ങളെപ്പറ്റി ഏത് മേഖലയെടുത്താലും കിറുകൃത്യമായി പറയാൻ കഴിയും. എത്ര കിലോമീറ്റർ റോഡ്, കുടിവെള്ള കണക്ഷനുകൾ എത്രയെണ്ണം, വൈദ്യുതി കണക്ഷനുകൾ എത്രയെണ്ണം, വൈദ്യുതി ഉത്പാദനം എത്രയുണ്ട് എന്നിങ്ങനെ ഓരോ കാര്യത്തിലുമുള്ള ഫിസിക്കൽ അച്ചീവ്മെന്റ്സിനെക്കുറിച്ചാണ് അതിൽ പറഞ്ഞിരിക്കുന്നത്. ശരിയാണ് ശ്രീ. വി. ഡി. സതീശൻ എപ്പോഴും പറയുന്നതുപോലെ, ചിലകാര്യങ്ങളിൽ തുക കുറഞ്ഞിട്ടുണ്ട്. തുക കുറയുന്ന കാര്യം എടുത്തുപറയുന്നത് എങ്ങനെയാണ്? അത്രയ്ക്കും വലിയ വർദ്ധനവ് വരുന്ന സമയത്ത് മാത്രമാണ് അങ്ങനെ ചെയ്യുന്നത്. ആകെ അഞ്ചുവർഷം കൊണ്ട് 8,000 കോടി രൂപ കൊടുത്തിരുന്ന സ്ഥാനത്ത് ഞങ്ങൾ ഇപ്പോൾ 22,000 കോടി രൂപ പെൻഷൻ ഇനത്തിൽ നൽകുമ്പോൾ അതിലെ വർദ്ധനവ് പ്ലാനിലോ ചെലവിലോ ഉണ്ടായാലും അതിന്റെ അനുപാതം എക്കാലത്തേക്കാളും വളരെ ഉയർന്നതാണ്,

അതുകൊണ്ട് പറയുന്നുവെന്നേയുള്ളൂ. അതിന്റെയൊരു ആത്മവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ മുമ്പോട്ടുപോകുമ്പോൾ സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിനായി ശക്തമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. ഇന്നലെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ പാർലമെന്റിലും ലോക്സഭയിലും പറഞ്ഞത് കോമ്പൻസേഷൻ തുക ഗ്യാരന്റി ചെയ്യാൻ പറ്റില്ല എന്നാണ്. കോമ്പൻസേഷൻ സെസ് (Compensation cess) പിരിഞ്ഞുകിട്ടുന്ന മുറയ്ക്കുമാത്രമേ തരാൻ പറ്റുകയുള്ളൂ എന്നാണ് പറഞ്ഞത്. അത് നിയമവിരുദ്ധമായിട്ടുള്ള പ്രസ്താവനയാണ്. കോമ്പൻസേഷൻ നിയമത്തിൽ ഇത് പിരിഞ്ഞുകിട്ടിയാലേ കൊടുക്കൂ എന്ന ക്ലോസ് ഇല്ല. എന്നുമാത്രമല്ല, ഇങ്ങനെയൊരു സാഹചര്യം വന്നുകഴിഞ്ഞാൽ ഒരു പ്രശ്നവുമില്ലെന്നും താത്ക്കാലികമായി വായ്പയെടുക്കാം, സംസ്ഥാനങ്ങൾക്ക് കൊടുക്കാം, അതിനുശേഷം ഈ കോമ്പൻസേഷൻ സെസ്സ് എന്നത് ആറുമാസമോ ഒരു വർഷമോ വർദ്ധിപ്പിച്ചാൽ പ്രശ്നം തീരാവുന്നതേയുള്ളൂ എന്നാണ് ജി.എസ്.ടി. കൗൺസിലിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്, അത് റെക്കോർഡിലുണ്ട്. അതുകൊണ്ട് ഇന്ന് മറ്റുപല ധനകാര്യ മന്ത്രിമാരുമായും ബന്ധപ്പെട്ടു. ഡൽഹിയിലെ പുതിയ ധനകാര്യ വകുപ്പുമന്ത്രി

ശ്രീ. മനീഷ് സിസോഡിയ (Manish Sisodia) തന്നെയാകുമെന്ന് പ്രതീക്ഷിക്കുന്നു, അദ്ദേഹത്തെ വിളിച്ചിരുന്നു. പ്രതിപക്ഷനേതാവ് ശ്രദ്ധിക്കണം, ഇന്ത്യയിലെ സംസ്ഥാന സർക്കാരുകൾക്ക് യോജിച്ച് സുപ്രീംകോടതിയെ സമീപിക്കാൻ സാധിക്കണം. സംസ്ഥാനത്തിന്റെ അവകാശത്തെ ഈ രീതിയിൽ ഹനിക്കുന്നതും ഒരു വിശദീകരണവുമില്ലാതെ, ഞങ്ങൾക്ക് ഇഷ്ടമല്ല, ഇപ്പോൾ തരാൻ പറ്റില്ല എന്നുപറയുന്ന രീതിയും ശരിയല്ല. അപ്പോൾ നിതാന്ത ജാഗ്രതയോടുകൂടി, നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി, തർക്കങ്ങളൊക്കെ അവിടെ നിൽക്കട്ടെ, ഒരുമിച്ച് നിൽക്കാൻ കഴിഞ്ഞാൽ ഒരു സംശയവും വേണ്ട നമുക്ക് വളരെ ആത്മവിശ്വാസത്തോടുകൂടി അടുത്തവർഷത്തെ അഭിമുഖീകരിക്കാം. ഇപ്പോൾത്തന്നെ വേണോ ശ്രീ. വി. ഡി. സതീശാ... കുറച്ച് കഴിഞ്ഞിട്ടാകാം.

ശ്രീ. വി. ഡി. സതീശൻ: സർ, 'ഞങ്ങളങ്ങ് ഞെട്ടിപ്പോയി ബഡ്ജറ്റ് കണ്ടപ്പോൾ' എന്ന് അങ്ങ് പറഞ്ഞല്ലോ, ഞങ്ങൾ അലോസരപ്പെട്ടത് അതുകൊണ്ടുതന്നെയാണ്, അങ്ങയുടെ പ്രസംഗം കേട്ടിട്ടല്ല, ഫിസ്കൽ ഇൻഡിക്കേറ്റേഴ്സ് (Fiscal indicators) കണ്ടിട്ടാണ്. ഞാൻ ഒറ്റക്കാര്യം മാത്രം അങ്ങയോട് ചോദിക്കുകയാണ്, പുതിയ വർഷമാണ്, പുതിയ കാര്യങ്ങളാണ്

എന്ന് അങ്ങ് പറഞ്ഞു, കഴിഞ്ഞ വർഷത്തെ അങ്ങയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 1,15,000 കോടി രൂപയാണ് വരുമാനം വച്ചിരുന്നത്, എന്നാൽ ഈ വർഷത്തെ അങ്ങയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വരുമാനം വച്ചിരിക്കുന്നത് 1,14,000 കോടി രൂപയാണ്. കഴിഞ്ഞ വർഷം പ്രതീക്ഷിച്ച വരുമാനം പോലും അങ്ങ് അടുത്ത വർഷം കാണുന്നില്ല. അങ്ങ് കറന്റ് ഇയറിൽ വച്ചിരുന്ന പ്ലാൻ ഔട്ട്ലേ (plan outlay) 30,000 കോടി രൂപയാണ്, അടുത്ത വർഷത്തേയ്ക്ക് അങ്ങ് വച്ചിരിക്കുന്നത് 27,000 കോടി രൂപയാണ്. ഇത് ചരിത്രത്തിലില്ലാത്ത കാര്യമാണ്. അങ്ങയുടെ ഈ വർഷത്തെ റവന്യൂ കമ്മി കാണിച്ചിരിക്കുന്നത് 8,777 കോടി രൂപയാണ്. എന്നാൽ അടുത്ത വർഷത്തേയ്ക്ക് അങ്ങ് കാണിച്ചിരിക്കുന്ന റവന്യൂ കമ്മി എത്രയാണെന്ന് നോക്കൂ. ഈ കണക്ക് നോക്കിയശേഷവും അടുത്ത വർഷം പ്രകാശമാനമാണെന്ന് ഞങ്ങൾ വിചാരിക്കുന്നത് എങ്ങനെയാണ്; ഞങ്ങൾ എങ്ങനെ അലോസരപ്പെടാതിരിക്കും? അങ്ങ് പറയൂ...

ഡോ. ടി. എം. തോമസ് ഐസക്: സർ, അലോസരപ്പെട്ടോളൂ, കുഴപ്പമില്ല. ഞങ്ങളുടെ ആത്മവിശ്വാസം എന്തുകൊണ്ടാണെന്ന കാര്യം ഞാൻ പറഞ്ഞതാണ്. ഈ ബഡ്ജറ്റിന്റെ ഒരു അടിസ്ഥാന സമീപനമെന്നത് നമ്മുടെ

പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാം, നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കാം, അതിന്റെ ഫലമായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാം എന്നതാണ്. കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ഇന്ത്യയിൽ ഏറ്റവും ഉയർന്നതാണ്, കൂടിക്കൊണ്ടിരിക്കുകയാണ് എന്ന് ബഹുമാനപ്പെട്ട പി. ടി. തോമസ് സംസാരിക്കുമ്പോൾ പറഞ്ഞു. കൂടിക്കൊണ്ടിരുന്നത് ഇപ്പോൾ മാത്രമല്ല, എക്കാലത്തും അങ്ങനെയായിരുന്നു. അതിന്റെയൊരു സാമ്പത്തിക ശാസ്ത്രത്തിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. ഒരു കാര്യം ഞാൻ വ്യക്തമാക്കുകയാണ്, 1990-കൾ മുതൽ അഖിലേന്ത്യാ ശരാശരിയും നമ്മളും തമ്മിലുള്ള അകലം കുറഞ്ഞുവരികയാണ്, കൂടിക്കൊണ്ടിരിക്കുകയല്ല, തീർച്ചയായും അതിനുമുമ്പ് അന്തരം അതിനേക്കാളും വലുതായിരുന്നു. തൊഴിലില്ലായ്മ അളക്കുമ്പോൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ കേരളത്തിൽ നിന്നും വ്യത്യസ്തമായി തൊഴിലില്ലാത്തവർ ഡിസ്ഗൈസ്ഡ് അൺഎംപ്ലോയ്മെന്റ്സാണ്. തൊഴിലുണ്ട് എന്ന നാട്യത്തിൽ സ്വയംതൊഴിലൊക്കെയെടുത്ത് കഴിഞ്ഞുകൂട്ടുകയാണ്. അതുകൊണ്ട് ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് പാശ്ചാത്യ രാജ്യങ്ങളേക്കാൾ വളരെ താഴ്ന്നതാണ്. ഇത്തരത്തിൽ ഡിസ്ഗൈസ്ഡ് അൺഎംപ്ലോയ്മെന്റ്

സാധ്യമല്ലാത്ത നിലയിലേയ്ക്ക് മറ്റ് സംസ്ഥാനങ്ങൾ വന്നപ്പോൾ പൊതു തൊഴിലില്ലായ്മ നിലവാരം ഉയർന്നു, നമ്മുടേത് പഴയതുപോലെ നിൽക്കുന്നു. അതുകൊണ്ട് നമ്മളും അവരും തമ്മിലുള്ള അകലം കുറഞ്ഞുവരികയാണ്. എനിക്ക് ഒറ്റ ചോദ്യമേ ചോദിക്കാനുള്ളു. ഈ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിലേതെങ്കിലുമൊന്നിൽ ഇത്തരത്തിൽ തൊഴിലവസര പ്രോത്സാഹനത്തിനുവേണ്ടി സർക്കാർ സഹായം നൽകിയിട്ടുണ്ടോ? ഒരു സ്ഥാപനത്തിൽ പുതിയതായി ഒരാൾക്ക് ജോലികൊടുത്താൽ അവരുടെ ഒരു മാസത്തെ ശമ്പളം സർക്കാർ കൊടുക്കും. സ്റ്റാർട്ടപ്പുകൾ, നിങ്ങൾക്ക് തീർച്ചയുള്ള ഓർഡറുണ്ടെങ്കിൽ വേറെ സെക്യൂരിറ്റിയോ ജാമ്യമോ ഒന്നുമില്ലാതെ തന്നെ 90 ശതമാനം വായ്പ കെ.എസ്.ഐ.ഡി.സി.-യും കെ.എഫ്.സി.-യും നൽകും. അതല്ലെങ്കിൽ മൈക്രോ എന്റർപ്രൈസസിൽ ഒന്നരലക്ഷം പേർക്ക് തൊഴിൽ നൽകാനുള്ള പരിപാടി...., അതുകൊണ്ട് ശ്രീ. പി. ടി. തോമസ് പറഞ്ഞ കാര്യം വളരെ ഗൗരവത്തിലെടുത്ത് അതിനൊരു പരിഹാരം കാണുന്നതിനായി ഈ ബഡ്ജറ്റിൽ ശ്രമിക്കുകയാണ്. ഇതിനെ മിസ്കീൻ ബഡ്ജറ്റ് എന്ന് ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞു. അങ്ങനെയൊരു അവാർഡ് തന്നതിൽ

എനിക്ക് സന്തോഷമേയുള്ളൂ. ഇത് ദരിദ്രർക്കുള്ള ബഡ്ജറ്റ് തന്നെയാണ്. ദരിദ്രർക്ക് പരിഗണന നൽകിയിട്ടുള്ള ബഡ്ജറ്റാണ്. അല്ലെങ്കിൽ ഇത്രയും സാമ്പത്തിക പ്രയാസം നിൽക്കുമ്പോഴും പാവപ്പെട്ടവർക്ക് നൽകിയ വാഗ്ദാനം, ഞങ്ങൾ ഭരിക്കുമ്പോൾ എല്ലാവർഷവും ക്ഷേമപെൻഷൻ നൂറുരൂപ വച്ചെങ്കിലും കൂട്ടുമെന്നുള്ളത് മാറ്റിയില്ലല്ലോ? ഇത്രയും വലിയ പ്രതിസന്ധിയാണ്, നമുക്ക് നല്ലകാലം വരട്ടെ അടുത്തമാസം ആകട്ടെയെന്ന് എനിക്ക് വേണമെങ്കിൽ പറയാമായിരുന്നു. പക്ഷേ അങ്ങനെ പറയില്ല. കയർ, കശുവണ്ടി, കൈത്തറി ഇതിന്റെയെല്ലാം അടങ്കൽ എടുക്കുക....., പാവങ്ങൾ പണിയെടുക്കുന്ന മേഖലകൾ അല്ലെങ്കിൽ പാവങ്ങളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ, അവർ പോകുന്ന ആശുപത്രികൾ.., ഈ മേഖലകളിലല്ലേ വലിയ അടങ്കൽ കൊടുത്തിട്ടുള്ളത്. ഇതിന്റെ ഫലമായി നമ്മുടെ സ്കൂളുകളിൽ വരുന്ന മാറ്റം, നമ്മുടെ ആശുപത്രികളിൽ വരുന്ന മാറ്റം...., ഇപ്പോൾ നിപാ വൈറസിനെ മാത്രമല്ല, നമ്മുടെ ഇന്ത്യ ലോകത്തോട് പറയുകയാണ്, കേരളത്തിൽ കൊറോണ വൈറസിന്റെ അപകടം ഞങ്ങൾ മറികടന്നിരിക്കുന്നുവെന്ന് പ്രഖ്യാപിക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. ആകെയുള്ളത് ഇപ്പോൾ പോസിറ്റീവെന്ന് ടെസ്റ്റ് ചെയ്ത രണ്ടുപേരുടെ കൂടി നെഗറ്റീവ് റിപ്പോർട്ട് പൂനെയിൽ നിന്ന്

കിട്ടിക്കഴിഞ്ഞാൽ ആ പ്രഖ്യാപനം വരാൻ പോകുകയാണ്. എങ്ങനെയാണ് കേരളം ഇതിനെ അതിജീവിക്കുന്നതെന്നുള്ളത് കണ്ട് ലോകം അത്ഭുതപ്പെടും. അവിടെ വന്ന രണ്ട് ആളുകളിലല്ലാതെ ഇവിടെ സെക്കന്ററിയായി പടരുന്നതിനെ തടയുന്നതിനുവേണ്ടിയെടുത്ത നടപടികൾ വിജയിച്ചു. ഇത്തരത്തിൽ വയോജനങ്ങൾക്ക്, സ്ത്രീകൾക്ക് ഇതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. മൂന്നാമത്തേത്, ജനപങ്കാളിത്തത്തോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രമാക്കിക്കൊണ്ട് വളരെയധികം കുതിപ്പുണ്ടാക്കാനുള്ള പരിശ്രമമാണ് ഈ ബഡ്ജറ്റിലുള്ളത്. ആയിരം ഭക്ഷണശാലകളെക്കുറിച്ച് പരിഹാസമാണല്ലോ; ഞങ്ങളത് ചെയ്തുകാണിച്ചുതരാം. ഓണം വരട്ടെ, ഉണ്ടാകുമോ ഇല്ലയോ എന്ന് നോക്കിക്കോളൂ. ആലപ്പുഴയിലുള്ള ഉദ്ഘാടനത്തിന് അങ്ങും വരണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മൂന്നുതവണ അങ്ങ് ഈ പദ്ധതികൾ പ്രഖ്യാപിച്ചതാണ്. 2-3 കോടി രൂപയാണ് അങ്ങ് ചെലവഴിച്ചത്. വീണ്ടും ഒരു പ്രഖ്യാപനം കൂടി അങ്ങ് നടത്തിയെന്നല്ലേയുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് ചെയ്തു ശീലിക്കുകയായിരുന്നു. എല്ലായിടത്തും കൊടുക്കുമെന്നല്ല പറഞ്ഞത്.

തെരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഇതെങ്ങനെ ചെയ്യാൻ കഴിയുമെന്ന് നോക്കാം. അപ്പോഴും ബഡ്ജറ്റിൽ 20 കോടി രൂപ വച്ചിട്ടും അതാരും എടുക്കാൻ പോയിട്ടില്ല. ചെയ്തത് ആലപ്പുഴയിലല്ലേ; ആലപ്പുഴയിൽ 20 കോടി രൂപ വച്ചിട്ടുണ്ട്. ആ ഇരുപത് കോടി രൂപയും ഇല്ലാതെ ചെയ്യാൻ പറ്റുമോ എന്ന് നോക്കുകയാണ്. അവിടെ ഭക്ഷണം കൊടുത്തോ? അവിടെ ചുരുങ്ങിയത് രണ്ടായിരം പേർക്ക് സൗജന്യഭക്ഷണം കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ അനുഭവാടിസ്ഥാനത്തിലാണ് ആയിരം ഭക്ഷണശാലകൾ പറയുന്നത്.

കേരളത്തിലെ പകുതി പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾ സമ്പൂർണ്ണ ശുചിത്വ പദവി ഓണത്തിന് മുമ്പ് നേടും. ആ തീവ്രയജ്ഞത്തിനുവേണ്ടി എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ മാലിന്യ സംസ്കരണ ഗാർഹിക ഉപകരണങ്ങൾക്ക് സബ്സിഡി നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദമുണ്ടാകും. നമ്മൾ വലിയൊരു യജ്ഞത്തിലേയ്ക്ക് നീങ്ങുകയാണ്. കഴിഞ്ഞ ഹരിതമിഷന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരുന്ന ഈ പ്രവർത്തനം കേരളം മുഴുവൻ ശുചിത്വമാക്കണമെന്നില്ല. പകുതി പഞ്ചായത്തുകളിലെത്തും. അങ്ങയുടെ മണ്ഡലത്തിലും എത്തും, എനിക്കത് നല്ല ഉറപ്പാണ്. 85000 തോടുകൾ, ഇപ്പോഴത്തെ തൊഴിലുറപ്പ്

ഉൾപ്പെടുത്തിയിരിക്കുന്നതുവച്ച് നോക്കുമ്പോൾ ഓണത്തിനുമുമ്പ് നമ്മളൊരു പതിനായിരം കിലോമീറ്റർ ദൂരം ശുചീകരിച്ചിരിക്കും. ഒരുകോടി ഫലവൃക്ഷങ്ങൾ ഓണത്തിനുമുമ്പ് നടുന്നതിനുവേണ്ടിയിട്ടുള്ള നഴ്സറികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഓണത്തിനുമുമ്പ് ഈ പറഞ്ഞകാര്യങ്ങളിൽ ഒന്നരലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിന് പ്ലാനുകൾ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾക്കുവേണ്ടി വിശദമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ഗൈഡ്ലൈൻ തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കുന്നതായിരിക്കും. നടന്ന കാര്യങ്ങളെ എങ്ങനെയൊക്കെയാണ് നിഷേധിക്കുന്നതും ചോദ്യം ചെയ്യുന്നതും. ദേശീയ ജലപാതയെക്കുറിച്ച് ഇവിടെ പരാമർശമുണ്ടായി. നമ്മൾ അത് പൂർത്തീകരിക്കും, ഈ വർഷം തുറന്നുകൊടുക്കും. എനിക്ക് വടകര കഴിഞ്ഞാൽ അപ്പുറത്തേയ്ക്കുള്ളത് അറിയാമോ എന്നാണ് അപ്പുറത്തുനിന്ന് ചോദിച്ചുകൊണ്ടിരുന്നത്. ഞാൻ പറയാം. വടകര-മാഹി 18 കി.മീ. ദൂരത്തിന് 200 കോടി രൂപ കിഫ്ബിയിൽ നിന്ന് ചെലവഴിക്കുകയാണ്. 650 മീറ്റർ മാത്രമേ ഇനി പൂർത്തിയാകാനുള്ളൂ. മാഹി-വളപട്ടണം 20 കി.മീ.-ന് ലാന്റ് അക്വിസിഷൻ നടപടികൾ നടന്നുവരികയാണ്, 650 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നല്ലവില കൊടുക്കുന്നതുകൊണ്ട് തടസ്സമൊന്നുമില്ല. ഞാനിന്നും ശ്രീ. കുര്യനോട്

വിളിച്ചുചോദിച്ചു. അത് പൂർത്തിയാകുക തന്നെ ചെയ്യും. വളപട്ടണം-നീലേശ്വരം 65 കി.മീ. ഒരു മാസത്തിനുള്ളിൽ വച്ച് അത് കമ്മീഷൻ ചെയ്യാൻ പോകുകയാണ്. നീലേശ്വരം-ബേക്കൽ 10 കി.മീ. ലാന്റ് അക്വിസിഷൻ നടപടികൾ നടന്നുവരികയാണ്, ഇത് ഈ വർഷം പൂർത്തീകരിക്കും. കോവളത്തുനിന്ന് ബേക്കൽ വരെ പോകുന്നതിനെക്കുറിച്ച് നിങ്ങൾക്ക് ചിന്തിക്കാൻ പറ്റില്ല; അത് ചെയ്യാൻ പോകുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് കേട്ടാൽ ദേശീയ ജലപാത നിങ്ങൾ കണ്ടുപിടിച്ച പുതിയൊരു പദ്ധതിയാണെന്ന് തോന്നുമല്ലോ; യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഇതിന്റെ മേജർ ഭാഗം പൂർത്തിയാക്കിയത്. നിങ്ങൾ എന്താണ് ഈ പറയുന്നത്. അതിന്റെ കണ്ടിന്യൂവിറ്റിയാണ് നിങ്ങൾ ചെയ്യുന്നത്. അതിന് മുമ്പുള്ള ഗവൺമെന്റിനുമുണ്ട്. എന്താണ് ഈ പറയുന്നത്;

ഡോ. ടി. എം. തോമസ് ഐസക്: സർ, ഗെയിൽ പദ്ധതി അങ്ങനെയായിരുന്നു, ഇടമൺ പവർലൈൻ അങ്ങനെയായിരുന്നു, ദേശീയപാത അങ്ങനെയായിരുന്നു പണ്ടേ തുടങ്ങിയതാണ്. പണ്ടേ തുടങ്ങി നടക്കാതെ ഏന്തിവലിഞ്ഞകാര്യങ്ങൾ ഈ സർക്കാർ രാഷ്ട്രീയ ഇച്ഛയോടുകൂടി നടപ്പാക്കിയതാണ്. ഇവിടെ വലിയ പ്രശ്നം പാക്കേജുകളെക്കുറിച്ചാണ്. വലിയ

പാക്കേജുകൾ പ്രഖ്യാപിച്ചുകളയരുതെന്നാണ് പറയുന്നത്. എന്താണ് പാക്കേജ് എന്നുപറയുന്നത്. കുറച്ച് പേരൊക്കെ ജനകീയാസൂത്രണത്തിന്റെ ക്ലാസിൽ ഇരുന്നിട്ടുള്ളവരല്ലേ. നമ്മളെ ആദ്യം പഠിപ്പിച്ചുതുടങ്ങിയത് സർക്കാരിന്റെ സ്കീമുകൾ. എല്ലാസ്ഥലത്തും ഒരുപോലെ നടപ്പിലാക്കുന്ന സ്കീമുകൾ. രണ്ട് പ്രോജക്ട് - നിയതമായ ലക്ഷ്യത്തിന് പ്രാദേശികമായി ചെയ്യുന്ന ഏർപ്പാട്. അങ്ങനെ സർക്കാരിന് സ്കീമുകളും പ്രോജക്ടുകളുമുണ്ട്. അതൊക്കെയാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. ഇതൊക്കെ ഓരോരോ ഡിപ്പാർട്ട്മെന്റിന്റേതാണ്. നാട്ടിലെ പ്രശ്നങ്ങൾ ഡിപ്പാർട്ട്മെന്റ് തിരിച്ചല്ലേയുള്ളത്. കുട്ടനാടിലെ പ്രശ്നം എത്രയോ ഡിപ്പാർട്ട്മെന്റ് ചേർന്ന് ചെയ്യണം. ശ്രീ. മാത്യു. ടി. തോമസ് പറയാറുള്ള കാര്യമുണ്ടായിരുന്നു. അവിടെ റിവ്യൂ നടത്താൻ പോയപ്പോൾ, ഞാൻ പങ്കെടുത്ത റിവ്യൂവാണ്. അവിടെ ഒരു എഞ്ചിനീയർ ചോദിച്ചു ഞങ്ങളുടെ പരിപാടിയും കൃഷിയുമായി എന്താണ് ബന്ധമെന്ന്. കൃഷിയുമായി ബന്ധമില്ലെന്നാണ് ആ എഞ്ചിനീയർ പറഞ്ഞത്. അതുകൊണ്ട് ചില പ്രത്യേക പ്രശ്നങ്ങൾ അല്ലെങ്കിൽ പ്രത്യേക മേഖലയിൽ ഇതുപോലെ സംസ്ഥാന ബഡ്ജറ്റിലുള്ള സ്കീമുകളും പ്രോജക്ടുകളും സംയോജിപ്പിച്ച് പ്രോഗ്രാമാക്കി മാറ്റുന്നു. അതിനുവേണ്ടി ഒരു ശ്രമം ഈ ബഡ്ജറ്റിൽ നടത്തിയിട്ടുണ്ട്.

അങ്ങനെ ഓരോ സ്ഥലത്തെയും വിവിധ ഡിപ്പാർട്ട്മെന്റുകൾ ഒരുമിച്ചിരുന്ന് ചെയ്യണം. അപ്പോൾ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. കാരണം ദൈനംദിന ജീവിതത്തിൽ ഈ പ്രശ്നങ്ങളൊക്കെയിരിക്കുന്നത് ഡിപ്പാർട്ട്മെന്റുകളെ തരംതിരിച്ചല്ല. അതാണ് ഈ പാക്കേജ് എന്നുപറയുന്നത്. പരിഹസിക്കുന്നവർ പരിഹസിച്ചോളൂ.

പദ്ധതികൾ 3 മുതൽ 5 വർഷം വരെയാണ്. എല്ലായിടത്തും ഈയൊരു വർഷം എത്ര ചെലവഴിക്കുമെന്ന് ചോദിച്ചു. ഒരു പെർസ്പെക്ടീവിൽ 5 വർഷത്തെയും 3 വർഷത്തെയും കണക്ക് പറഞ്ഞിട്ടുണ്ട്. ശ്രീ. വി. ഡി. സതീശന്റെ വലിയൊരു വിമർശനം തീരദേശ പാക്കേജിൽ കഴിഞ്ഞ വർഷം ആയിരം കോടി രൂപയും ഇപ്പോൾ അയ്യായിരമെന്നുമാണ് പറയുന്നതെന്ന്. കഴിഞ്ഞ ബഡ്ജറ്റിൽ അയ്യായിരം കോടി രൂപയുടെ പാക്കേജെന്നാണ് വിശേഷിപ്പിച്ചത്. ഞാൻ സമ്മതിച്ചു, തിരുത്താം. അയ്യായിരം കോടി രൂപയുടെ പാക്കേജ് 5 വർഷംകൊണ്ടാണ് നടപ്പിലാക്കാൻ പോകുന്നത്. അതിൽ ആയിരം കോടി രൂപ ഈ വർഷം ചെലവഴിക്കാൻ പോകുന്നുവെന്ന് അർത്ഥം വച്ചാൽ മതി. അതിൽ സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും ഓഖി പരിപാടിയെക്കുറിച്ചുമായിരുന്നു പരാമർശം. വർഷം എത്ര കഴിഞ്ഞാലും

സുനാമിയുടെ നടപടികളും ഓഖിയുടെ നടപടികളും ഒരുമിച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാം. എവിടെ നിൽക്കും, എന്തായിരിക്കും സ്ഥിതിയെന്ന് പരിശോധിക്കാം. തയ്യാറാണോ? ഇവിടെ ബഡ്ജറ്റിൽ പറഞ്ഞ ചട്ടക്കൂടിൽനിന്നുകൊണ്ട് പ്രാദേശിക ജനപങ്കാളിത്തത്തോടെ തീരദേശ വികസനപദ്ധതികൾക്ക് രൂപം നൽകും. തീരപ്രദേശത്ത് ഉപജീവനത്തിനുള്ള അവസരങ്ങളുയർത്താൻ NULM, NRLM തുടങ്ങിയ പദ്ധതികൾ പ്രയോജനപ്പെടുത്തും. ഞാൻ പാക്കേജുകളെപ്പറ്റി ഓരോന്നായെടുക്കുന്നില്ല. പക്ഷേ വലിയ വിമർശനം വന്നത്, തലസ്ഥാനനഗരിയെ ബഡ്ജറ്റ് അവഗണിച്ചിരിക്കുന്നുവെന്നാണ്. ഇടുക്കിക്കും വയനാടിനും കുട്ടനാടിനും തീരദേശത്തിനുമൊക്കെ പാക്കേജ് വച്ചപ്പോൾ അങ്ങ് തലസ്ഥാനനഗരിയെ അവഗണിച്ചിരിക്കുന്നുവെന്നാണ് പറയുന്നത്. ഒരു പ്രമുഖപത്രത്തിൽ രണ്ട് pullout-ആണ് മൂന്നുദിവസത്തിനുള്ളിൽ കൊടുത്തിരിക്കുന്നത്. ഏതായാലും ഇങ്ങനെയൊരു കോലാഹലമുണ്ടാക്കിയെടുത്തതിന് ശ്രീ. വി. എസ്. ശിവകുമാറിനെയും ശ്രീ. കെ. എസ്. ശബരീനാഥനെയും അഭിനന്ദിക്കണം. ആയുസ്സ് ഇന്നത്തേയ്ക്കേയുള്ളൂ. നമുക്ക് ഒരോന്നാരോന്നായെടുക്കാം. ബഡ്ജറ്റിലുൾക്കൊള്ളുന്ന പദ്ധതികൾ/ സ്കീമുകളിൽ, ഒരു നഗരത്തിന് ഏറ്റവും

പ്രധാനമായി വേണ്ടിവരുന്നത് റോഡ് കണക്ടിവിറ്റിയാണ്. അങ്ങനെയെടുക്കുമ്പോൾ റോഡിന് വേണ്ടത്, ഞാൻ വേണമെങ്കിൽ റോഡിന്റെ മുഴുവനും വായിക്കാം. രണ്ടായിരം കോടി രൂപയുടെ മേൽപ്പാലങ്ങൾ..

ശ്രീ. എം. വിൻസെന്റ്: സർ, പേപ്പറിലുള്ളത് വായിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: വായിക്കാം, ഉള്ളൂർ മേൽപ്പാലം, പട്ടം മേൽപ്പാലം, ശ്രീകാര്യം മേൽപ്പാലം, വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം, കരമന - കളിയിക്കാവിള റോഡ്, (.....ബഹളം.......) പൊതുമരാമത്ത്.... ശ്രീ. എം. വിൻസെന്റ് പറഞ്ഞപ്പോൾ ഞാൻ കേട്ടല്ലോ? ഒന്നു കേൾക്കു. കേട്ടിട്ട് പറയൂ. മര്യാദയില്ലാതെ ഇങ്ങനെ വർത്തമാനം പറയരുത്.

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... കേൾക്കു.....

ഡോ. ടി. എം. തോമസ് ഐസക്: എന്ത് ചോദിക്കാനുണ്ടെങ്കിലും മറുപടി പറയാം. ഞാൻ വഴങ്ങിത്തരും. ഞാൻ പ്രസംഗിക്കുമ്പോൾ ബഹളം വയ്ക്കേണ്ട കാര്യമെന്താണ്? പറഞ്ഞുകഴിഞ്ഞതിനുശേഷം എത്രവേണമെങ്കിലും ചോദിക്കു. മൾട്ടിലെവൽ പാർക്കിംഗ് തുടങ്ങി എല്ലാത്തിനുമായി 1,882 കോടി രൂപ. ഇതിൽ 864 കോടി രൂപ സ്മാർട്ട് സിറ്റി ട്രാൻസ്പോർട്ട് നെറ്റ്വർക്കിനാണ്. ശ്രീ. വി. എസ്. ശിവകുമാർ ഇതെവിടെയാണ്? ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക്

ഇത് അറിയില്ലേ; ഇത് പൂർണ്ണമായും അങ്ങയുടെ മണ്ഡലത്തിലാണ്. 864 കോടി രൂപയുടെ ട്രാൻസ്പോർട്ട് നെറ്റ്വർക്ക് പദ്ധതി നഗരകേന്ദ്രത്തെ ആസ്പദമാക്കി മാത്രമുള്ളതാണ്. പൂർണ്ണമായും അങ്ങയുടെ മണ്ഡലത്തിലാണ്. ഒന്നുകിൽ അങ്ങേയ്ക്കിത് അറിയില്ല. അറിയില്ലെങ്കിൽ വളരെ കഷ്ടമാണ്. അല്ലെങ്കിൽ അറിഞ്ഞിട്ട് വേറെ വർത്തമാനം പറയുന്നു. എങ്ങനെ ഇങ്ങനെ പറയാൻ സാധിക്കുന്നു. എന്താണ് ഈ ബഡ്ജറ്റിലുള്ളത് ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, അടുത്ത മാർച്ചുമാസത്തിൽ പദ്ധതി തീരേണ്ടതാണ്. ഇന്നലെ തിരുവനന്തപുരം കോർപ്പറേഷൻ മേയർ വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാന ഫണ്ട് കിട്ടിയിട്ടില്ലെന്നും മാസം തോറും ഒരു അവലോകനം നടത്തണമെന്നും പറഞ്ഞു. ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടല്ലാതെ സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് അനുവദിച്ചിട്ടില്ല. അനുവദിച്ചിരുന്നുവെങ്കിൽ സമയബന്ധിതമായി സ്മാർട്ട് സിറ്റി പദ്ധതി പൂർത്തീകരിക്കുമായിരുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സംസ്ഥാനഫണ്ട് കൊടുക്കാനായി ഒരു പ്രശ്നവുമുണ്ടാകില്ല.

മി. സ്പീക്കർ: യെസ് ..... ശ്രീ. വി. കെ. പ്രശാന്ത് പറയൂ....

ശ്രീ. വി. കെ. പ്രശാന്ത്: സർ, 1535 കോടി രൂപയുടെ സ്മാർട്ട് സിറ്റി പദ്ധതിയാണ് തിരുവനന്തപുരത്ത് നടപ്പാക്കുന്നത്. അതിൽ ഭൂരിഭാഗം പദ്ധതികളും നടപ്പാക്കുന്നത് അങ്ങയുടെ മണ്ഡലത്തിലാണ്. സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിലൂടെ അമ്പതുകോടി രൂപ നഗരസഭയ്ക്ക് അനുവദിച്ചുകഴിഞ്ഞു. 93 കോടി രൂപയാണ് ഇപ്പോൾ കേന്ദ്രത്തിൽ നിന്നും കിട്ടിയിട്ടുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, 1538 കോടി രൂപയുടെ സ്മാർട്ട് സിറ്റി പദ്ധതിയിൽ 5 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചത്.

ഡോ. ടി. എം. തോമസ് ഐസക്: ശ്രീ. വി. എസ്. ശിവകുമാർ, കാര്യങ്ങൾ പറയുമ്പോൾ അതിന്റെയൊരു മാന്യതയിലെടുക്കേണ്ടേ? തിരുവനന്തപുരം മണ്ഡലത്തിൽ 864 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുന്നു. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുമെല്ലാമുണ്ട്. ഇതിൽ അറുപത് ശതമാനം സംസ്ഥാന സർക്കാരും നാൽപ്പത് ശതമാനം കേന്ദ്ര സർക്കാരുമാണ് വഹിക്കുന്നത്. അദ്ദേഹം ഇത് കേന്ദ്രസർക്കാരിന്റെ അക്കൗണ്ടിലേ വയ്ക്കുകയുള്ളൂ. (.....ബഹളം....) ശ്രീ. എം. വിൻസെന്റിന് പറയാനുള്ളത് പറയൂ.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങ് കഴിഞ്ഞ ബഡ്ജറ്റുകളിൽ പരാമർശിക്കപ്പെടാത്ത എത്ര പദ്ധതികളാണ് പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളത്? അങ്ങ് വിഴിഞ്ഞത്ത് ബഡ്ജറ്റ് തയ്യാറാക്കിയതിന്റെ തൊട്ടടുത്ത് ഒരു ഫ്ലാറ്റ് പണിതുകൊണ്ടിരിക്കുകയാണ്. പക്ഷേ ആറര കോടി രൂപ സംസ്ഥാന വിഹിതം വച്ചാൽ മതി. കേന്ദ്ര വിഹിതം വന്നിട്ടുണ്ട്. പക്ഷേ ലോണെടുത്ത് നിർവ്വഹിക്കണമെന്നാണ് അങ്ങ് പറഞ്ഞിരിക്കുന്നത്. ഇതിനെക്കുറിച്ചാണ് ഞങ്ങൾ പറയുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് ആ പരിപാടിയെക്കുറിച്ച് മാത്രമല്ല. ഇപ്പോൾ ഇത്രയും സാമ്പത്തിക ബുദ്ധിമുട്ട് ഇങ്ങനെ നിൽക്കുമ്പോൾ ലൈഫ് മിഷൻ സുഗമമായി നടക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ അടുത്ത മേയ് മാസത്തിൽ പണം അടച്ചോളാം അതുവരെ ഏതെങ്കിലും ബാങ്കിൽ നിന്നെടുത്ത് കാര്യം ചെയ്യണമെന്നുള്ളതാണ്. അങ്ങനെയല്ലേ മാനേജ് ചെയ്യുന്നത്. നോട്ട് അച്ചടിക്കാൻ നമുക്ക് വല്ല അവകാശവുമുണ്ടോ? ഇതൊക്കെ മാനേജ്ചെയ്തുകൊണ്ടിരിക്കുകയാണ്. ശ്രീ. വി. എസ്. ശിവകുമാർ എന്നോട് ചോദിച്ചു. ....

ശ്രീ. കെ. സി. ജോസഫ്: സർ, ഈ സർക്കാരിന്റെ ആദ്യത്തെ റിവൈസ്

ബഡ്ജറ്റിൽ 34 മേൽപ്പാലങ്ങൾ, 6 ആർ.ഒ.ബി.-കൾ അതെല്ലാം പ്രഖ്യാപിച്ചതാണ്. ഉള്ളൂർ മേൽപ്പാലം, പട്ടംമേൽപ്പാലവുമെല്ലാം അതിൽപ്പെടുന്നതാണ്. അങ്ങ് പ്രഖ്യാപിച്ചതല്ലാതെ ഈ പ്രവൃത്തികൾക്ക് എന്തുചെലവഴിച്ചിട്ടുണ്ട്? ഇന്നും അതിന്റെ ഡി.പി.ആർ. പോലും ആയിട്ടില്ല. അങ്ങ് വീണ്ടും ഇതാവർത്തിക്കുകയാണ്. (...ബഹളം...)

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ പറഞ്ഞത് ആർ.ഒ.ബി.-കൾ, മേൽപ്പാലങ്ങൾ, പുതുതായി പ്രഖ്യാപിച്ചാൽ ഡിസൈൻ ചെയ്ത് എസ്റ്റിമേറ്റുണ്ടാക്കി കാര്യങ്ങൾ ചെയ്യുന്നതിന് രണ്ട് വർഷമെന്ന് പറയുന്നത് ഒന്നുമല്ല. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്കീമുകൾ ഇവിടെയുണ്ട്. നടപ്പാക്കുന്നതിലുള്ള പോരായ്മയല്ലേ; അത് നമുക്കൊരുമിച്ചിരുന്ന് തയ്യാറാക്കാം. അങ്ങനെയല്ലല്ലോ പറഞ്ഞത്? പറഞ്ഞുകൊണ്ടിരുന്നത്, തിരുവനന്തപുരത്തിന് ഈ ബഡ്ജറ്റിലെന്താണുള്ളതെന്നാണ്. കേട്ടോളൂ. അങ്ങ് എന്നോട് ചോദിച്ച ഏറ്റവും പ്രശ്നമായ കുടിവെള്ളം, ഇന്നലെ പോലും ഇവിടെ വെള്ളം കിട്ടിയില്ല. ഒന്ന്, അരുവിക്കരയ്ക്ക് വെള്ളം വരണം. നെയ്യാറിൽ നിന്നും വെള്ളം കൊണ്ടുവരാനുള്ള സംവിധാനം ചെയ്യുന്നു. പ്രോജക്ട് നടക്കുന്നില്ലേ? രണ്ട്, അരുവിക്കരയിൽ പുത്തൻ ട്രീറ്റ്മെന്റ് പ്ലാന്റ് വരുന്നു. ആ പ്ലാന്റുണ്ടെങ്കിൽ

അതിന്റെ വിതരണശൃംഖല കൂടിയുണ്ടെങ്കിൽ, തിരുവനന്തപുരം നഗരത്തിന്റെ കുടിവെള്ളത്തിന്റെ പ്രശ്നം പരിഹരിക്കപ്പെടും. പ്രോജക്ടുകൾക്കുവേണ്ടി 635 കോടി രൂപയാണ് വകയിരുത്തിയത്. ഇപ്പോൾ നടക്കുന്ന പ്രോജക്ടുകൾ അംഗീകാരം നൽകി നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങ് സ്വീവേജിന്റെ കാര്യം ചോദിച്ചു. സ്വീവേജ്-മുട്ടത്തറ പ്ലാന്റ്, നഗരത്തിന്റെ മൂന്നിലൊന്ന് പ്രദേശത്ത് മാത്രമേ ബാധകമാകുകയുള്ളൂ. ബാക്കിയുള്ളയിടത്തേയ്ക്ക് സ്വിവറേജ് ലൈനുകൾ വരണം. വരാൻ പോകുന്ന അർബൻ സർവ്വീസ് ഡെലിവറി പ്രോജക്ടിൽ കിട്ടാൻപോകുന്ന ഫിനാൻസ് കമ്മീഷന്റെ മെട്രോപൊളീസ് നഗരത്തിനുവേണ്ടി ഇതാണ് വച്ചിട്ടുള്ളത്. ഇതിനുവേണ്ടിയാണ് ആ പണം വിനിയോഗിക്കപ്പെടുന്നത്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നഗരം മുഴുവൻ കൊണ്ടുവരാനുള്ള പരിപാടിയാണ്. സ്വിവറേജിനും ട്രീറ്റുമെന്റിനുമെല്ലാംകൂടി ആകെ 525 കോടി രൂപയാണ് വരുന്നത്. ഈ രണ്ടുകാര്യം മാത്രം വന്നതിനുശേഷം തുടങ്ങുന്നതാണ്. ബാക്കിയെല്ലാം ഓൺഗോയിംഗാണ്. മൂന്ന്, വിദ്യാഭ്യാസത്തെ സംബന്ധിച്ച്, നമ്മുടേത് വിദ്യാഭ്യാസ നഗരമായാണ് അറിയപ്പെടുന്നത്. ഇത്രയേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള മറ്റൊരു പട്ടണമില്ല. മെഡിക്കൽ കോളേജിനുള്ള അടങ്കലടക്കം 534 കോടി രൂപയാണ്

വച്ചിരിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അങ്ങ് പറഞ്ഞ സീവേജിന്റെ കാര്യത്തിൽ നാൽപ്പത് ശതമാനം മാത്രമേയുള്ളൂ. ഇവിടെ കിള്ളിയാറും കരമനയാറും പാർവ്വതീ പുത്തനാറുമുണ്ട്. ഇവിടെ വാട്ടർ വേ ഉണ്ടാക്കുന്നു എന്ന് പറഞ്ഞു. ഈ വാട്ടർ വേയുടെ രണ്ട് സൈഡിലുമുള്ള സീവേജ് മുഴുവൻ ഈ നദികളിലാണ്. ഇവയുടെ ശുചീകരണം പൂർത്തീകരിക്കുമോ? കാരണം, ഈ നഗരത്തിൽ നാൽപ്പത് ശതമാനം സീവേജ് പദ്ധതികളേ ഉള്ളൂ. ആദ്യം നിങ്ങൾ അത് ചെയ്യൂ. ഏതെങ്കിലും ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ ഇവിടെ പറയരുത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെയല്ല. പാർവ്വതീപുത്തനാറിലെ മുഴുവൻ ചെളിയും വാരി വൃത്തിയാക്കിക്കൊണ്ടിരിക്കുന്നു. കിള്ളിയാറിൽ ആ പ്രവർത്തനം നടത്താൻ പോകുന്നു. ശുചീകരണം നടത്തിക്കഴിഞ്ഞു. അങ്ങനെ തന്നെയിരിക്കണമെങ്കിൽ സീവേജ് ഇവിടെ ഡമ്പ് ചെയ്യാൻ പാടില്ല. അതിനാണ് ഇപ്പോൾ പറഞ്ഞ പരിപാടി. അല്ലാതെ പായൽ മാറ്റിയിട്ട് ശുചീകരിച്ചു എന്ന് പറയാനല്ല. അതൊക്കെ കൃത്യമായി മനസ്സിലാക്കിയാണ് ചെയ്യുന്നത്. ഐ.ടി., വ്യവസായ പാർക്കുകൾക്ക് 534

കോടി രൂപയാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. സാംസ്കാരിക മേഖലയിൽ വിനോദം തുടങ്ങിയവയ്ക്ക് 155 കോടി രൂപയാണുള്ളത്. വേണമെങ്കിൽ എല്ലാ ബ്രേക്കപ്പും ഞാൻ തരാം. ടൂറിസത്തിന് വിവിധ സംസ്ഥാന പദ്ധതികളിലായി 180 കോടി രൂപയുണ്ട്. അങ്ങനെ മൊത്തം 4,853 കോടി രൂപയാണ് ഈ നഗരാതിർത്തിക്കുള്ളിൽ ചെലവഴിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ വിവിധ സ്കീമുകളിലായിട്ടുള്ളത്.

ശ്രീ. പി. ജെ. ജോസഫ്: സർ, സെപ്റ്റേജ് ട്രീറ്റ്മെന്റിനുള്ള പ്രൊവിഷന് കേന്ദ്ര ഗവൺമെന്റിന്റെ സഹായമുണ്ട്, 'അമൃത് പദ്ധതി'. എറണാകുളത്തും കോഴിക്കോട്ടും ആ പദ്ധതിയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് ഇല്ല. എറണാകുളത്ത് സെപ്റ്റേജ് മാലിന്യം ഒഴുകിനടക്കുകയാണ്. സെപ്റ്റേജ് ട്രീറ്റ്മെന്റിനുള്ള പണമുണ്ടായിട്ടും എന്തുകൊണ്ട് അത് നടപ്പാക്കുന്നില്ല?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിനുകാരണം ചോദിച്ചുകഴിഞ്ഞാൽ, മനുഷ്യന്റെ ബോധം വേറെയാണ് എന്നുള്ളതാണ്. സ്വന്തം സ്വീകരണമുറിയിൽ ടോയ്‌ലറ്റ് ഉണ്ടെങ്കിലും അതിന് ഒരു അറപ്പുമില്ല. അതേസമയം ഇവിടെ വരുന്ന വേസ്റ്റ് ട്രീറ്റ് ചെയ്യാൻ ഭയങ്കര അറപ്പാണ്. ആ ബോധത്തിൽനിന്ന് മാറണം. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ

ഭാഗമായിട്ടാണ് ആദ്യമായി ഈ ബഡ്ജറ്റിൽ, ഏതെങ്കിലും പഞ്ചായത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റിന് സ്ഥലവും സമ്മതവും തന്നാൽ അഞ്ച് കോടി രൂപ അവരുടെ ഇഷ്ടമുള്ള വർക്കിന് കൊടുക്കുമെന്ന് പറയുന്നത്. സെപ്റ്റേജ് പ്ലാന്റിന്റെ പണിയും സർക്കാർ ചെയ്തുകൊടുക്കുമെന്ന് മാത്രമല്ല, ഈ സഹായവും പഞ്ചായത്തിന് കൊടുക്കും. ഇതിനുമുമ്പ് ഇങ്ങനെ ഉണ്ടായിട്ടുണ്ടോ? എന്ത് ചെയ്തു എന്ന് ചോദിച്ചാൽ ഇതാണ് ചെയ്യുന്നത്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, എറണാകുളത്ത് ഇതിനാവശ്യമായ സ്ഥലം കണ്ടെത്തി ഞാൻ അറിയിച്ചു. ഞാൻ അവിടെ പോയിരുന്നു. 1956-ൽ രാജേന്ദ്ര പ്രസാദ് തറക്കല്ലിട്ട സ്ഥലത്ത് മൂന്നേക്കർ സ്ഥലം ഫ്രീയായി കിടപ്പുണ്ട്. സെപ്റ്റേജ് ട്രീറ്റ്മെന്റിന് അൻപത് സെന്റ് മതി. നാൽപ്പത് കോടി രൂപയുണ്ടെങ്കിൽ എറണാകുളത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റ് പൂർത്തിയാകും. രണ്ടെണ്ണം വിജയകരമായി നടത്തുന്നുണ്ട്. എന്തുകൊണ്ട് അത് ചെയ്യുന്നില്ല?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അങ്ങ് പറഞ്ഞ സ്ഥലത്ത് നമുക്കൊന്ന് പോകാം. ഒരു സംശയവും വേണ്ട. എന്തുകൊണ്ടാണ് നടക്കാത്തത് എന്നുചോദിച്ചാൽ, പദ്ധതി തുടങ്ങാൻ ചെല്ലുമ്പോൾ അവിടെ സമരം വരികയാണ്. എത്ര സ്ഥലത്ത് ഇങ്ങനെ സംഭവിച്ചിട്ടുണ്ട് എന്നത് എനിക്ക്

നേരിട്ടറിയാം. നിങ്ങൾ ഇടപെടുന്നതിനേക്കാൾ കൂടുതൽ ഇതിൽ ഇടപെടുന്ന ഒരാളാണ് ഞാൻ. അതുകൊണ്ട് ഞാൻ പറയുകയാണ്. അഞ്ച് കോടി രൂപയല്ല, അതിൽ കൂടുതൽ വേണമെങ്കിലും തരാം. എവിടെയെങ്കിലുമൊക്കെ സെപ്റ്റേജ് പ്ലാന്റ് വേണം. ശ്രീ. പി. ജെ. ജോസഫ് പറയുന്നതിനോട് എതിർപ്പ് വച്ചല്ല ഞാൻ പറയുന്നത്, എനിക്ക് യോജിപ്പാണ്. ഇത്തരത്തിൽ സെപ്റ്റേജ് പ്ലാന്റ് പണിതുകൊടുക്കുക മാത്രമല്ല, അങ്ങനെ സ്ഥലം തരുന്നവർക്ക് വേറെ അഞ്ച് കോടി രൂപ അവർക്ക് ഇഷ്ടമുള്ള പ്രോജക്ടിന് കൊടുക്കും എന്നുള്ള നിബന്ധനയാണ് വച്ചിരിക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, തലസ്ഥാന നഗരത്തെ, ജില്ലയെ അവഗണിച്ചു എന്നുള്ളത് ഒരു പൊതുവികാരമാണ്. അങ്ങ് ഇവിടെ ചില പദ്ധതികൾ പറഞ്ഞു. അങ്ങയുടെ ഒന്നാമത്തെ ബഡ്ജറ്റ് എന്റെ കയ്യിലുണ്ട്. അതിൽ അങ്ങ് പ്രഖ്യാപിച്ച അതേ ഉള്ളൂർ ഫ്ലൈ ഓവർ തുടങ്ങിയവയാണ് ഇപ്പോൾ പറയുന്നത്. അങ്ങ് പറഞ്ഞതെല്ലാം ഓൺഗോയിംഗ് സ്കീമാണ്. ഈ ബഡ്ജറ്റിൽ തിരുവനന്തപുരം ജില്ലയ്ക്കുവേണ്ടി, തലസ്ഥാനത്തിനുവേണ്ടി അങ്ങ് ഒന്നും ചെയ്തില്ല. അങ്ങയുടെ ആദ്യത്തെ ബഡ്ജറ്റാണ് എന്റെ കയ്യിലിരിക്കുന്നത്. ഇതല്ലാതെ പുതുതായി എന്ത്

പ്രഖ്യാപിച്ചു എന്നാണ് ഇവിടെ ചോദിച്ചത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിലേയ്ക്ക് കടക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ബഡ്ജറ്റ് എന്നുപറഞ്ഞാൽ അതത് വർഷം പ്രഖ്യാപിക്കുന്ന കാര്യമല്ല, അതത് വർഷം ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന പണമാണ്. അത് പഴയ സ്കീമിലാകാം, നിലവിലുള്ള സ്കീമിലാകാം. ഇത്രയും പണമുണ്ട്, ഇത് ഒരു തലസ്ഥാന നഗരമാണെന്ന ചിന്തയുണ്ടോ എന്നൊക്കെയാണ് ഇവിടെ ശ്രീ. വി. എസ്. ശിവകുമാറിന്റെയൊക്കെ വിമർശനം? ആ ചിന്തയുണ്ട്. അതുകൊണ്ട് ഞാൻ പറയാം. തലസ്ഥാനത്തെക്കുറിച്ച് ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട് എന്താണെന്നുള്ളത് നമുക്കൊന്ന് നോക്കാം. ഇതുപോലെ രണ്ട് വർഷം മുമ്പുള്ള എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ഔട്ടർ റിംഗ്റോഡിനെക്കുറിച്ച് പറഞ്ഞതാണ്. ഇന്നിപ്പോൾ വെറും റിംഗ്റോഡല്ല, ക്യാപ്പിറ്റൽ റീജിയൻ ഡെവലപ്മെന്റ് പ്രോജക്ട് എന്നുള്ള രീതിയിൽ സമഗ്രമായ ഒരു കാഴ്ചപ്പാടും പരിപാടിയുമായി ഇത് വികസിപ്പിച്ചിരിക്കുകയാണ്. ..... (ബഹളം) ..... കേൾക്കൂ... നിങ്ങൾക്ക് അല്ലെങ്കിലും കേൾക്കാൻ വലിയ ബുദ്ധിമുട്ടുണ്ടാകും, പക്ഷേ, കേട്ടേ പറ്റൂ. ശ്രീ. വി. എസ്. ശിവകുമാർ, കേട്ടിട്ട്

വർത്തമാനം പറയൂ. താങ്കളുടെ മണ്ഡലത്തിൽ നടക്കുന്ന 860 കോടി രൂപയുടെ വർക്കുപോലും താങ്കൾക്കറിയില്ല. പിന്നെയാണ് ക്യാപ്പിറ്റൽ റീജിയൻ ഡെവലപ്മെന്റ് പ്രോജക്ടിനെക്കുറിച്ച് അറിയുന്നത്. ആദ്യം കേൾക്കൂ. കേട്ടിട്ട് അതിനെക്കുറിച്ച് അഭിപ്രായമുണ്ടെങ്കിൽ അപ്പോൾ പറയാം. ഇതിന് മൂന്ന് ഘടകങ്ങളുണ്ട്. ഒന്ന്, വിഴിഞ്ഞം പോർട്ടിനെടുത്തത്, അവിടത്തെ നാഷണൽ ഹൈവേയിൽ നിന്നാരംഭിച്ച്, നാല് സംസ്ഥാന പാതകൾ മുറിച്ച് നാവായിക്കുളത്ത് നാഷണൽ ഹൈവേ വീണ്ടും എത്തിച്ചേരുന്ന റിംഗ്റോഡാണ്. അതിനെക്കുറിച്ച് കൂടുതൽ പറയാം. രണ്ട്, ഈ റോഡിന്റെ ഇരുവശത്തുമുള്ള പാർക്കുകളും മറ്റുമായി ബന്ധപ്പെട്ടുള്ള ഗ്രോത്ത് കോറിഡോർ. മൂന്ന്, ഇതിനുപുറമെ, നഗരത്തിലെ പാരിസ്ഥിതികവും സാംസ്കാരികവും വിനോദവും അടിസ്ഥാന ആവശ്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള പ്രോജക്ടുകൾ. ഈ മൂന്ന് ഘടകങ്ങൾ ചേർന്നുള്ള ഒരു സമഗ്ര ക്യാപ്പിറ്റൽ റീജിയൻ ഡെവലപ്മെന്റ് പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. നമ്മുടെ വ്യവസായ വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. ടി. ബാലകൃഷ്ണനാണ് ഇതിന്റെ സ്പെഷ്യൽ നോഡൽ ഓഫീസർ. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പരിപാടി പ്രവർത്തനപഥത്തിലേയ്ക്ക് നീങ്ങുകയാണ്. എങ്ങനെയാണ് നമ്മുടെ തലസ്ഥാന

നഗരിയെ മാറ്റാൻ പോകുന്നത് എന്ന് അപ്പോൾ മാത്രമേ മനസ്സിലാകൂ. ഇതിന്റെ നേട്ടമെന്താണ്? വിഴിഞ്ഞം ഹാർബറിനുവേണ്ടി എത്രയോ കോടി രൂപ നമ്മൾ മുടക്കുന്നു. അതിന് ഗുണമുണ്ടാകണമെങ്കിൽ അതിന്റെ ബാക്ക്‌വേഡ് ലിങ്കേജസ് ഡെവലപ് ചെയ്യണം. ഒരു ഇൻഡസ്ട്രിയൽ ഹിന്റർലാന്റ് വേണം. അതിനുവേണ്ടിയുള്ളതാണ് ഔട്ടർ റിംഗ് കോറിഡോർ. അതിനുള്ളതാണ് നമ്മുടെ ഈ പുതിയ ഗ്രോത്ത് കോറിഡോർ. അതാണ് ഇതിന്റെ ഏറ്റവും പ്രധാന നേട്ടം. ഈ സ്പെഷ്യൽ ഇൻവെസ്റ്റ്‌മെന്റ് സോണിൽ അതിനുവേണ്ടി നമ്മൾ പ്രത്യേക ലെജിസ്ലേഷൻതന്നെ ഈ നിയമസഭയിൽ കൊണ്ടുവരേണ്ടിവരും. 25,000 കോടി രൂപയുടെ നിക്ഷേപമാണ് നമ്മൾ ഒരു ദശാബ്ദംകൊണ്ട് പ്രതീക്ഷിക്കുന്നത്. ഇതിലെ നിർമ്മാണപ്രവർത്തനങ്ങളിൽ ഇരുപതിനായിരം പേർക്ക് പ്രത്യക്ഷവും 1.2 ലക്ഷം പേർക്ക് പരോക്ഷമായും ജോലിയുണ്ടാകും. ചൈനയിലെ ഷെൻസെനെക്കുറിച്ചൊക്കെ നമ്മൾ എപ്പോഴും പറയില്ലേ? കേരളത്തിന് അതിന്റേതായിട്ടുള്ള ഒരു ഷെൻസെൻ നമ്മൾ തിരുവനന്തപുരത്ത് വിഴിഞ്ഞം ഹാർബറുമായി ബന്ധപ്പെട്ട് സൃഷ്ടിക്കാൻ പോകുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇബഡ്ജറ്റിന്റെ സമാപനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുന്ന പദ്ധതികൾ

തീർച്ചയായും ബഡ്ജറ്റിന്റെ ഭാഗമായി മാറും. ഞങ്ങൾക്ക് ഒരു ക്ലാരിഫിക്കേഷൻ വേണം. അതായത്, ഇപ്പോൾ അദ്ദേഹം പ്രഖ്യാപിക്കുന്നത് ബജറ്റിലുള്ള പദ്ധതികളല്ല, പുതിയ പദ്ധതികളാണ്. അങ്ങനെ പുതിയ പദ്ധതികളാണോ പ്രഖ്യാപിക്കുന്നത് എന്നതുസംബന്ധിച്ച് ക്ലാരിഫിക്കേഷൻ വേണം. പലതരത്തിലുള്ള കൺഫ്യൂഷനുമുണ്ട്, അതുകൊണ്ടാണ്. കഴിഞ്ഞ അഞ്ച് വർഷമായി നടക്കുന്ന ഓൺഗോയിംഗ് പ്രോജക്ടുകളെക്കുറിച്ചും ഈ ബഡ്ജറ്റിലെ പ്രൊപ്പോസൽസിനെക്കുറിച്ചും പറയുന്നുണ്ട്. അഡീഷണൽ പ്രൊപ്പോസൽസും പുതിയ പ്രോജക്ടുകളും പ്രഖ്യാപിക്കാൻ അദ്ദേഹത്തിന് അധികാരമുണ്ട്, അത് ബഡ്ജറ്റിന്റെ ഭാഗമാകും. പക്ഷേ, ഞങ്ങൾക്ക് ഒരു സംശയം വരുന്നതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. അഡീഷണൽ പ്രോജക്ടുകളാണോ പ്രഖ്യാപിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, റിംഗ്റോഡിന്റേത് പുതിയ കാര്യമല്ല. ഇത് നേരത്തേതന്നെ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്തിട്ടുള്ള ഒരു പ്രശ്നമാണ്. തത്ത്വത്തിൽ അംഗീകരിച്ചതുമാണ്. അതിന്റെ ഭാഗമായുള്ള മറ്റ് നടപടികളാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞുകൊണ്ടിരിക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീ. ടി. ബാലകൃഷ്ണൻ ഇങ്ങനെയൊരു പ്രൊപ്പോസലുമായി വന്നത് ഞാൻ ഓർക്കുകയാണ്. .... (ബഹളം)..... നിങ്ങൾക്ക് എന്തെങ്കിലും അറിയാമായിരുന്നിട്ടാണോ. വെറുതെ എന്തിനാണ് ബഹളമുണ്ടാക്കുന്നത്? വിഴിഞ്ഞത്തുനിന്ന് ആരംഭിച്ച് നാവായിക്കുളം വരെ വരുന്ന ബൃഹത്തായ പദ്ധതി ഞങ്ങളുമായെല്ലാം സംസാരിച്ചിട്ടുള്ളതുതന്നെയാണ്. ഇവിടെത്തെ ചോദ്യം അതല്ല, ഈ ബഡ്ജറ്റിൽ തിരുവനന്തപുരം ജില്ലയ്ക്ക് ഒന്നുമില്ലായെന്ന് പറയുമ്പോൾ ആകാശത്തുണ്ടാക്കാൻ പോകുന്ന ഒരു പദ്ധതിയെക്കുറിച്ചാണ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ഈ പറയുന്നത് ശ്രീ. ടി. ബാലകൃഷ്ണന്റെ തലയിൽ ഉദിച്ചൊരു പദ്ധതിയല്ല. വിഴിഞ്ഞവുമായി ബന്ധപ്പെട്ട് കഴക്കൂട്ടത്തുനിന്നും അങ്ങോട്ട് ഒരു കോറിഡോർ ആയാൽ എന്താണെന്ന് ചർച്ച ചെയ്തപ്പോൾ അതിലൂടെ ഉരുത്തിരിഞ്ഞുവന്നതാണ്, നമുക്ക് കൂടുതൽ സ്ഥലം കിട്ടാൻ സാധ്യതയുള്ളത് ഈ രീതിയിലാണ് എന്ന്. അങ്ങനെ ഇവിടത്തെ ഒരു ചർച്ചയിലൂടെയാണ് ഈ പറയുന്ന ഭാഗം വരുന്നത്. അതിനുശേഷം അങ്ങയുടെ

ഭരണകാലത്ത് അതിവേഗ റെയിലിന്റെ അധിപനായിരുന്ന ശ്രീ. ടി. ബാലകൃഷ്ണൻ. പ്രസ്തുത അധികാരത്തിൽനിന്നും ഒഴിഞ്ഞപ്പോഴാണ് അദ്ദേഹം ഇതിന്റെ ഭാഗമായി ഇരിക്കട്ടെ എന്ന് നിശ്ചയിച്ചത്. അങ്ങനെയാണ് ഈ പദ്ധതിയുടെ ആളായി അദ്ദേഹം വരുന്നത്. അതാണ് ഇതിന്റെ വസ്തുത.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് രണ്ടും രണ്ടാണ്. അങ്ങ് പറഞ്ഞത് വേറെയാണ്. ഡോ. ടി. എം. തോമസ് ഐസക് തന്നെ പറഞ്ഞു ശ്രീ. ടി. ബാലകൃഷ്ണൻ കൊണ്ടുവന്ന പദ്ധതിയെപ്പറ്റി.

ഡോ. ടി. എം. തോമസ് ഐസക്: സർ, പറയാത്ത കാര്യങ്ങളെക്കുറിച്ച് പറയരുത്. ശ്രീ. ടി. ബാലകൃഷ്ണൻ ഈ പ്രോജക്ടിന്റെ നോഡൽ ഓഫീസറാണ്. അല്ലാതെ അദ്ദേഹം കൊണ്ടുവന്ന പദ്ധതിയാണ് ഇതെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഞാൻ പറയാത്ത കാര്യങ്ങൾ നിങ്ങൾ പറയുന്നത് ശരിയാണോ? ഇത് മാന്യതയല്ല. അങ്ങനെ ചെയ്യരുത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് തെറ്റിദ്ധരിപ്പിക്കരുത്. നോഡൽ ഓഫീസറായതുകൊണ്ടാണല്ലോ അദ്ദേഹത്തിന് ആ പദ്ധതി കൊണ്ടുവരാൻ സാധിച്ചത്. അല്ലാതെ റിട്ടയർ ചെയ്ത ഒരു ഉദ്യോഗസ്ഥന് പദ്ധതി കൊണ്ടുവരാൻ സാധിക്കുമോ? അങ്ങ് പറയുന്നതും ഞാൻ പറയുന്നതും ഒന്നുതന്നെയാണ്. ...

(ബഹളം)..... എന്റെ ചോദ്യം അതല്ല. ഇവിടെ ശ്രീ. വി. ഡി. സതീശനും ചോദിച്ചത് അതല്ല. ഇതൊന്നും ബഡ്ജറ്റിലുള്ള കാര്യമല്ല. ബഡ്ജറ്റിൽ തിരുവനന്തപുരത്തിന് എന്ത് കിട്ടി എന്ന് ചോദിക്കുമ്പോൾ അങ്ങ് പയറഞ്ഞാഴി എന്നുപറയുന്നത് ശരിയാണോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇവിടെ ബഹുമാന്യരായ പ്രതിപക്ഷ നേതാവും ധനകാര്യ വകുപ്പുമന്ത്രിയും പറഞ്ഞത് ഒരു കാര്യമല്ല. ഇതിന്റെ നോഡൽ ഓഫീസറായി ശ്രീ. ടി. ബാലകൃഷ്ണൻ നിന്നുവെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. എപ്പോഴാണ് അദ്ദേഹം നോഡൽ ഓഫീസറായി വന്നത് എന്നതിന്റെ ക്രമമായിട്ടുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. ഒരു ഘട്ടത്തിലാണ് അദ്ദേഹത്തെ കൊണ്ടുവരുന്നത്. അതിനുമുൻപ് അദ്ദേഹം ഇതിന്റെ ഭാഗമല്ലായിരുന്നു. അതിനുശേഷമുള്ളതാണ് ഈ ആശയം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ പറയാനുള്ളത് പറഞ്ഞിട്ട് നിങ്ങൾക്ക് വഴങ്ങിത്തരാം. നിങ്ങൾ ദയവായി ഒന്നുകേൾക്കൂ, എന്താണ് ഈ കാര്യമെന്ന്. ഇവിടെ നിങ്ങൾ പറഞ്ഞല്ലോ ഈ സർക്കാരിന് തലസ്ഥാനനഗരത്തിന്റെ ഭാവിയെക്കുറിച്ച് ചിന്തയില്ലെന്ന്. 4856 കോടി രൂപയുടെ പ്രവൃത്തികൾ ഇപ്പോൾ നടക്കുന്നുണ്ട് എന്നുമാത്രമല്ല ഒരു ഇരുപത്

വർഷത്തിനുള്ളിൽ നഗരം എങ്ങനെ മാറണം എന്നത് സംബന്ധിച്ച് ഏറ്റവും വിശാലമായിട്ടുള്ളതും വിശദമായിട്ടുള്ളതുമായ ഒരു കാഴ്ചപ്പാട് ഈ സർക്കാർ മുന്നോട്ട് വയ്ക്കുകയാണ്. ഈ കോറിഡോർ, ആറ് വരിപ്പാത, 79 കിലോമീറ്റർ നീളമുള്ള നാല് സംസ്ഥാന പാതകളെയും ബന്ധിപ്പിക്കുന്ന എൻ.എച്ച്. 66, ഇതിനുപുറമെ മംഗലപുരത്തേയ്ക്ക് 14 കിലോമീറ്റർ ലിങ്ക് റോഡ്, മൂന്ന് മേജർ ബ്രിഡ്ജുകൾ, 16 മൈനർ ബ്രിഡ്ജുകൾ, 5 വയഡക്ടുകൾ, 90 അണ്ടർ പാസ്സുകൾ/ഓവർ പാസ്സുകൾ, 9 ഫ്ലൈഓവറുകൾ, 54 പൈപ്പ് കൾവേർട്ടുകൾ, 44 കൾവേർട്ടുകൾ, കൂടാതെ ബാലരാമപുരത്ത് റെയിൽ ഓവർ ബ്രിഡ്ജ് എന്നിവയാണ് തലസ്ഥാനത്ത് നടപ്പാകാൻ പോകുന്ന പദ്ധതികൾ. 1500 ഏക്കർ ഭൂമി റോഡിനുമാത്രം വേണ്ടിവരുന്ന ഇതിന്റെ മൊത്തം ചെലവ് 8136 കോടി രൂപയാണ്. നിർമ്മാണത്തിന് പ്രത്യേക എസ്.പി.വി.-യുണ്ട്. ഇതിന്റെ ഡി.പി.ആർ. ഇപ്പോൾ തയ്യാറായിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കേന്ദ്ര സർക്കാരിന്റെ Ministry of Road Transport and Highways (MORTH)-മായി ചർച്ച ചെയ്തിട്ടുണ്ട്. ചില അനൗപചാരിക സൂചനകൾ കാണിക്കുന്നത് ഭൂമി ഏറ്റെടുത്താൽ റോഡ് അവർ പണിയാം എന്നതാണ്. രണ്ടാമത്തേത് ഗ്രോത്ത് കോറിഡോർ. ഈ റോഡിന്

സമീപത്തായി ഇരുവശത്തുമുള്ള 5 കിലോമീറ്റർ വരുന്ന മേഖലയിലാണ് ടൗൺഷിപ്പുകളും പുതിയ പാർക്കുകളും എല്ലാം വരുന്നത്. ഈ സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സോണിനുവേണ്ടി പ്രത്യേക നിയമനിർമ്മാണം നടത്തുന്നതാണ്. വിഴിഞ്ഞത്തിനോടടുത്ത് ലോജിസ്റ്റിക് പാർക്ക് ഉണ്ടാകും. ഐസർ, സ്പേയ്സ് റിസർച്ച് സെന്റർ എന്നിവയുമായി ബന്ധപ്പെട്ട് Knowledge City സ്ഥാപിക്കും. സാങ്കേതിക സർവ്വകലാശാല വിളപ്പിൽശാലയിലാണ്. അതുപോലെ മറ്റ് വ്യവസായ പാർക്കുകളും സ്ഥാപിക്കും. ഇവയ്ക്കൊക്കെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള രീതികളും വച്ചിട്ടുണ്ട്. ലാന്റ് പൂളിംഗ് സമ്പ്രദായം, ലാന്റ് ബോണ്ടുകൾ, ലാന്റ് മോണിറ്റൈസേഷൻ തുടങ്ങിയ നൂതന രീതികൾ ഉപയോഗപ്പെടുത്തി ഇതിനുള്ള വിഭവം സമാഹരിക്കാനുള്ള പരിപാടികളാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് നഗരത്തിലെ മറ്റ് സ്കീമുകളായ ഗ്രീനിംഗ് സിറ്റി പദ്ധതി, മ്യൂസിക് ആന്റ് ആർട്ട് സർക്ക്യൂട്ട്, ഹെറിറ്റേജ് സർക്ക്യൂട്ടുകൾ, സമ്പൂർണ്ണ കുടിവെള്ളവും സീവേജും, സാനിറ്റേഷൻ, അണ്ടർഗ്രൗണ്ട് കേബിളിംഗ്, പാർക്കിംഗ്, ജലാശയങ്ങളുടെ ശുചീകരണം, സിറ്റി റോഡ് ഇംപ്രൂവ്മെന്റ് മാതൃക കൂടുതൽ പ്രദേശത്തേയ്ക്ക് എന്നിവ നടപ്പാക്കുന്നതിനുള്ള പദ്ധതികളുണ്ട്. ഇത്തരമൊരു സമഗ്രമായ നഗരവികസന

പരിപാടി സ്വപ്നം കാണാൻ നിങ്ങൾക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ടോ? നമ്മുടെ നഗരം പത്ത് വർഷത്തിനുള്ളിൽ എങ്ങനെ മാറും എന്നതിന്റെ ചിത്രമാണ് തിരുവനന്തപുരത്തെ പൗരന്മാരുടെ മുന്നിൽ ഞങ്ങൾ വയ്ക്കാൻ പോകുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ആദ്യത്തെ ബഡ്ജറ്റ് മുതൽ അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്ന കുറേ കാര്യങ്ങളും അങ്ങയുടെ ഭാവനയിൽവന്ന കുറേ കാര്യങ്ങളുമാണ് ഇവിടെ ഇപ്പോൾ പ്രഖ്യാപിച്ചത്. ഇതൊക്കെ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന കാര്യങ്ങളാണോ; തിരുവനന്തപുരത്തിനുവേണ്ടി അങ്ങ് എത്ര കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്? സ്മാർട്ട് സിറ്റിക്ക് സംസ്ഥാന ഗവൺമെന്റ് ഫണ്ട് കൊടുത്തിട്ടില്ല, ഇവിടെ ആറ്റുകാൽ പദ്ധതിക്കും രാജ്യാന്തര വിമാനത്താവളത്തിനും 5 രൂപ പോലും വച്ചിട്ടില്ല. അതുപോലെ ഔട്ടർ റിംഗ് റോഡ് പദ്ധതി. അതിനൊക്കെ ഈ ബഡ്ജറ്റിൽ എത്ര തുക മാറ്റിവച്ചിട്ടുണ്ട്? ഒന്നുമില്ല. അങ്ങ് ഈ കോറിഡോറിന്റെ കാര്യങ്ങളും മറ്റ് കാര്യങ്ങളുമൊക്കെ പ്രസംഗിക്കുന്നു. ഇതൊക്കെ അങ്ങയുടെ ഭാവനയിലുള്ള കാര്യങ്ങളാണ്. ഈ ബഡ്ജറ്റിൽ ഒന്നും വച്ചിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടെ ശ്രീ. ഒ. രാജഗോപാലും ചോദിച്ച ആറ്റുകാലിന് എവിടെയാണ് പദ്ധതിയെന്ന്. 65 കോടി രൂപയുടെ

പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. അത് നടപ്പാക്കേണ്ട ആവശ്യമേയുള്ളൂ. അതിന്റെ തയ്യാറെടുപ്പുകൾ നടക്കുകയാണ്. അടുത്തതായി വിമാനത്താവളത്തിന്റെ കാര്യം. അതിന് 18 ഏക്കർ ഭൂമി എടുക്കണം. അതിനുമുൻപ് ആരാണ് ഉടമസ്ഥൻ എന്നറിയണം. ....(ബഹളം).... ആ അതുശരി. നല്ല കാര്യം. എടുത്തിട്ട് കൊടുക്കാൻ കഴിയുമോ? നമ്മൾ ഇത്രയും ഭൂമി കൊടുത്തതുപോലെ നമുക്ക് ഇനിയും ഭൂമി എടുത്ത് കൊടുക്കാൻ കഴിയുമോ. അതുകൊണ്ട് ഭൂമി എപ്പോൾ വേണമെങ്കിലും എടുക്കും. നമ്മൾ ഇപ്പോൾ ചർച്ച ചെയ്യുന്നത് ഇതിന്റെ ഉടമസ്ഥൻ ആരായിരിക്കും എന്നുള്ളതിനെക്കുറിച്ചാണ്. ഈ ബഡ്ജറ്റിൽ എത്രയുണ്ടെന്നാണ് ചോദ്യം. ഈ ബഡ്ജറ്റിൽ കിഫ്ബിയുംകൂടി ചേർത്ത് 4853 കോടി രൂപയുണ്ട്. ഇതിനു പുറമേ ഒരു വർഷവുംകൂടി കഴിഞ്ഞാൽ ഇതിന്റെ ഡി.പി.ആർ. അനുസരിച്ച് ഭൂമി ഏറ്റെടുത്ത് തുടങ്ങും. 8136 കോടി രൂപയുടെ പദ്ധതിയാണിത്. ശ്രീ. സി. ദിവാകരന്റെ നെടുമങ്ങാട് ഇതിന്റെ ഉള്ളിലാണ്. വഴയിലയിലേയ്ക്കുള്ള റോഡൊക്കെ ഇതുമായി ബന്ധിപ്പിക്കാൻ പോകുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, എനിക്ക് വൻകിട പദ്ധതികളെ സംബന്ധിച്ചല്ല ചോദിക്കാനുള്ളത്. എം.എൽ.എ.-മാരുടെ കയ്യിൽനിന്ന് അങ്ങ് കഴിഞ്ഞ വർഷം

20 റോഡ് വർക്കിന്റെ പേര് വാങ്ങിയിരുന്നു. ആ 20 വർക്കിൽ ഇത്തവണത്തെ ബഡ്ജറ്റിൽ ഒരു റോഡിന് മാത്രമാണ് എ.എസ്. ലഭിച്ച് വർക്ക് തുടങ്ങിയത്. ഈ എഴുതിതന്ന റോഡുകളൊക്കെ പുതിയ പ്രോജക്റ്റുകൾക്കല്ല, പി.ഡബ്ല്യു.ഡി.-യുടെ ഡിസ്ട്രിക് റോഡ് അല്ലെങ്കിൽ മറ്റ് മേജർ റോഡുകൾ അല്ലെങ്കിൽ സ്റ്റേറ്റ് ഹൈവേ. ഇങ്ങനെ നിലവിലുള്ള റോഡുകൾക്കുവേണ്ടി എഴുതിതന്നതിൽ ഒരു റോഡിന് മാത്രമാണ് വകയിരുത്തിയത്. ബാക്കി 20 റോഡുകളുടെ സ്ഥിതി എന്താണെന്ന് പറയാൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പറയാം. അതിനുമുൻപ് വലിയ റോഡിന്റെ കാര്യം തീർത്തോട്ടെ. കൊല്ലം ജില്ലയിലെ ചെങ്കോട്ട ഹൈവേയിലേയും ബൈപ്പാസിലെയും ചില ജംഗ്ഷനുകളിലെ ഫ്ലൈഓവറുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ട്. കിഫ്ബിയിലെ പ്രഖ്യാപിത പദ്ധതിയിൽ ക്രമീകരിച്ചുകൊണ്ട് ഈ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. ജില്ലയിലെ എം.എൽ.എ.-മാരുമായി ചർച്ച ചെയ്ത് ഇതുസംബന്ധിച്ച തീരുമാനമെടുക്കും. ശാസ്താംകോട്ട തടാകവും അഷ്ടമുടിക്കായലും പുനരുദ്ധരിക്കുന്നതിനും ടൂറിസം വികസനത്തിനും തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതാണ്. മലപ്പുറം ജില്ലയെ ഇതുപോലെതന്നെ

ഭയങ്കരമായിട്ട് അവഗണിച്ചു എന്നുപറഞ്ഞ് ഇവിടെ ആക്ഷേപം ഉണ്ടായിരുന്നു.

മി. സ്പീക്കർ: മിനിസ്റ്റർ.... ഒരു മിനിറ്റ്. ശ്രീ. വി. ഡി. സതീശന് എന്താണ് പറയാനുള്ളത്?

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മൾ ഒരു ബഡ്ജറ്റ് പ്രസംഗം കേട്ടുകൊണ്ടിരിക്കുന്നതുപോലെ തന്നെയാണ് ഇത് കേട്ടുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുന്നതും ബഡ്ജറ്റ് പ്രസംഗം കേൾക്കുന്നതും എന്നെ സംബന്ധിച്ചിടത്തോളവും പല മെമ്പർമാരെ സംബന്ധിച്ചിടത്തോളവും ഒരുപോലെയാണ്. അപ്പോൾ നമുക്ക് അറിയേണ്ടത്, ഇപ്പോൾ തിരുവനന്തപുരം സിറ്റിയുടെ കാര്യം പറഞ്ഞിട്ട് അദ്ദേഹം അവസാനം 8134 കോടി രൂപയുടെ ഒരു പ്രോജക്ട് പറഞ്ഞു. ഇത് ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി മാറുകയാണോ? 8134 കോടി രൂപയുടെ ഒരു പുതിയ പ്രോജക്ട് കൂടി ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി മാറുകയാണോ എന്നതിനാണ് ക്ലാരിഫിക്കേഷൻ ഞാൻ ചോദിച്ചത്. അത് പറയണ്ടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞങ്ങൾ ഈ നഗരത്തിന്റെ ഭാവിയെക്കുറിച്ച് ഒരു കാര്യവും ചിന്തിക്കുന്നില്ലായെന്ന് പറഞ്ഞാണ് ബഡ്ജറ്റ് പ്രസംഗത്തിൽ ഇവിടെ ചർച്ച വന്നത്. അങ്ങനെ പറഞ്ഞ് എന്ത് പ്രചരണമാണ്

നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് 4853 കോടി രൂപ ബഡ്ജറ്റിൽ അല്ലെങ്കിൽ കിഫ്ബി അംഗീകരിച്ച പ്രോജക്ടിലുണ്ട്. രണ്ട്, നിങ്ങൾ പറഞ്ഞ ആക്ഷേപത്തിന് മറുപടിയായി ഞങ്ങൾ തിരുവനന്തപുരത്തിനുവേണ്ടി ഇങ്ങനെ ഒരു പദ്ധതിക്കായി തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിന് നോഡൽ ഓഫീസറുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ട് ബാക്കി ഇൻവെസ്റ്റേഴ്സുമായി ചർച്ച തുടങ്ങിയിരിക്കുന്നു എന്ന് പറഞ്ഞതാണ്. അത്രയേയുള്ളൂ. ബാക്കിയുള്ളത് ഇനി വേണ്ടിവന്നുകഴിഞ്ഞാൽ.....

ശ്രീ. വി. ഡി. സതീശൻ: സർ.......(മൈക്ക് ഓഫ്)

ഡോ. ടി. എം. തോമസ് ഐസക്: സർ, എന്നാണോ അർത്ഥം? ബഡ്ജറ്റിന് പുതിയ നിർവ്വചനം കൊണ്ടുവരണ്ട. പ്രസംഗിക്കുമ്പോൾ ബഡ്ജറ്റിലുള്ള കാര്യം, നിങ്ങൾക്കാണെങ്കിൽ ബഡ്ജറ്റിലില്ലാത്ത എല്ലാ കാര്യത്തെക്കുറിച്ചും പറയാം. അപ്പോൾ അതിനുള്ള മറുപടിയായി ഇങ്ങനെ ഒരു കാഴ്ചപ്പാട് വ്യക്തമാക്കുന്നതിനുവേണ്ടി പറഞ്ഞതാണ്. ഇതിൽ മലപ്പുറം ജില്ലയിൽ കിഫ്ബി പ്രവൃത്തികൾ, കിഫ്ബിക്ക് പുറത്തുള്ള വിദ്യാഭ്യാസ കാര്യങ്ങൾ, ടൂറിസം, പൊതുമരാമത്ത് പ്രവൃത്തികൾ എന്നിവയ്ക്ക് 5071 കോടി

രൂപയുണ്ട്. കുടിവെള്ളത്തിന് ഞാൻ ഉറപ്പിച്ചുപറയുന്ന 300 കോടി രൂപയെങ്കിലും വരും. ചീക്കോട് പദ്ധതിക്കുതന്നെ വരുമല്ലോ 200 കോടി രൂപ. ഇതാണ് മലപ്പുറത്തുള്ളത്. എവിടെയെന്നോ? വേണ്ടാത്തവർ വേണ്ടാന്നുപറഞ്ഞാൽ ഞാൻ അത് പിൻവലിച്ചുകൊള്ളാം. കുഴപ്പമില്ല. വേണ്ടായെന്ന് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അങ്ങനെ പറഞ്ഞാൽ മതി. നമുക്ക് തിരിച്ചെടുക്കാം. ശ്രീ. എം. ഉമ്മർ ചോദിച്ച പ്രശ്നത്തിലേയ്ക്ക് കടക്കാം. ധാരാളം പുതിയ ആവശ്യങ്ങൾ എം.എൽ.എ.-മാർ അവരുടെ പ്രസംഗങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ അനിശ്ചിതാവസ്ഥയുടെ പശ്ചാത്തലത്തിൽ ഏപ്രിൽ മാസത്തിൽ മാത്രമേ അവ പരിഗണിക്കാൻ സാധിക്കൂ. ഞാൻ പറഞ്ഞല്ലോ, കേന്ദ്ര സർക്കാർ എങ്ങനെ ചെയ്യാൻ പോകുന്നുവെന്ന് നോക്കിയിട്ടുവേണം അത് ചെയ്യാൻ. ഈ സാമ്പത്തിക സ്ഥിതിയെ വിലയിരുത്തി അടുത്ത വർഷത്തെ ആദ്യ സപ്ലിമെന്ററി ഡിമാന്റിൽ ആയിരം കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുവാദം നൽകുന്നതാണ്. ടോക്കൺ പ്രൊവിഷൻ വച്ചിരിക്കുന്ന പ്രവൃത്തികളാണ് ഇതിലുൾപ്പെടുത്തുക. സമർപ്പിച്ചിട്ടുള്ള 20 പ്രവൃത്തികളിൽ ഏതെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടുത്തുന്നതാണ്. ഏതെങ്കിലും എം.എൽ.എ.-ക്ക് രണ്ട് കോടി രൂപയിൽ

താഴെയാണെങ്കിൽ, എനിക്ക് തോന്നുന്നു എല്ലാവർക്കും ശരാശരിയേക്കാൾ കൂടുതൽ വന്നിട്ടുണ്ട്. ഒരാൾ ഒരു കോടി രൂപ എന്ന് ഇവിടെ പറഞ്ഞതുകൊണ്ട് ....(...ബഹളം....) ഞാൻ പറയട്ടെ, പറഞ്ഞുതീർക്കട്ടേ. (...ബഹളം....) നിശ്ചയമായിട്ടും ആ കുറവ് പരിഹരിച്ചുകൊടുക്കുന്നതായിക്കും. അപ്രോച്ച് റോഡിന്റെ പണി തീരാത്തതുകൊണ്ട് അനിശ്ചിതമായി നീളുന്ന പാലങ്ങളെക്കുറിച്ച് ശ്രീ. അനൂപ് ജേക്കബ്, ശ്രീ. സി. മമ്മൂട്ടി, ശ്രീ. കെ. യു. ജനീഷ് കുമാർ ഉൾപ്പെടെയുള്ള അംഗങ്ങൾ പറയുകയുണ്ടായി. ഇത്തരം പാലങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നതാണ്. 2019-20-ലെ ബഡ്ജറ്റിൽ ഇരുപത് ശതമാനം വകയിരുത്തിയ പ്രവൃത്തികൾക്ക് ഇനിയും അനുവാദം നൽകിയിട്ടില്ലെന്ന് ശ്രീ. പി. ജെ. ജോസഫ് അടക്കം ഉന്നയിക്കുകയുണ്ടായി. ഇരുപത് ശതമാനം വകയിരുത്തിയ എല്ലാ പദ്ധതികൾക്കും അനുവാദം നൽകുന്നതാണ്. ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തിന്റെകൂടി സാന്നിദ്ധ്യത്തിൽ നമുക്ക് ഔപചാരികമായി ചർച്ച ചെയ്യാം.

ശ്രീ. പി. ജെ. ജോസഫ്: സർ, തൊടുപുഴ-കാരിക്കോട്-അഞ്ചിരി-ആനക്കയം-കാഞ്ഞാർ റോഡിന് പത്ത് കോടി രൂപ കിഫ്ബിയിൽ

ഉൾപ്പെടുത്തി അംഗീകാരം നൽകി. ഒൻപത് മീറ്റർ വീതി ഇപ്പോഴുണ്ട്. റോഡ് വിഡ്ത്ത് അഞ്ചര മീറ്റർ മതി. ധാരാളം സ്ഥലം അവിടെയുണ്ട്. പത്ത് മീറ്റർ അക്വയർ ചെയ്യണമെങ്കിൽ മൂന്ന് കൊല്ലമെടുക്കും. റോഡ് വിഡ്ത്തുള്ളതുകൊണ്ട് പ്രവൃത്തി ചെയ്താൽ പോരെ; പത്ത് മീറ്റർ പിന്നീട് എടുത്താൽ പോരെ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കിഫ്ബി പ്രോജക്ടുകൾ അതിന്റെ മാനദണ്ഡങ്ങൾ ലംഘിക്കുന്നതല്ല. എന്നാൽ ഇങ്ങനെ ഭൂമി ഏറ്റെടുക്കുന്നതിന് ഇപ്പോൾ ശ്രീ. പി. ജെ. ജോസഫ് പറഞ്ഞതുപോലെ നീണ്ട സമയം വരുന്നതുകൊണ്ട് കിഫ്ബിയിൽതന്നെ അതിന്റെ മെയിന്റനൻസ് നടത്തി, ഇനിയിപ്പോൾ മെയിന്റനൻസ് നടപ്പാക്കുന്നത് മോശമാകുമെന്നല്ല പറഞ്ഞത്, ആ രീതിയിൽ പരിഹാരം കാണാവുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ എല്ലാ എം.എൽ.എ.-മാരും ഉന്നയിച്ച ബേസിക്കായ ഒരു കാര്യത്തെപ്പറ്റി അങ്ങ് സ്പഷ്ടമായി പറഞ്ഞില്ല. പ്രതിപക്ഷ എം.എൽ.എ.-മാർ കൊടുത്ത ഇരുപത് വർക്കുകൾ, അങ്ങ് പറഞ്ഞിട്ടാണ് ഞങ്ങൾ തന്നത് ഇല്ലെങ്കിൽ തരില്ലായിരുന്നു. ഇരുപത് വർക്ക് നൽകിയിട്ട്, ഞാൻ എന്റെ അനുഭവം ഇവിടെ പറഞ്ഞു. ഇവിടെയിരിക്കുന്ന ഭരണപക്ഷം പ്രതിപക്ഷ എം.എൽ.എ.-മാരുടെയും വർക്കുകൾ

ഉൾപ്പെടുത്തിയിട്ടില്ല. അതാണ് ഞങ്ങളുടെ പ്രശ്നം. അതേസമയം അങ്ങ് ഭരണകക്ഷി എം.എൽ.എ.-മാരുടെ കാര്യത്തിൽ ആ നിലപാടല്ല സ്വീകരിച്ചത്. അതുകൊണ്ട് ഞങ്ങളുടെ ഇരുപത് വർക്കുകൾകൂടി പ്രയോറിറ്റി അടിസ്ഥാനത്തിൽ ഉൾപ്പെടുത്താൻ തയ്യാറുണ്ടോ ? (...ബഹളം....)

ഡോ. ടി. എം. തോമസ് ഐസക്: സർ, എല്ലാ എം.എൽ.എ.-മാർക്കും ഏറ്റവും ചുരുങ്ങിയത് രണ്ട് കോടി രൂപ വച്ച് കൊടുത്തിട്ടുണ്ട്. പല പ്രതിപക്ഷ എം.എൽ.എ.-മാർക്കും അതിനേക്കാൾ കൂടുതൽ കൊടുത്തിട്ടുണ്ട്. ശ്രീ. പി. കെ. ബഷീറിനുമുണ്ട്. അത് എന്നെക്കൊണ്ട് വെറുതേ പറയിപ്പിക്കല്ലേ.

ശ്രീ. പി. കെ. ബഷീർ: സർ,.....(മൈക്ക് ഓഫ്)...

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുള്ള മറുപടി പറഞ്ഞുതീർക്കട്ടെ. ഇനി എന്തെങ്കിലും കുറവുണ്ടെങ്കിൽ ആയിരം കോടി രൂപ സപ്ലിമെന്ററി ഡിമാൻഡിൽ നമ്മൾ വയ്ക്കും. ആരുടെയെങ്കിലും ടോക്കൺ പ്രൊവിഷൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അതും ഉൾപ്പെടുത്തും. അങ്ങനയേ ചെയ്യാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഇവിടെനിന്ന് വേറെയൊന്നും പറയാൻ കഴിയില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങൾ സ്പെസിഫിക്കായിട്ടാണ്

പറഞ്ഞത്. പ്രതിപക്ഷ എം.എൽ.എ.-മാർക്കെല്ലാം പരാതിയുണ്ട്. അപ്പുറത്തിരിക്കുന്ന ആളുകൾക്ക് നിങ്ങൾ കിഫ്ബിയിൽ വാരിക്കോരി കൊടുക്കുന്നു എന്നുപറയുന്നു. നടക്കുന്നതായിട്ട് എനിക്ക് അറിയില്ല. അപ്പോൾ ഞങ്ങളോടുള്ള അവഗണന, അത് ശരിയല്ല. അങ്ങ് തിരുത്താൻ തയ്യാറാകണം. അങ്ങനെയുണ്ടെങ്കിൽ ഞങ്ങളോട് ഈ ഇരുപത് വർക്കുകൾ ചോദിക്കാൻ പാടില്ലായിരുന്നു. (...ബഹളം....)

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു കാര്യം പറയാം. (...ബഹളം....) വക്കം മൗലവി ഫൗണ്ടേഷൻ, ഫിലിംസ് സൊസൈറ്റീസ് ഫെഡറേഷൻ, ആറന്മുള വാസ്തുവിദ്യാ ഗുരുകുലം എന്നിവയ്ക്കുള്ള ഗ്രാന്റുകൾ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണ്. കണ്ണൂരിലെ ക്ഷേത്ര കലാ അക്കാഡമിക്കും ഊരാളി പാട്ടുസംഘത്തിനും പത്ത് ലക്ഷം രൂപ വീതം അനുവദിക്കുന്നു. കേരള ഒളിമ്പിക്സ് അസോസിയേഷന് അൻപത് ലക്ഷം രൂപ അനുവദിക്കുന്നു. തൃശ്ശൂരിലെ ഗുരുസങ്കേതത്തിന്റെ പുനരുദ്ധാരണത്തിനായി 2018-19-ൽ നീക്കി വച്ച തുക തെക്കേ മഠത്തിന്റെ പുനരുദ്ധാരണത്തിനാണെന്ന് സ്പഷ്ടീകരിക്കുന്നു. പ്രേംജിയുടെ വസതി സ്മാരകമായി ഏറ്റെടുക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തുന്നു.

(തലസ്ഥാനജില്ലയോടും പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളോടുമുള്ള അവഗണനയിൽ പ്രതിഷേധിച്ച് പ്രതിക്ഷാംഗങ്ങൾ സഭയിൽനിന്ന് ഇറങ്ങിപ്പോയി.)

മി. സ്പീക്കർ: ഇതിപ്പോൾ എന്താണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഉഴവൂരിലെ കെ. ആർ. നാരായണൻ സ്മാരകത്തിന് ഒരു കോടി രൂപ അനുവദിക്കുന്നു. ആര്യനാട് വിനോബാ മ്യൂസിയത്തിന്റെ നവീകരണത്തിന് ഇരുപത്തിയഞ്ച് ലക്ഷം രൂപ അനുവദിക്കുന്നു. കുന്നമ്മാവ് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ സ്മാരകത്തിന് സഹായം അൻപത് ലക്ഷം രൂപയായി ഉയർത്തുന്നു. പൊന്നാനിയിലെ മൈനോരിറ്റി കോച്ചിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി ഒരു കോടി രൂപ അനുവദിക്കുന്നു. ഡെപ്യൂട്ടി സ്പീക്കറുടെ അഭ്യർത്ഥന മാനിച്ച് പ്രേം നസീർ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിന് ഒരു കോടി രൂപ അനുവദിക്കുന്നു. ഭാരത് ഭവന് രണ്ട് കോടി രൂപ വകയിരുത്തുന്നു. കേരള ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ വർക്കിംഗ് ക്യാപിറ്റലായി രണ്ട് കോടി രൂപയും മൈനോരിറ്റി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ഒരു കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയായ PMJVK-യുടെ സ്റ്റേറ്റ് ഷെയറായി 3.5 കോടി

രൂപയും വകയിരുത്തുന്നു. നാടകങ്ങൾക്കുള്ള ഗ്രാന്റ് അഞ്ച് ലക്ഷം രൂപ വീതമല്ല പരമാവധി അഞ്ച് ലക്ഷം രൂപയാണെന്ന് സ്പഷ്ടീകരിക്കുന്നു. പ്രൊഫഷണൽ നാടകങ്ങൾക്കും അവയുടെ മികവിന്റെ അടിസ്ഥാനത്തിൽ സഹായം നൽകാവുന്നതാണ്. ഇതിനുവേണ്ടി പരമാവധി ഒരു കോടി രൂപയിൽ കൂടുതൽ ഉപയോഗിക്കാൻ പാടുള്ളതല്ല. കേസരി മെമ്മോറിയൽ ട്രസ്റ്റിന്റെ അധീനതയിലുള്ള സ്ഥലവും കെട്ടിടവും കേസരി എ. ബാലകൃഷ്ണപിള്ളയുടെ പേരിൽ കോളേജ് ആരംഭിക്കുന്നതിന് സർക്കാരിന് വിട്ടുതരാമെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ച് അടുത്ത ധനകാര്യ വർഷത്തിൽ തീരുമാനമെടുക്കുന്നതാണ്. KILA-യോട് ബന്ധപ്പെടുത്തി വിപുലമായ ഒരു അന്തർദേശീയ കൺവെൻഷൻ സെന്റർ; മുഖ്യമായി മുളയും മറ്റ് ബദൽ രീതികളും ഉപയോഗിച്ച് അതിന്റെ നിർമ്മാണം നടത്തും. നദീ പുനരുദ്ധാരണ ക്യാമ്പയിന്റെ പശ്ചാത്തലത്തിൽ തോട് ശുചീകരണ സങ്കേതങ്ങൾക്ക് അവസാനരൂപം നൽകാൻ ഹാക്കത്തോൺ സംഘടിപ്പിക്കുന്നതിന് അൻപത് ലക്ഷം രൂപ KILA-യ്ക്ക് അനുവദിക്കുന്നു. പല ഗ്രാൻ-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്കും യൂണിവേഴ്സിറ്റികൾക്കും നോൺ പ്ലാൻ കുറച്ചതായി പരാതികൾ വന്നിട്ടുണ്ട്. കേന്ദ്ര ധനസഹായത്തെക്കുറിച്ച് ഏപ്രിൽ-

മേയ് മാസത്തിൽ കൃത്യമായ ധാരണയുണ്ടാകുമ്പോൾ ഇവരുടെ ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമെടുക്കുന്നതാണ്. കേരള യൂണിവേഴ്സിറ്റി ലൈബ്രറിയുടെ നവീകരണത്തിനുവേണ്ടി പദ്ധതി തയ്യാറാക്കി സമർപ്പിച്ചാൽ പ്രത്യേക പരിഗണന നൽകുന്നതാണ്. രാത്രികാലത്തും വിദ്യാർത്ഥികളുടെ പഠന സങ്കേതമായി ലൈബ്രറി ഉയർത്തുന്നതിനാണ് പരിപാടി. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് മിനിമം എ പ്ലസ് നാക് അക്രഡിറ്റേഷൻ വേണമെന്ന് പറഞ്ഞിരുന്നു. ശതാബ്ദി കഴിഞ്ഞിട്ടുള്ള കോളേജുകൾക്ക് ഇതിൽ ഇളവുണ്ടാകും. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പുറക്കാട് ഏരിയയിലെ ആയുർവേദ സെന്ററിന് രണ്ട് കോടി രൂപ അനുവദിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ടാറ്റാ ട്രസ്റ്റിന്റെ സഹായത്തോടുകൂടി വിപുലമായ ട്രോമാകെയർ സെന്ററിന്റെ നിർമ്മാണം പൂർത്തിയായിവരികയാണ്. സ്റ്റിമുലേഷൻ രീതികളെ അടിസ്ഥാനമാക്കിയുള്ള ഈ പരിശീലന കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിന് പന്ത്രണ്ട് കോടി രൂപ അധികമായി അനുവദിക്കുന്നു. മഞ്ചേരി, കാസർഗോഡ്, ഇടുക്കി, വയനാട് മെഡിക്കൽ കോളേജുകളിലെ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽനിന്ന് പണം അനുവദിക്കണമെന്ന് അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇതിന് ഇന്ന് സബ്മിഷനിലൂടെ മറുപടി പറഞ്ഞുകൊണ്ട് വ്യക്തമാക്കിയതുപോലെ 2016-17-ലേയും 2017-18-ലേയും ബഡ്ജറ്റുകളിൽ ഇത് പ്രഖ്യാപിച്ചിട്ടുള്ളതാണ്. നടപടി ക്രമങ്ങൾ പാലിച്ച് പ്രോജക്ടുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അനുമതി നൽകും. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം 50 കോടി രൂപയായി ഉയർത്തുന്നു. നാളികേര വികസന കോർപ്പറേഷനും കേരള ഫീഡ്സിനും 2 കോടി രൂപ വീതം അധികമായി അനുവദിക്കുന്നു. ടൂറിസം വകുപ്പിന്റെ മാർക്കറ്റിംഗിനായി കൂടുതൽ പണം ലഭ്യമാക്കേണ്ട ആവശ്യം സംരംഭകരിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. അടുത്ത വർഷത്തെ ധനസ്ഥിതി കണക്കിലെടുത്ത് ഇതിൽ തീരുമാനമെടുക്കുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കുവേണ്ടിയുള്ള പത്തനംതിട്ട ജില്ലയിലെ സുബല പാർക്കിന് പട്ടികജാതി കോർപ്പസ് ഫണ്ടിൽനിന്നും പണം ലഭ്യമാക്കുന്നതാണ്. നിലമ്പൂർ ഉൾപ്പെടെയുള്ള പ്രളയബാധിത പ്രദേശങ്ങളിലെ വിവിധ ആവശ്യങ്ങൾക്ക് ഒട്ടേറെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയെല്ലാം റീ-ബിൽഡ് കേരളയിൽ നിന്നോ ഇപ്പോൾ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി അനുവദിച്ച് നീക്കിവച്ചിട്ടുള്ള തുകയിൽനിന്നോ കണ്ടെത്തുന്നതാണ്. പൊന്നാനി കുടിവെള്ള

പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിന്റെ തുടർച്ചയായി, 151 കോടി രൂപ രണ്ടാം ഘട്ടത്തിനും അംഗീകാരം നൽകുന്നതാണ്. ചീക്കോട് പദ്ധതി സംബന്ധിച്ച പ്രശ്നങ്ങൾ ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് പരിഹരിക്കുന്നതാണ്. നിയമന നിരോധനത്തെക്കുറിച്ചോ പെൻഷൻ പ്രായം ഉയർത്തുന്നതിനെക്കുറിച്ചോ സർക്കാരിന്റെ ആലോചനയിലില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ജോലികളിൽ മാത്രം 125000 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇതിൽ എയ്ഡഡ് സ്കൂളുകളോ കോളേജുകളോ പൊതുമേഖലാ സ്ഥാപനങ്ങളോ ഉൾക്കൊള്ളുന്നില്ല. 17614 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ ബഡ്ജറ്റിൽതന്നെ 1000 തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പിന്നെ എന്ത് നിയമന നിരോധനം? സ്കൂൾ മേഖലയിലെ നിയമനരീതിയെക്കുറിച്ച് ബഡ്ജറ്റിൽ പറഞ്ഞത് പൊതുവെ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. മാനേജ്മെന്റിന്റെ ഒരു നിയമനാവകാശത്തിന്മേലും സർക്കാർ കൈവച്ചിട്ടില്ല. ആകെ ചെയ്യാൻ ഉദ്ദേശിക്കുന്നത്, നിർണ്ണയിക്കപ്പെട്ട തോതിൽനിന്നും ഒരു കുട്ടി കൂടി വർദ്ധിച്ചാൽ ഒരു അധിക തസ്തിക സൃഷ്ടിക്കാമെന്ന വ്യവസ്ഥയെ ഇല്ലാതാക്കുമെന്ന് പറഞ്ഞതാണ്. ധനകാര്യ വകുപ്പിന്റെ നിർദ്ദേശമില്ലാതെ ഇറക്കിയിട്ടുള്ള ഒരു

എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്. തസ്തിക സൃഷ്ടിക്കുന്നതിന് ഈ ഉത്തരവിന് മുമ്പുണ്ടായിരുന്ന വർദ്ധനയുടെ എണ്ണം പുനഃസ്ഥാപിക്കും. ഇങ്ങനെ തസ്തിക സൃഷ്ടിക്കുമ്പോൾ സർക്കാരിന്റെ അംഗീകാരവും വേണം. ഇത് Right to Education നിയമത്തിന് വിരുദ്ധമല്ല. ഇത് കോടതിയിൽ പോകുന്നവർക്ക് അധികം താമസിയാതെ ബോദ്ധ്യപ്പെടുകയും ചെയ്യും. ബഡ്ജറ്റ് അവതരണവേളയിൽ സൂചിപ്പിച്ചതുപോലെ, പല സ്കീമുകളും അപ്രസക്തമായെങ്കിലും ജീവനക്കാർ അവിടെ തുടരുകയാണ്. കമ്പ്യൂട്ടറൈസേഷൻമൂലം പല ഉദ്യോഗതലങ്ങളിൽനിന്നും പല ഓഫീസുകളും അപ്രസക്തമായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാത്രമല്ല, വനിതാ-ശിശുവികസന വകുപ്പ്, കേരള വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളിൽ കൂടുതൽ ജീവനക്കാരെ ആവശ്യമുണ്ട്. ഇത്തരം വകുപ്പുകളിലേയ്ക്കാണ് പുനർവിന്യാസം നടത്താൻ ഉദ്ദേശിക്കുന്നത്. ഇന്ന് ഇവിടെ ഉന്നയിക്കപ്പെട്ട എല്ലാ കാര്യങ്ങളോടും ഞാൻ പ്രതികരിച്ചു കഴിഞ്ഞു. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇപ്പോൾ പലരും എഴുതിത്തന്നുകൊണ്ടിരിക്കുന്നത് അലോക്കേഷൻ കഴിഞ്ഞ വർഷത്തേക്കാൾ കുറവാണെന്നാണ്, സത്യം അതാണ്. നമ്മുടെ വരുമാനം ഈ

പറഞ്ഞതുപോലെ, കഴിഞ്ഞ വർഷത്തെ 'ബി'-യേക്കാൾ താഴെയായിരിക്കുമ്പോൾ, കഴിഞ്ഞ വർഷത്തേക്കാൾ പദ്ധതി അടങ്കൽ കുറയുമ്പോൾ ആനുപാതികമായി കുറയും. അതേസമയം ഞാൻ ഇപ്പോൾ വിശ്വസിക്കുന്നതുപോലെ നമ്മുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട് വന്നുകഴിഞ്ഞാൽ അത് പുനഃസ്ഥാപിക്കും. യൂണിവേഴ്സിറ്റികൾക്ക് ശമ്പളം നൽകണ്ടേ; ശമ്പളം നൽകാതെ അവ തുറക്കാൻ കഴിയുമോ; അത് വർദ്ധിപ്പിക്കേണ്ടതായി വരും. അങ്ങനെ വർദ്ധിപ്പിക്കുന്നത് അടുത്ത വർഷത്തിൽ നൽകാവുന്നതാണ്.

ഈ ബഡ്ജറ്റിനെക്കുറിച്ച് പൊതുവെ നല്ല സ്വീകാര്യതയാണുള്ളത്. അതിന്റെ മുഖചിത്രം മുതൽ കവിതകൾ വരെ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ബില്ല്യൻ പ്രസ്സുകാർ അതിന്റെ കവർ ചിത്രങ്ങളെക്കുറിച്ച് ഒരു ലേഖനംതന്നെ ആവശ്യപ്പെട്ടിരിക്കുകയാണ്. നമ്മുടെ ജെന്റർ ബഡ്ജറ്റിന്റെ ചിത്രം ഇന്ന് അന്തർദേശീയ പ്രശസ്തിയിലേയ്ക്ക് വന്നിട്ടുണ്ട്. 9-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി സ്ത്രീകളുടെ കാണാപ്പണികളെ എങ്ങനെയാണ് കാണുന്നത് എന്നുള്ളതിന് വലിയൊരു ചർച്ച, അതുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. ഗാന്ധി വധത്തിന്റെ, ആ ചിത്രം നമ്മുടെ വിവരണത്തേക്കാൾ വളരെ ആഴത്തിൽ

ആളുകളുടെ മനസ്സിൽ തറപ്പിച്ചു, എന്താണ് ഇന്നത്തെ രാഷ്ട്രീയം എന്നുള്ളത്. ഇന്നത്തെ രാഷ്ട്രീയത്തിന്റെ പ്രതിഫലനമാണ് ഡൽഹി ഇലക്ഷനിൽ നമ്മൾ കാണുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, എവിടെയെല്ലാം ബി.ജെ.പി.-യ്ക്ക് ബദലായി Credible opposition ഉണ്ടോ അവിടെയെല്ലാം ജനങ്ങൾ കൂടെ നിൽക്കാനായി തയ്യാറാണ്. കോൺഗ്രസും അതിൽനിന്നും പാഠങ്ങൾ പഠിക്കുമെന്ന് നമുക്ക് കരുതാം. പക്ഷേ, പോക്ക് കണ്ടിട്ട് അങ്ങനെ പഠിക്കാനുള്ള സന്നദ്ധതയല്ല തെളിയുന്നത്. ഏതായാലും ഒരു കാര്യം വളരെ വ്യക്തമാണ്. എന്തുകൊണ്ടാണ് ഡൽഹിയിൽ ഇത്രയും വലിയ വിജയത്തിലേയ്ക്ക് വന്നത്? ഡൽഹിയിലെ ഭരണവും ഭരണനേട്ടങ്ങളും ജനങ്ങൾക്ക് സ്വീകാര്യമായിട്ടുണ്ട്. അത് വലിയൊരു ഫാക്ടറാണ്. അത് മാത്രമാണ് ഘടകമെന്ന് ആവശ്യപ്പെടാൻ സാധിക്കില്ല. വോട്ട് ചെയ്തിട്ടുള്ളവർ, രാഷ്ട്രീയ അടിസ്ഥാനത്തിന്റെ ബദൽ ഇതാണ്, അതുകൊണ്ടാണ് അങ്ങോട്ട് വോട്ട് ചെയ്തിരിക്കുന്നത്. എന്താണ് ഇടതുപക്ഷത്തിന് വോട്ട് കുറഞ്ഞത്. എനിക്ക് യാതൊരു സംശയവുമില്ല. അവിടെയുള്ള ഇടതുപക്ഷക്കാർ എന്തുവന്നാലും ബി.ജെ.പി.-യെ തോൽപ്പിക്കണം അപ്പുറത്തെ AAP-യെ ജയിപ്പിക്കണമെന്ന രാഷ്ട്രീയമുണ്ട്. അതിനോടൊപ്പംതന്നെ അവിടെയുള്ള സർക്കാരിന്റെ

പ്രവർത്തനത്തിന്റെ മികവും. ആ ആത്മവിശ്വാസമാണ് ഇടതുപക്ഷ സർക്കാരിനുള്ളത്. ഈ ബഡ്ജറ്റിന്റെ ആമുഖത്തിൽ പറഞ്ഞതുപോലെ, 4 വർഷംകൊണ്ട് ഏത് മേഖലയെടുത്താലും Physical achievements -ന് നമ്മൾ കഴിഞ്ഞ സർക്കാരിനെ മറികടന്നുകഴിഞ്ഞു. ഈയൊരു വർഷത്തേത് ബോണസാണ്. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ ജനങ്ങളെ സമീപിക്കാൻ പോകുന്നത്. പക്ഷേ അതിനുമപ്പുറം ശരിയായ രാഷ്ട്രീയവും രാഷ്ട്രീയ നിലപാടുമുണ്ട്. ആ രാഷ്ട്രീയ നിലപാട് യു.ഡി.എഫ്.-നെ കൂടുതൽ ഒറ്റപ്പെടുത്തുന്നുവെന്നുള്ള പരിഭ്രാന്തിയിൽനിന്നും എന്തെല്ലാം കോപ്രായങ്ങളാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. ഇതൊക്കെ ജനങ്ങളുടെ മുമ്പിൽ കണ്ണടയ്ക്കുന്നത് ജനങ്ങളിൽനിന്നും ഒറ്റപ്പെടുത്തുകയേയുള്ളൂ. അതുകൊണ്ട് അടുത്തവർഷത്തേയ്ക്ക് തികഞ്ഞ ആത്മവിശ്വാസത്തോടുകൂടി ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് പോകാൻ കഴിയുന്ന ഒരു ബഡ്ജറ്റാണ്. ഇതിൽ ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. രേഖയിൽ വരുന്നതിനുവേണ്ടി അതുകൂടി പറയുകയാണ്. റവന്യൂ വരവ് 1,14,635 കോടി രൂപ, റവന്യൂ ചെലവ് 1,29,837 കോടി രൂപ, റവന്യൂ കമ്മി -15,201, മൂലധന ചെലവ് തനി -10,863, വായ്പകളും മുൻകൂറുകളും തനി -1230, പൊതുകടം തനി 24,491 കോടി രൂപ, പൊതു കണക്ക് തനി 4,750, ആകെ കമ്മി -63.47,

വർഷാരംഭ രൊക്കബാക്കി 317.8, വർഷാന്തര രൊക്കബാക്കി -371.2, ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് -632.9, നികുതിയിളവുകൾ ഇല്ല, അധിക വിഭവസമാഹരണം 1103, വർഷാന്തര രൊക്കബാക്കി 98.8, ഇപ്പോൾ സഭയിൽ പ്രഖ്യാപിച്ച അധിക ചെലവ് 61.48 കോടി രൂപയാണ്, ഇപ്പോൾ സഭയിൽ പ്രഖ്യാപിച്ച അധിക വിഭവ സമാഹരണം ഇല്ല, വർഷാന്തര രൊക്കബാക്കി 37.32 കോടി രൂപ. ബഡ്ജറ്റ് എല്ലാവരും അംഗീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.